# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧ | ൧൧൦൦ മകരം ൨൦-ാംനു- തിങ്കളാഴ്ച. | ലക്കം ൨൦.


THOMAS MEMORIAL PUBLIC LIBRARY K. JACOB MANNARGHAT

## Snapshots.



ഇടത്തുനിന്നും വലത്തോട്ട്

മുകളിൽ. (1) അമ്പലപ്പുഴ കൃഷ്ണസ്വാമിക്ഷേത്രം (2) ടി ക്ഷേത്രത്തിന്റെ വേറൊരുവശം.

നടുവിൽ. (1) അമ്പലപ്പുഴ ക്ഷേത്രത്തിലെ സ്വർണ്ണധ്വജം. (2) വർക്കല ശിവഗിരിയിലെ ശാരദാക്ഷേത്രം. (3) അമ്പലപ്പുഴക്ഷേത്രത്തിന്റെ മുൻവശം. (4) ചങ്ങനാശ്ശേരി സുമാർഗ്ഗപ്രദായിനി നടനസഭ അഭിനയിച്ച ഒരു നാടകത്തിലെ യാചകവേഷധാരികൾ

(By P. J. Kunjeria.)

അടിയിൽ. (1) അമ്പലപ്പുഴക്ഷേത്രംവക ഗോശാല. (3) അവിടത്തെ ഒരു കാള. (2) ഈയംപൂശുന്ന രണ്ടുബാലന്മാർ

# ഗദ്യകവിത.

എസ്സ്. ശങ്കരവാര്യർ ബി. എ. ബി. എൽ.

വൃത്തനിയമത്തെ ലംഘിക്കാതെ കവിതയെഴുതുന്നതിന് സുദുസ്തരമായ ഒരു ദുർഘടം ഉണ്ട്. കവിയുടെ ആശയം ഒരു പദ്യത്തിന്റെ നടുക്കുവച്ചു അവസാനിച്ചുപോയാൽ വല്ലവിധവും ആ പദം മുഴുപ്പിക്കേണ്ടഭാരത്തെ വൃത്തനിയമം അദ്ദേഹത്തിന്റെ ചുമലിൽ ആരോപിക്കുന്നു. അത്ഥാന്തരന്യാസമെന്ന അലങ്കാരത്തിന്റെ ആവിർഭാവംതന്നെ ഈവിഷമതയ്ക്കു ഒരുപരിഹാരമായിട്ടല്ലായിരുന്നുവോ എന്നു എനിക്കു പ്രബലമായ സംശയം ഉണ്ട്. ഈ വിഷമതയിൽനിന്നു രക്ഷപ്രാപിക്കാനുള്ള ഒരുമാർഗ്ഗമായിട്ട് ആ അലങ്കാരം ഇക്കാലത്തു പരിണമിച്ചിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവും വേണ്ടാ. "തുഹിചസ്സുഹവൈപാദപൂരണേ" എന്നുള്ള അമരസിംഹവചനം കവികൾക്കു ഒരനുഗ്രഹമാണ്. "അച്ഛസിധാങ്കണത്തിങ്കലൊഴുകിതേ" എന്നവരിയിലെപ്പോലെ മലയാളത്തിലും "തേ" എന്ന ഒരു നിരത്ഥാക്ഷരം പാദപൂരണാവശ്യം നിറവേററിവരുന്നു. "തുംഗസ്തനാക്രമണമുഷ്ക്കൊറായ്കൊാലേ" എന്നതിലെപ്പോലെയുള്ള "ഏ"യും ഏതാണ്ടു ഈ ഉപയോഗം തന്നെ സാധിക്കുന്നു. ഒരു പദ്യത്തിൽഅടങ്ങാത്തവിധം ദീർഘമായ ഒരാശയം പ്രകാശിപ്പിക്കുന്നതിനും കവിയ്ക്കു ബുദ്ധിമുട്ടു നേരിടുന്നു. "ദ്വാഭ്യാം യുഗ്മമിതിപ്രോക്തം ത്രിഭിഃശ്ലോകൈർവിശേഷകം, കലാപകം ചതുർഭിഃസ്യാത്തദൂർദ്ധ്വംകുളകംസ്മൃതം" എന്ന പ്രമാണപ്രകാരം എത്രശ്ലോകങ്ങൾ ഒരുമിച്ചുവേണമെങ്കിലും അന്വയിക്കുന്നതിനു വിരോധമില്ല. പക്ഷെ ഒരുപദ്യത്തിന്റെ ഇടയ്ക്കുവച്ചുനിറുത്താൻ നിവൃത്തിയില്ലാത്തതുകൊണ്ടു ഈ പ്രമാണംകൊണ്ടും ആദ്യം പറഞ്ഞ പ്രതിബന്ധം പരിഹരണീയമല്ല. ദ്രാവിഡവൃത്തങ്ങളുടെ കാര്യത്തിലും മുകളിൽ പറഞ്ഞിട്ടുള്ള രണ്ടു വൈഷമ്യങ്ങളും അനുഭവപ്പെടും. ഒരു ശീലിന്റെ മദ്ധ്യത്തുവച്ചുനിറുത്താൻ പാടില്ല എന്നുള്ള നിയമമാണു ഇവിടെ പ്രവത്തനത്തിൽ വരുന്നതു്.

"ആശയത്തിന്റെ ദൈർഘ്യം അനുസരിച്ചു വൃത്തങ്ങൾ സ്വീകരിച്ചാൽ പൂർവോക്തമായ രണ്ടു വിഷമതകളും ഒഴിവാക്കാൻ വയ്യേ?" എന്നൊരുചോദ്യത്തിനു ഇവിടെ അവകാശംഉണ്ട്. അതു കണിശത്തിനു വൃത്തം തിരഞ്ഞെടുക്കുവാൻ പ്രയാസമാണെന്നുള്ളതു് പ്രസ്പഷ്ടമാണു എന്നുമാത്രമല്ല, ഒരു വികാരത്തെയോ ചിന്തയെയോ അനുഭൂതിയെയോ തുടച്ചയായി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഇടയ്ക്കിടയ്ക്കു ആശയത്തിന്റെ ദൈർഘ്യത്തെമാത്രം ആസ്പദമാക്കി വൃത്തംമാററുന്നതു കലാസംബന്ധമായ ഒരു തെററാകുന്നു എന്നാണു അഭിജ്ഞമതം. വികാരത്തിനോ ചിന്തയ്ക്കോ അനുഭൂതിയ്ക്കോ ഒരു വ്യതിയാനം ഉണ്ടാകാത്തിടത്തോളംകാലം വൃത്തഭേദം അസമഞ്ജസമായിരിക്കും. പക്ഷെ അങ്ങനെ ഒരു വ്യതിയാനം ഉണ്ടെങ്കിൽ വൃത്തഭേദം ഏററവും സമുചിതവുമാണ്. ദശരഥൻ നായാട്ടിനായി വനത്തിൽഎത്തി അവിടെയും ഇവിടെയുംഓടിനടന്നു മൃഗങ്ങളെ വധിക്കുന്നതിനെപ്പററി വണ്ണിക്കുമ്പോൾ കാളിദാസൻ രഘുവംശത്തിൽ ഭിന്നവൃത്തങ്ങൾ സ്വീകരിച്ചിരിക്കുന്നതു ഇപ്രകാരമുള്ള ഔചിത്യത്തിനു ഒരു ഉദാഹരണമായിട്ടെടുക്കാം. ആയതുകൊണ്ടു ആശയത്തിന്റെ നിളത്തിനനുസരിച്ചു വൃത്തം തിരഞ്ഞെടുക്കുന്നതു എപ്പോഴും അഭിലഷണീയമായിരിക്കയില്ല എന്നുവരുന്നു. ദ്രാവിഡവൃത്തങ്ങളുടെ കാര്യത്തിലാണെങ്കിൽ വേറെയും ഒരു ബുദ്ധിമുട്ടുണ്ട്. ഒരേവികാരം വണ്ണിക്കുന്നതിനിടയ്ക്കു കുറെവരികൾ കേകയിലും പിന്നെചിലവരികൾ പാനമട്ടിലും വേറെചിലവരികൾ താരാട്ടിന്റെ മട്ടിലും എഴുതിയാൽ എത്ര വിചിത്രമായിരിക്കുമെന്നു എടുത്തുപറയേണ്ട ആവശ്യമില്ല

ഇതിനുംപുറമേ ഗുരുലഘുക്രമം, മാത്ര, അക്ഷരസംഖ്യ ഇവയിൽ ഒന്നോ അതിലധികമോ എണ്ണത്തെ ആധാരമാക്കി രചിക്കപ്പെട്ടിട്ടുള്ള വൃത്തങ്ങളുടെ നിയമം പാലിക്കുവാനും കുറെ ബുദ്ധിമുട്ടുണ്ട്. ഈ സംഗതി ഒരു ഉദാഹരണംകൊണ്ടു വ്യക്തമാക്കാം.

"പത്തായംപെറും, ചക്കികുത്തും, അമ്മവയ്ക്കും, ഞാനുണ്ണും" എന്നു ഒരു ചൊല്ലുണ്ടല്ലോ. ഒരു കവി ഇതിനെ ഏതാണ്ടു് ഇങ്ങനെ പദ്യത്തിലാക്കിയിരിക്കുന്നു

"പത്തായമുണ്ടുപെറുവാ,നതുകുത്തുവാനി-<br>
ല്ലാത്താദരാൽതൊഴിലെടുപ്പൊരുചക്കിയുണ്ടു<br>
മുത്താൻവയ്ക്കുവതിനമ്മയുമുണ്ടു,തുണ്ണാ-<br>
നിത്താനുമുണ്ടിതിവചസ്സുവനൊന്നിരുന്നു."

ലളിതമായഭാഷയിലുള്ള ചൊല്ലിനെ പദ്യമാക്കിയപ്പോൾ പ്രയോഗിക്കേണ്ടിവന്നിട്ടുള്ള അനാവശ്യപദങ്ങളുടെ കഥയോ പോകട്ടെ. ആ ചൊല്ലിനെ വ്യാഖ്യാനിച്ചു അതിന്റെ ജീവൻ നശിപ്പിച്ചിരിക്കുന്നതു സഹൃദയന്മാക് എങ്ങിനെ സഹിക്കാം? പദ്യത്തിൽതന്നെ എഴുതണമെന്നുള്ള നിർബ്ബന്ധംകൊണ്ടല്ലേ ഈ തകരാറുകൾ വന്നുകൂടിയതു്? ഇവിടെ കവി വൃത്തശൃംഖലയാൽ ബദ്ധനായിരിക്കുന്നു; അദ്ദേഹത്തിനു യഥേഷ്ടം എഴുതുവാൻ സ്വാതന്ത്ര്യമില്ല, അതുകൊണ്ടത്രേ ഇപ്രകാരമുള്ള അസ്വാരസ്യങ്ങൾ കടന്നുകൂടുന്നതു്.

വൃത്തനിയമംപാലിക്കേണ്ടിവരുന്നതുകൊണ്ടു മററും അനേകം ദോഷങ്ങൾ വന്നുഭവിക്കാറുണ്ട്. "ഉപമാകാളിദാസസ്യ ഭാരവേരത്ഥഗൌരവം ദണ്ഡിനഃപദലാളിത്യംമാഘേസന്തിത്രയോഗുണാഃ" എന്നു പ്രശസ്തനായ മാഘകവിപോലും "ഹിരണ്യകശിപു" എന്നു പറയേണ്ടതിനു പകരം "ഹിരണ്യപൂർവംകശിപുംപ്രചക്ഷതേ" എന്നു എഴുതിപ്പോയതു വൃത്തബന്ധത്തിന്റെ ശക്തിതന്നെയല്ലേ? സകലസംഗതികളിലും ശ്രദ്ധയുള്ള കാളിദാസകവീശ്വരൻപോലും പാതയാമാസ എന്നക്രിയയെ "തം പാതയാംപ്രഥമമാസപപാതപശ്ചാൽ" എന്നു "പാതയാം" "ആസ" എന്നു രണ്ടായിമുറിച്ചു രണ്ടിടത്തുകൊണ്ടുചെന്നെറിഞ്ഞിരിക്കുന്നു; ഇതും വൃത്തനിയമത്തിന്റെ കക്ശതയ്ക്കു ഒരു ഉദാഹരണമാണ്. നമ്മുടെ ഭാഷയിലേക്കു കടന്നാൽ ഈവക ദോഷങ്ങൾ സുലഭമാകുന്നു. "ഓതിനീണ്ടജടയുംനഖങ്ങളും ഭൂതിയുംചിരതപസ്വിയെന്നതും" എന്നമാതിരിയിലുള്ള ദുരാന്വയം, "പതഞ്ഞവെള്ളം പഥിവായിൽനിന്ന്," "പാവങ്ങൾതൻമൂർദ്ധനികല്ലിട്ടു" എന്നിങ്ങനെ പച്ചമലയാളത്തിന്റെ നെഞ്ചത്തു വിഭക്ത്യന്തസംസ്കൃതപദക്കല്ലുവയ്ക്കൽ; "ചോപ്പാന്കണ്ണനുടെ കാറണിമാറിടത്തിൽ", "ത്വമപിപറയൊലാമതസ്വപതിടെന്നാമം" മുതലായവാക്കുകളുടെ വിരൂപീകരണം; "തൂവെള്ളിച്ചിലമ്പുകൾ", "പൂന്തണ്ണീരേന്തിനപുഴ" "പാഴ്ബ്രഹ്മഹത്യയുടയോൻ പുനരക്കപാലി" മുതലായവയിലെപ്പോലെ തൂ, പൂം, പാഴ് തുടങ്ങിയ അക്ഷരങ്ങളുടെ പ്രായേണ നിരർത്ഥപ്രായമായ സങ്കലനം; "ആത്താദരംമുനിമുറയ്ക്കുകഴിച്ചമംഗളത്താൽപ്രഭാവമികവാന്നരചൻഗമിച്ചാൻ",

"അവനുടെയുയിരിന്നുവാനിലേയ്ക്കു-<br>
റുവതിന്നാട്ടിയൊരേണിപോലെ-<br>
കാണായ്"

എന്നമട്ടിൽ വാക്കുകളുടെ നടുവൊടിക്കൽ,—ഇവയെല്ലാം വൃത്തബന്ധമാണ് പ്രധാനഹേതുവായിട്ടുള്ളതു്. ഞാൻ മുകളിൽ ഉദ്ധരിച്ചിട്ടുള്ള പദ്യശകലങ്ങൾ നമ്മുടെ മഹാകവികളുടെ കൃതികളിൽനിന്നാണ്. വശ്യവചസ്സുകളായ അവർപോലും ഇപ്രകാരം വിഷമിച്ചിരിക്കുന്നസ്ഥിതിക്കു സാധാരണന്മാരുടെ സ്ഥിതി എന്തായിരിക്കും?

മേൽ കാണിച്ചിട്ടുള്ളമാതിരിയെല്ലാം ശല്യംചെയ്യുന്ന വൃത്തനിയമത്തെ വച്ചുകൊണ്ടിരിക്കേണ്ടതു അത്യാവശ്യമാണോ എന്നു നമുക്കു ഇനിമേൽ ആലോചിക്കാം. പദ്യത്തിന്റെ ആഗമനംതന്നെ ഓർമ്മശക്തിയെ സഹായിക്കുന്നതിനായിരുന്നു എന്നു ചരിത്രകോവിദന്മാർ സമത്ഥിച്ചിട്ടുണ്ട്. അച്ചടിയുടെയുംമററും പ്രചാരംവന്നിരിക്കുന്ന ഇക്കാലത്തു ഇങ്ങനെ ഒരു കൃത്രിമവിദ്യഉപയോഗിച്ചു കൃതികൾ ഓർമ്മിച്ചുവയ്ക്കേണ്ട ആവശ്യമില്ല. അവയെ പുസ്തകരൂപത്തിൽ സൂക്ഷിച്ചാൽ മതി. ആയതുകൊണ്ടു ചാരിത്രികമായ കാരണത്താൽ വൃത്തബന്ധം നിർബന്ധിതമായി വച്ചുകൊണ്ടിരിക്കണമെന്നില്ല എന്നു സിദ്ധിക്കുന്നു. വൃത്തബന്ധംകൊണ്ടു സാധിക്കാവുന്ന മറെറാരു കാര്യം സംഗീതഗുണമാണ്. ഇതിനെ ഈണമെന്നപദംകൊണ്ടു ഞാൻ വ്യവഹരിക്കുന്നു. ഈ ഈണമാണ് പദ്യംവായിക്കുമ്പോൾ നമ്മെ ആഹ്ലാദിപ്പിക്കുന്ന ഒരു ബാഹ്യഘടകം. ഒരേഈണത്തിനു തുടരെ മനസ്സിനെ ആഹ്ലാദിപ്പിച്ചുകൊണ്ടിരിക്കാൻ സാധിക്കയില്ല എന്നുള്ളതു് മനഃശാസ്ത്രീയമായ ഒരു പരമാത്ഥമാകുന്നു. ഈ തത്വം ഗ്രഹിച്ചിട്ടുള്ളതുകൊണ്ടാണു പുരാതനാചാര്യന്മാർ പലതരംവൃത്തങ്ങൾ നിർമ്മിച്ചിട്ടു

ള്ളതു്. അവർ ഒരുകാവ്യത്തെ അനേകം സർഗ്ഗങ്ങളായി തിരിക്കയും ഓരോസർഗ്ഗത്തിലും അഥവാഅടുത്തടുത്തുള്ള സർഗ്ഗങ്ങളിൽ പ്രായേണ ഭിന്നവൃത്തങ്ങൾ സ്വീകരിക്കയും ചെയ്തിരിക്കുന്നതിന്റെ രഹസ്യവും ഇതുതന്നെ ഞാൻ ഒരുപടികൂടിമുന്നോട്ടു കടന്നുപറയുന്നതു ഒരേവൃത്തത്തിന്റെ ഈണം വളരെക്കാലം അനുഭവിക്കുന്ന ഒരു മനസ്സിനു അതിൽവിരക്തിതോന്നുമെന്നാണു്. അങ്ങനെയാകുമ്പോൾ വൃത്തബന്ധംകൊണ്ടുണ്ടാകുന്ന ആഹ്ലാദം—അതെത്രയെങ്കിലും തുച്ഛമായിരിക്കട്ടെ— ചിരപരിചയംകൊണ്ടു മനസ്സിനു അനാസ്വാദ്യമാകും. ഈ നിലയെത്തിയാൽ ആവൃത്തം പിന്നിട്ടു വച്ചുകൊണ്ടിരുന്നിട്ടു ഒരുകാര്യവുമില്ല. ഇന്നധാരാളം നടപ്പിലിരിക്കുന്ന വൃത്തങ്ങൾ ഇപ്രകാരം ഒരു ത്യാജ്യദശയിൽ എത്തിയിട്ടുണ്ടെന്നു എനിക്കു തോന്നുന്നു. ഈ സ്ഥിതിക്കു അവയെ പരിത്യജിക്കുന്നതുകൊണ്ടു തരക്കേടില്ല എന്നാണു എന്റെ അഭിപ്രായം. "ശരി, ഇപ്പോൾ ഉപയോഗത്തിലിരിക്കുന്നവൃത്തങ്ങൾ പരിത്യജിക്കാം പകരം നൂതനവൃത്തങ്ങൾ സ്വീകരിക്കുന്നതുകൊണ്ടു ഈ ദോഷം പരിഹർത്തവ്യമല്ലേ?" എന്നു ഇവിടെ ഒരു സംശയത്തിനുവകയുണ്ടു്. അങ്ങനെചെയ്യുന്നതിനു തരക്കേടൊന്നുമില്ല.

ഗദ്യകവിതഎന്ന നവീനപ്രസ്ഥാനം അംഗീകരിക്കുന്നപക്ഷം പുതിയപുതിയവൃത്തങ്ങൾ തേടിപ്പിടിക്കുന്നശ്രമംകൂടാതെ കഴിക്കാം. ഏതുവൃത്തബന്ധത്തിനും പൊതുവേയുള്ളവയും ഈ ലേഖനത്തിന്റെ ആദ്യഭാഗത്തുപ്രസ്താവിച്ചിട്ടുള്ളവയുമായ അസ്വാതന്ത്ര്യങ്ങളും വിഷമതകളും ഉണ്ടാകയില്ല. എന്നുമാത്രമല്ല ഒരു കൂട്ടിലടയ്ക്കപ്പെട്ടിരുന്ന കിളിയ്ക്കു വാനത്തു പറക്കാൻ സ്വാതന്ത്ര്യം ലഭിച്ചാലുള്ള അപാരമായ ആനന്ദം വൃത്തശൃംഖലാവിമുക്തനായകവിയ്ക്കു കൈവരുകയും ചെയ്യും.

കവിതയ്ക്കു വൃത്തബന്ധം ആവശ്യമില്ലെന്നുവന്നാൽ ആൎക്കും കവിതഎഴുതാമെന്നുവരികയും അങ്ങനെ കൊള്ളരുതാത്ത കവിതകൾ വർദ്ധിക്കയുംചെയ്യും എന്നൊരുശങ്ക ഇവിടെ സ്വാഭാവികമായി ഉത്ഭവിക്കുന്നു. എന്നാൽ അങ്ങനെ ദുഷ്കവിതകൾ അഥവാ ക്ഷുദ്രകവിതകൾ വർദ്ധിക്കയില്ലെന്നാണു എന്റെ വിചാരം. വൃത്തബന്ധത്തിലുള്ള ഒരു കവിത അതിന്റെ സംഗീതഗുണം ശബ്ദാലങ്കാരപ്രൌഢി മുതലായ ബാഹ്യഘടകങ്ങൾകൊണ്ടുമാത്രം പ്രചാരം സമ്പാദിച്ചേക്കാം.

"ചന്തംചിന്തുമനന്തകാന്തിപടലീ
 നീരന്ധ്റിതാശാന്തരാ
ചന്ദ്രംചന്ദനശീതളേനമൃദുഹാസം
 കൊണ്ടധഃകുർവ്വതീ
ചന്ദ്രാരാധനവേലകാണ്മതിനണി-
 ഞ്ഞാപൂൎണ്ണചന്ദ്രാനനാ
ചന്ത്രത്തിൽത്തകമുൎന്നിയച്ചിമലരിൽ
 ത്തന്വംഗിവന്നീടിനാൾ."

എന്നപദ്യം പ്രായേണസംഗീതഗുണംകൊണ്ടും,

"ഹൃദയ! സദാ യാദവതഃ
പാപാടവ്യാം ദൂരാസദായാ ദവതഃ
അരിസമുദായാദവത-
സ്ത്രിജഗന്മാഗാഃസ്മരേണ ദായാദവതഃ"

എന്നുതുടങ്ങുന്ന നളോദയകാവ്യം പാദാന്തയമകംകൊണ്ടുമല്ലേ നമ്മേവശീകരിക്കുന്നതു്? ഗദ്യകവിതയിലാകട്ടെ ഈ പൂച്ചുവിദ്യകൾ ഒന്നും ഫലിക്കയില്ല. അവിടെ കവിതയുടെ സത്തായഗുണംകൊണ്ടുമാത്രമേ കവിക്കു വിജയം സമാർജ്ജിക്കാൻ കഴികയുള്ളൂ. ഈസ്ഥിതിക്കു ക്ഷുദ്രകവിതകൾ ചവററുകുട്ടയിൽ താനെചെന്നടിഞ്ഞുകൊള്ളും; സൽക്കവിതകൾമാത്രം സാഹിത്യലോകത്തിൽ പ്രചരിക്കയും ചെയ്യും. ഇതു് ഏററവും കാമ്യമായ ഒരു സ്ഥിതിയാണെന്നുള്ളതു് സുസ്പഷ്ടമാകുന്നു. ഗദ്യകവിതാപ്രസ്ഥാനം നമ്മുടെ കവിതയെ ഈ ഉന്നതപദവിയിലേക്കു വഹിച്ചുകൊണ്ടുപോകുമെന്നുള്ളതിനാൽ നാം അതിനെ ശരണംപ്രാപിക്കുന്നതിനു ഒട്ടും അമാന്തിച്ചുകൂടാ.

ഇന്നു അമേരിക്ക ഇംഗ്ലണ്ടുമുതലായ പരിഷ്കൃതരാജ്യങ്ങളിൽ ഗദ്യകവിതാപ്രസ്ഥാനം പ്രചാരത്തിൽ ഇരിക്കുന്നുണ്ടു്. ഒരു സംഘംനിരൂപകന്മാർ അതിനെ അവരുടെ സർവ്വശക്തികളും ഉപയോഗിച്ചു എതിൎക്കുന്നുണ്ടെന്നുള്ള പരമാൎത്ഥവും ഇവിടെ മറച്ചുവയ്ക്കുന്നില്ല. എന്നാലും ഗദ്യകവിതപ്രതിദിനം അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടുതന്നെഇരിക്കുന്നു. അമേരിക്കയിലും ഇംഗ്ലണ്ടിലുമുള്ള പ്രധാനപത്രങ്ങളും മാസികകളും ഗദ്യകവിതകളെ ധാരാളമായി പ്രസിദ്ധീകരിക്കുന്നു. ഇംഗ്ലീഷറിയാവുന്നവരും വിവിധദേശരുംത്തായ ജനങ്ങളുടെ വിപുലമായ ഒരുസംഘം ഈ പ്രസ്ഥാനത്തെ സ്വാഗതംചെയ്യുന്നു. ഗദ്യകവിതയുടെ ദൈനികമായ അഭ്യുദയത്തെ പരിഗണിക്കുന്നപക്ഷം അനതിവിദൂരമായ ഭാവിയിൽ അതു പദ്യകവിതയെ ഗളഹസ്തംചെയ്യുമെന്നുകൂടി തോന്നിപ്പോകുന്നു. ഇംഗ്ലീഷുഭാഷയിലെപ്പോലെ ഈദൃശവും ശ്രേയസ്കരവുമായ ഒരു മാററം മലയാളത്തിലും ഉണ്ടാകണമെന്നുള്ള ആഗ്രഹംകൊണ്ടാണു ഞാൻ ഗദ്യകവിതയെപ്പററി ഇത്രയും പ്രസ്താവിച്ചതു്.

ഗദ്യകവിതയുടെ മാതൃക ഇംഗ്ലീഷുഭാഷാനഭിജ്ഞന്മാരായ വായനക്കാരെ കാണിക്കുവാൻവേണ്ടി ഇംഗ്ലീഷിൽനിന്നു ഒരു ചെറുഗദ്യകവിത വിവൎത്തനംചെയ്തു താഴെ ചേൎക്കുന്നു.

### അമരത്വം.

"ക്ലാന്തമുഖങ്ങൾ, വിശ്വദൎശനംചെയ്തിട്ടില്ലാത്ത കണ്ണുകൾ, വായുവിൽ നിവസിച്ചിട്ടില്ലാത്ത ശരീരങ്ങൾ, സംസാരിക്കാൻ ഉദ്യമിച്ചിട്ടില്ലാത്ത അധരങ്ങൾ—ഇവഛിന്നഭിന്നങ്ങളായി രാജവീഥിയെ നിരോധിക്കുന്നു.

അവകൂട്ടംകൂടി ജാജ്വല്യമാനങ്ങളായ കടകളുടെ ഇടയ്ക്കു ചുററിക്കറങ്ങി രക്തമാംസത്തിന്റേയും പക്വസസ്യങ്ങളുടേയും വെച്ചുവാണിഭക്കാരുടേയും സമീപത്തേയ്ക്കു പോകുന്നു; അല്ലെങ്കിൽ നിരങ്ങിനീങ്ങുന്ന ട്രാംവണ്ടികളുടെ മുമ്പിൽ തിരമാലകൾപോലെ കൂടുന്നു—ദയനീയം, വിരൂപം, നീചം, ഭാരഭൂതം.

അമരമോ? ഒരു വനത്തിൽ പന്നാലിലയിൽനിന്നു പന്നാലിലയിലേക്കു ചാഞ്ചാടുന്ന കിളിയുടെ നിഴൽനോക്കി രസിക്കുന്ന ഞാൻ ഒരുപക്ഷേ അമരനായിരിക്കാം. എന്നാൽ ഇവരോ? അവരുടെ ആത്മാവുകൾ നാഫ്താവിളക്കുകളാണു്, ചീത്തദന്തങ്ങളുടെ ദുർഗ്ഗന്ധത്തിൽ എരിഞ്ഞതലിയുന്നു, അവയോടൊപ്പം നശിക്കയും ചെയ്യുന്നു".

[എഫ്. എസ്സ്. ഫ്ളിൻറു്]

ഈ കവിതയുടെ ഒരു ചെറിയ വിവരണംകൂടി ഇവിടെ നൽകിയേക്കാം. ഒരു ലണ്ഡൻ തെരുവിലേക്കു നമ്മെ കവി അവതരിപ്പിക്കുന്നു. അവിടെ വികലിതാത്മാക്കളും വികലിത ശരീരന്മാരുമായ ആളുകൾ, ഉജ്ജ്വലമായ കടകൾ, വെച്ചുവാണിഭക്കാർ, ആൎത്തുവിളിക്കുന്ന ജനങ്ങൾ, ആകുലിതമായ ശബ്ദം ഇവയെല്ലാം ഉണ്ടു്. സ്വല്പം വിശ്രമിച്ചിട്ടു കവി അദ്ദേഹത്തിന്റെ വിമർശനം നൽകുന്നു. ഈ പിഷ്ടാത്മാക്കളുടെ മനസ്സുകൾ, ലിപ്സകൾ, വികാരങ്ങൾ ഈ നരകത്തെ നിൎമ്മിക്കുന്നവയും ഈനരകത്താൽ നിർമ്മിക്കപ്പെട്ടവയുമായ മനസ്സുകൾ, ആഗ്രഹങ്ങൾ, വികാരങ്ങൾ— ഇവ അമരമാണോ? ഒരു മൃദുലഹൃദയം —വൃക്ഷങ്ങളുടെ ഇടയ്ക്കുള്ള നിശ്ശബ്ദവിജനതയിൽ നൈസർഗ്ഗികമായി ആനന്ദിക്കുന്ന ഒരു ഹൃദയം— അമരമായേക്കാം. എന്നാൽ മറേറ ആത്മാക്കൾ—ഈ അസ്ഥിരങ്ങളും ധൂമമലിനങ്ങളുമായ ദീപങ്ങൾ—വിസ്മൃതിക്കു ഉഴിഞ്ഞിടപ്പെട്ടവയാണു്, അവ അവയോടുകൂടി മററാത്മാക്കളെയും നശിപ്പിക്കുന്നു. രംഗം മലിനവും വികാരം നൈരാശ്യവും ആണെങ്കിലും ഇതു ഒരു സൽകവിതയാണു്, അതിനു സൽകവിതയ്ക്കു അത്യാന്താപേക്ഷിതമായ ഗുണങ്ങളും ഉണ്ടു്.

പകൎപ്പവകാശം ലേഖകനു്)


"ഗുപ്തമന്ത്രം.

൧൦൦-ക ഇനാം.

ലക്ഷക്കണക്കിനു രൂപാചിലവാക്കിയാലും സാധിക്കാത്തകാൎയ്യങ്ങൾ ഈ മന്ത്രം ഏഴുതവണ ജപിച്ചാൽ സാധിക്കുന്നതാണു്. ഫലപ്രാപ്തിക്കു വിഷമകരമായഅനുഷ്ഠാനങ്ങൾ യാതൊന്നും വേണ്ട, പ്രത്യേകം യാതൊന്നും കരുതേണ്ടതായിട്ടുമില്ല. നിങ്ങൾ ആഗ്രഹിക്കുന്നസ്ത്രീ കഠിനഹൃദയയും, അഹംഭാവിയുമായാൽപോലും നിങ്ങൾ ഈ മന്ത്രം പാരായണംചെയ്തുകഴിഞ്ഞാൽ നിങ്ങളിൽ അനുരക്തയാകുകയും, എന്നും നിങ്ങളോടുകൂടിയിരിക്കുന്നതിനു ആഗ്രഹിക്കുകയും ചെയ്യും. ഇതു് ഒരു വശീകരണമന്ത്രമാണു്. നിങ്ങളെ അതു് ഭാഗ്യവാനാക്കും; ഉദ്യോഗവും കയററവും നൾകും, വ്യവഹാരങ്ങളിൽ വിജയംതരും, വ്യാപാരത്തിൽ ലാഭമുണ്ടാക്കും. വ്യത്യാസം വരുന്നതായി തെളിയിച്ചാൽ 100 ക. ഇനാം.

തപാൽചിലവുൾപ്പടെ വില 2. ക. 7 ണ

ഇംഗ്ലീഷിൽ അപേക്ഷിക്കുക.

Siddh Mantra Ashram,
No. 173, P. O. Katrisarai,
(Gaya).

# ഭാവിസമാധാനത്തിന്റെ അടിസ്ഥാനം.

കെ. രാമകൃഷ്ണൻനായർ ബി. എ.

**1918**-ൽ അവസാനിച്ച മഹായുദ്ധം മനുഷ്യൻതന്നെ സ്വാധീനമാക്കിയശക്തികളെ എത്രത്തോളം ദുരുപയോഗപ്പെടുത്താൻ കഴിയുമെന്നു തെളിയിക്കുകമാത്രമായിരുന്നുചെയ്തതു്. ഇങ്ങനെ യുണ്ടരുതുണ്ടായി ഇതേവരെ തിരിഞ്ഞുകിടക്കുന്ന ഓരോ രാജ്യങ്ങൾക്കു് പരിതാവസ്ഥകളുടെ പരമപുഷ്ടികൊണ്ടു് ഇടക്കിടക്കുണ്ടായ സന്തുഷ്ടിയും ഐശ്വര്യവും അനിയന്ത്രിതമായ അന്ധകാരത്തിലേക്കും നാശത്തിലേക്കുമുള്ള പ്രേരണകളായിരുന്നില്ലെങ്കിൽ ഇന്നു് ലോകം എത്രമാത്രം ധന്യമാകുമായിരുന്നെന്നു പറയേണ്ടതില്ല. ഈ കഴിഞ്ഞ യുദ്ധത്തിനെങ്കിലും ലോകത്തിനെ ഒരു പാഠംപഠിപ്പിക്കാൻ കഴിഞ്ഞുഎന്നുള്ളതു് സന്തോഷകരംതന്നെ. അതിൽനിന്നുണ്ടായ അഖിലരാജ്യസമിതിയുടെ ഇന്നത്തെ നിസ്സഹായമായ സ്ഥിതി ലോകത്തിന്റെ നാശത്തെ ദ്യോതിപ്പിക്കുന്നില്ലെങ്കിലും അതിന്റെതന്നെ അവസാനത്തെയോ പരിവർത്തനത്തെയോ ആവശ്യപ്പെടുന്നുണ്ടു്. രണചിന്തയിൽ മുങ്ങിക്കിടക്കുന്ന രാഷ്ട്രങ്ങൾക്കു ആ സമിതിയുടെ സംരംഭങ്ങൾ ഒരു വിനോദം മാത്രമായിത്തീർന്നിട്ടുണ്ടു്. ലോകസമാധാനസ്ഥാപനത്തിനായുള്ള സമിതിയുടെ വ്യവസ്ഥകൾ സർവ്വത്ര അംഗീകരിക്കപ്പെടുന്നതിനു മുൻപുതന്നെ ഓരോരാജ്യങ്ങളിൽനിന്നും പ്രതിനിധികൾ അവകാശവാദവുംകൊണ്ടു് ഓഹരിവാങ്ങിക്കുന്നതിനു് അടുത്തുകൂടിക്കഴിഞ്ഞിരിക്കുന്നു. ഇതെല്ലാം മനുഷ്യനെ ഭരിക്കുന്നതിനും നയിക്കുന്നതിനും അതിമാനുഷന്മാരുടെ ആവശ്യത്തെ തെളിയിക്കുന്നുണ്ടോഎന്നും സംശയിക്കാതെ തരമില്ല. ഏതെങ്കിലും സർവ്വരാജ്യസഖ്യസമിതി ഒരു വ്യക്തിയുടെ ശക്തിയേക്കാൾ ദുർബലമായിത്തീർന്നിരിക്കുന്നതുകൊണ്ടു് ലോകം സമാധാനം കാംക്ഷിക്കുന്നില്ലെന്നു വിധിക്കുന്നതു് തെററുതന്നെ ആയിരിക്കും. പിന്നെ അതിന്റെ പരാജയത്തിന്റെ കാരണം അംഗങ്ങളുടെ അഭിപ്രായങ്ങൾക്കും അഭിലാഷത്തിനുമുള്ള 'വിഭേദ്യ'മായ സ്വഭാവത്തിലാണു കിടക്കുന്നതെന്നു തോന്നുന്നു.

മനുഷ്യനിൽ ദിവ്യമായ അംശത്തിനു സമമായി മൃഗാംശം യോജിച്ചുകിടക്കുന്നു എന്നുള്ള വാദം ബുദ്ധിപൂർവ്വമായ എതിർപ്പുകളിൽനിന്നു വിമുക്തമാണെന്നുതന്നെ പറയാം. ആ മൃഗീയമായ അംശത്തിന്റെ പ്രേരണകൾ എത്രമാത്രം പ്രബലങ്ങളാണെന്നു ഫ്രോയിഡ് തെളിയിച്ചിട്ടുണ്ടു്. ഇങ്ങനെ മനുഷ്യന്റെ സകല സിദ്ധികൾക്കും അടിയിൽ ഉറച്ചുകിടക്കുന്നതും, ഇന്നത്തെ സന്മാർഗ്ഗബോധത്തിനു ഭീകരമായി തോന്നുന്നതുമായ വാസനകളെ ശിക്ഷണംചെയ്തു വ്യക്തിബോധത്തെ ഉടച്ചു് മനുഷ്യനെ സമുദായജീവിയാക്കുന്നതിനുള്ള ശ്രമങ്ങളാണു കഴിഞ്ഞകാലങ്ങളിൽ പ്രധാനമായി കാണുന്നതു്. ഈ സന്ദർഭത്തിൽ മനുഷ്യന്റെ വാസനകളുടെ പ്രവർത്തനപരിധിയേക്കാൾ അവയെ ഒരു ഉൽകൃഷ്ടാദർശത്തെ ലാക്കാക്കി പരിശീലിപ്പിക്കേണ്ട ആവശ്യമുണ്ടെന്നുള്ളസംഗതി മാത്രമേ ഗണ്യമായിട്ടുള്ളു. എന്നാൽ ഇതേവരെയുള്ള അനുഭവങ്ങൾ മനുഷ്യന്റെ ഏകോപിച്ചുള്ള പ്രവർത്തനത്തെ ആവശ്യപ്പെടുന്നുണ്ടെങ്കിലും അതുകൊണ്ടുമാത്രമേ ഭാവി സമാധാനത്തിലേക്കും ഐശ്വര്യത്തിലേക്കും ലോകത്തിനു് ഇനിയും ഉയരാൻ കഴിവുള്ളു എന്നു നിശ്ചയിക്കപ്പെട്ടിട്ടുണ്ടെങ്കിലും ദുഷ്ടമായ അടിസ്ഥാനത്തിൽ ഉറപ്പിച്ചിരിക്കുന്ന അഭിപ്രായങ്ങൾ പരസ്പരം സമരം ചെയ്തുകൊണ്ടുതന്നെയിരിക്കുന്നു. മതങ്ങൾക്കു മനുഷ്യനെ അകററുന്നതിൽ കൂടുതൽ അടുപ്പിക്കുന്നതിനു കഴിഞ്ഞിട്ടില്ലെന്നുള്ളതു തീർച്ചതന്നെ. മതങ്ങളെ ഏകോപിപ്പിക്കുന്നതിനു മനുഷ്യനു കഴിയുമെങ്കിലും അതുകൊണ്ടു് വലിയ പ്രയോജനമൊന്നും ആശിക്കാൻ തരമില്ല. മതത്തെപ്പോലെ ചിരപ്രതിഷ്ഠകൊണ്ടുള്ള പ്രാബല്യം ശാസ്ത്രത്തിനു് ഉണ്ടായിക്കഴിഞ്ഞിട്ടുമില്ല. അതിന്റെ നിയോഗങ്ങളെ ആദരിക്കുന്നതിനു മനുഷ്യൻ സന്നദ്ധനാകുമ്പോൾ അസമത്വത്തിന്റെയും അടിമത്വത്തിന്റെയും വേരുകൾ പറിഞ്ഞുകഴിഞ്ഞു എന്നു പറയാം.

മനുഷ്യന്റെ പരാജയത്തിന്റെയെല്ലാം കാരണം അവൻ പിന്നിൽ കിടക്കുന്ന അനുഭവങ്ങളേയും മുൻ ിൽ തെളിഞ്ഞുനിൽക്കുന്ന വസ്തുതകളേയും പൂർണ്ണമായി പ്രയോജനപ്പെടുത്താത്തതുകൊണ്ടു തന്നെയാണു്. ഓരോ മൂലകളിൽ ഇരുന്നുകൊണ്ടു് സ്വാതന്ത്ര്യത്തേയും സംതൃപ്തിയേയുംലാക്കാക്കി ചെയ്യുന്ന യത്നങ്ങളെ സ്ഥലദൈർഘ്യത്തിൽ എത്ര അകലെ ഇരിക്കുന്ന ജീവിയും കാലസരണിയിൽ എത്ര പന്നിൽ കിടക്കുന്ന അഭിപ്രായവും നിയന്ത്രിക്കുന്നുണ്ടെന്നു മനുഷ്യൻ അറിയുന്നില്ല. അതുപോലെ കണ്ടതെല്ലാം കൈവിടാൻ പാടില്ലാത്തവിധം ശ്രേഷ്ഠങ്ങളെന്നു വിചാരിച്ചു കഴിയുന്നവർക്കു് ഭാവിയെ രൂപീകരിക്കുന്നതിനു കഴിവില്ലെന്നുള്ളതുംസമ്മതിക്കാതെ തരമില്ല

ഇതേവരെ ഉണ്ടായിട്ടുള്ള യുദ്ധങ്ങളിൽ ചിലതെല്ലാം ഐശ്വര്യദേവതയുടെ ആശ്ലേഷം മനുഷ്യസമൂഹത്തിൽനിന്നു വിടുർത്തിയ മൃഗീയമായ വാസനകളുടെ പ്രവർത്തനങ്ങൾ മൂലമാണെങ്കിലും അധികവും അതിദുഷ്ടമായ സ്വരാജ്യസ്നേഹത്തിന്റെയും ദേശീയബോധത്തിന്റെയും പ്രേരണകളാണെന്നു തന്നെ പറയാം. ചെറുപ്പംമുതൽക്കുതന്നെ "നാം ഇൻഡ്യയെ കീഴടക്കി ഫ്രാൻസിനെ തോല്പിച്ചു" എന്നുള്ള വിജയഭേരികൾ കുട്ടികളിൽ കുത്തിവെയ്ക്കുന്ന സ്വഭാവം ഇപ്പോഴും പ്രബലമായിത്തന്നെയിരിക്കുന്നു. ഇക്കാലംവരെ കണ്ട ചരിത്രങ്ങളെല്ലാം ഓരോ ജനസമൂഹത്തിന്റെ സ്വാർത്ഥതയെമാത്രം നോക്കി 'നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്നുള്ളതിൽ തർക്കമില്ല. അടി തെററിയ ആത്മബോധത്തെയും വാസ്തവത്തിൽനിന്നു വിദൂരമായ വഴികളെയും അവലംബിച്ചു വളരുന്ന തലമുറകൾക്കു് സമാധാനത്തോടും സത്യത്തോടും അടുക്കുന്നതിനു പ്രയാസമായിട്ടാണിരിക്കുന്നതു്. ആധിപത്യത്തെ അടിസ്ഥാനപ്പെടുത്തി വളന്ന ചരിത്രത്തിന്റെ വശങ്ങളിൽനിന്നു് സ്വാതന്ത്ര്യവും സമത്വവും എങ്ങിനെ സംജാതമാകുമെന്നറിഞ്ഞുകൂടാ. ഇന്നും മനുഷ്യന്റെ യോഗ്യത റോമിന്റെ മഹത്വത്തിലും സിറിയായുടെജീവനിലുംഭാരതത്തിന്റെ ഭൂതകാലത്തിലും ബന്ധിതമായിരിക്കുന്നുഎന്നുള്ളതോ പോകട്ടെ, അതൊക്കെഅവന്റെ സകലഅവകാശങ്ങൾക്കും മാനദണ്ഡമായിത്തീരണമെന്നു വരുന്നതാണു് കഷ്ടം. ഈ നിഷ്ഫലമായ നിർബന്ധങ്ങൾക്കെല്ലാം കാരണം മനുഷ്യന്റെ പാരമ്പര്യവും പരിചയവും ആണു്. അതിനെല്ലാം അസത്യങ്ങളും അപൂർണ്ണങ്ങളുമായ ചരിത്രപ്രസ്താവനകൾ സാക്ഷിയായും നിൽക്കുന്നു. ദുർമ്മോഹത്തിന്റെ ദൂതന്മാരായ ഇന്നത്തെ ചരിത്രങ്ങൾ (വിദ്യാലയങ്ങളിൽ കാണുന്നവവിശേഷിച്ചും) ശിഥിലമായ മനുഷ്യബന്ധത്തിൽനിന്നു കെട്ടിപ്പൊക്കിയിട്ടുള്ളവയാണു്. അവയുടെ പ്രാരംഭകാലത്തിനും എത്രശതകങ്ങൾക്കു പിന്നിലാണു് മനുഷ്യന്റെ സമത്വരേഖകൾ സജീവമായിക്കിടക്കുന്നതു്. ഇപ്പോൾ കാണുന്ന 'കുടുംബമഹത്വ'വും സമുദായശ്രേഷ്ഠതയും മനുഷ്യന്റെ ജൈത്രയാത്രയുടെ ആരംഭത്തിൽകാണുന്ന കലടാവൃത്തിയുടേയും കുത്സിതസ്വഭാവത്തിന്റേയും വികാസത്തിലും വെളിച്ചത്തിലും മിശ്രിതമായി കിടന്നിരുന്നു. പിന്നീടു് കാലദേശങ്ങളുടെ വ്യത്യാസവും സംഭവങ്ങളുടെ സമ്മർദ്ദവുംകൊണ്ടു് തെളിഞ്ഞുവന്ന രൂപഭേദങ്ങൾ മാത്സര്യത്തെ ലോകാന്തരങ്ങളിലേക്കു വ്യാപിപ്പിച്ചു. അതിലുംപിൻപു് എവിടെയോ നരൻ വാനരന്റെ സാഹോദര്യത്തിൽ സന്തുഷ്ടനായിരുന്ന ഒരു കാലമുണ്ടായിരുന്നു എന്നുള്ളതിനും തെളിവുകൾ ഉണ്ടു്. ഇങ്ങനെയുള്ള പല വാസ്തവങ്ങളും ഇതേവരെ ഉണ്ടായ ചരിത്രകാരന്മാർ മനുഷ്യദൃഷ്ടിയിൽനിന്നും മറച്ചുവെച്ചിരുന്നു. തൻമൂലം മുൻപിലും പിൻപിലും ഐക്യതയോടു തന്നെ ബന്ധിച്ചിരിക്കുന്ന ചങ്ങലയെന്തെന്നു മനുഷ്യൻ അറിയാതെ സന്ദർഭത്തിന്റെയും സൌകര്യത്തിന്റെയും നിയോഗവർത്തിയായിത്തീരുന്നതിനും ഇടയായി. ഇടുങ്ങിയ ദേശീയത്വത്തെ വളർത്തുന്ന കാലചരിത്രങ്ങൾ മനുഷ്യന്റെ ആഗ്രഹങ്ങളുടെ അടിസ്ഥാനതത്വങ്ങളായിരിക്കുന്നിടത്തോളം നിരായുധീകരണസമ്മേളനത്തിനും സമാധാനവാദത്തിനും യാതൊരു പ്രാബല്യവും ഉണ്ടാകുന്നതല്ല ഈ 'പരിഷ്കൃത'ഘട്ടത്തിലും മനു

ഷ്യന്റെ അഭിപ്രായങ്ങളെ സർവ്വത്ര അംഗീകൃതമാകുന്ന ശാസ്ത്രത്തിന്റെ വാസ്തവങ്ങൾകൊണ്ട് എത്രമാത്രം പരിശീലിപ്പിക്കേണ്ടതായി ശേഷിക്കുന്നു എന്നു പറഞ്ഞുകൂടാ. മനുഷ്യന്റെ ഈ ദീർഘതമസ്സിനുശേഷമാണ് ലോകത്തെ ഒന്നായി ദർശിക്കുന്നതിനു ശക്തന്മാരായ ചില മഹാന്മാർ അങ്ങിങ്ങു ഉണ്ടായിത്തുടങ്ങുന്നതു്. അവരുടെ അഭിപ്രായങ്ങളെ ബുദ്ധിപൂർവ്വം പഠിക്കുന്ന ഭാവിക്കുമാത്രമേ ലോകത്തിന്റെ സ്വാതന്ത്ര്യമായ സമാധാനം ദർശിക്കാൻ കഴിവുള്ളു.

ഈ പ്രേരണകൾമൂലം മാനവസംസ്കാരത്തെ കേന്ദ്രീകരിക്കുന്നതിനു വേണ്ട വാസ്തവങ്ങളെ സമാഹരിച്ചു ആദ്യമായി ലോകചരിത്രം നിർമ്മിച്ചതു് എച്ച്. ജി. വെത്സാണ്. അദ്ദേഹത്തിന്റെ 'ചരിത്രസംക്ഷേപം' (Outtine of History) അന്ധതയോടുള്ള ഒരു സമരംമാത്രമല്ല നിഷ്പക്ഷവും നിർമ്മത്സരവുമായ ബുദ്ധിയുടെ ധൈര്യത്തേയും പ്രഖ്യാപനംചെയ്യുന്നു. അതിന്റെ ജീവൻ എത്രഭാഷകളിലേക്കു സംക്രമിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ല. നിർഭാഗ്യവശാൽ ഒരുപക്ഷേ അലസതകൊണ്ടുതന്നെ കേരളി (ഭാരതഭാഷകൾതന്നെ) അതിന്റെ വെളിച്ചത്തിൽനിന്നു വിദൂരവർത്തിനിയായി കിടക്കുന്നതേയുള്ളു. യാതൊരു നിരൂപണവും ആസ്വാദനവും അതിന്റെ കുറവിനെ പരിഹരിക്കുന്നതല്ല. മനുഷ്യന്റെ ആവശ്യങ്ങൾ നാലുപാടും നാക്കുനീട്ടിക്കഴിഞ്ഞെങ്കിലും അവന്റെ ബുദ്ധിയും അഭിപ്രായവും ഇടുങ്ങിയമണ്ഡലത്തിൽതന്നെ കിടന്നുശ്വാസംമുട്ടുന്നു. ഇക്കാരണങ്ങൾകൊണ്ടു ഇനിയും സ്വയം സംതൃപ്തനാകുന്നതിനുള്ള ശ്രമങ്ങൾ എത്രമാത്രം ശൂന്യമെന്നും സമന്വയമായ ഒരു സർവ്വരാജ്യഭരണകൂടത്തിനായുള്ള സ്വാതന്ത്ര്യമായ സഹകരണവും സംഭാവനയും എത്രയും ആവശ്യമായിരിക്കുന്നു എന്നും മനസ്സിലാക്കാവുന്നതാണ്.

ഇപ്പോൾതന്നെ താരിപ്പുകോട്ടകളുടേയും ധനികന്റെ സ്വാർത്ഥമായ സ്വാതന്ത്ര്യത്തിന്റേയും അടിമത്വത്തിൽവെച്ചുകൊണ്ടുള്ള നിർബന്ധങ്ങളുടേയും ദൌർബല്യം രാഷ്ട്രങ്ങൾ മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട് നൂററിതൊണ്ണൂറുകോടിജനങ്ങളുടെ (ഈ ലോകത്തു് ആകെയുള്ള ആളുകൾ) ഭിന്നതകളെ എങ്ങിനെ ഒരൊററബന്ധത്തിലേക്കു ഒതുക്കാമെന്നു സംശയമുണ്ടായേക്കാം. പോസ്റ്റൽസിസ്റ്റത്തിന്റെ പ്രവർത്തനം ശക്തിമത്തായി എവിടെയും നടപ്പിൽവന്നിട്ടുണ്ടു്. അതു യാതൊരുരാഷ്ട്രത്തിന്റേയും പരിഷ്കാരത്തിന്റേയും നിറമില്ലാതെ നിഷ്പക്ഷമായ ന്യായം എവിടെയും ഒരുപോലെ പരിപാലിക്കുന്നുമുണ്ടു്. അതുപോലെ ആവശ്യമുണ്ടെങ്കിൽ മനുഷ്യനു് അവന്റെ സ്വപ്നമണ്ഡലത്തെ അതിക്രമിച്ചുപോകുന്ന ആഗ്രഹങ്ങളുടെ സാദ്ധ്യതകൂടി കാണാൻ പ്രയാസമില്ലെന്നു തോന്നുന്നു. എന്നാൽ യാതൊരുദ്യമവും മനുഷ്യനെ അതിനുവേണ്ടി പഠിപ്പിച്ചുതയാറാക്കിയില്ലെങ്കിൽ പൂർണ്ണവിജയത്തിൽ എത്തുന്നതുമല്ല. സമാധാനസ്ഥാപനത്തിനും ഒരുപക്ഷേ നമുക്കു പരിചിതമായ മാനദണ്ഡങ്ങളെ ഉപേക്ഷിക്കേണ്ടിവന്നേക്കാം. സന്മാർഗ്ഗബോധത്തിന്റെ ആണിക്കല്ലുകളെ ഒന്നുകൂടി വിശാലവും സുദൃഢവുമായ അടിസ്ഥാനത്തിൽ ഉറപ്പിക്കേണ്ടതായും വന്നേക്കാം. യാഥാസ്ഥിതികത്വത്തിനു അല്പമായുണ്ടാകുന്ന നാശംകൊണ്ടുപോലും ലോകത്തിനു അനന്തമായ ഐശ്വര്യം ഉണ്ടായിട്ടുള്ളതായി ചരിത്രംപഠിപ്പിക്കുന്നു. എന്തുകൊണ്ടും വെത്സിന്റെ ചരിത്രം വിശാലമായ ഒരന്തരീക്ഷത്തിലേക്കു മനുഷ്യനെ നയിക്കുന്നു, ക്ഷണിക്കുന്നു. പലപ്പോഴും വികസിക്കുന്നതിനു വിമുഖമായ മനുഷ്യന്റെ ജടിലിച്ച ബുദ്ധി അതറിയാതെ ജീവിതരംഗത്തിന്റെ അപ്പുറത്തേക്കു കടന്നുപോയേക്കാം. എന്നാൽ ഇനിയുമുണ്ടാകുന്ന ശൈശവത്തെയെങ്കിലും സത്യത്തിന്റേയും സമാധാനത്തിന്റേയും വെളിച്ചത്തിൽനിന്നും മറച്ചുവളർത്താതെ ലോകം സൂക്ഷിച്ചാൽ മതിയായിരുന്നു. ഇതേവരെ ആ പുസ്തകത്തിനു വിദ്യാലയങ്ങളിൽ പ്രവേശനം കിട്ടിയിട്ടില്ലെന്നുള്ളതു് പരിതാപകരംതന്നെ.

ആ സംക്ഷിപ്തചരിത്രം പൂർണ്ണതയുടെയാതൊരവകാശങ്ങളും അർത്ഥിക്കുന്നില്ല. അതിന്റെ പലഭാഗങ്ങളും കൂടുതൽ തെളിവുകൊണ്ടും അറിവുകൊണ്ടും വികസിക്കേണ്ടതായി കിടക്കുന്നുണ്ടു്. എങ്കിലും ആതിന്റെതരത്തിലുള്ള ആദ്യഗ്രന്ഥം അതുമാത്രമാണ്. ഗ്രന്ഥകാരന്റെ ഉൽകൃഷ്ടമായമനോഭാവം സ്വാർത്ഥതയിൽനിന്നും അകന്നു് സർവ്വവ്യാപിയായ പ്രകാശത്തെ പ്രസരിപ്പിക്കുന്നു. ആദർശം അഭിവൃദ്ധിയും സജീവമായ സമാധാനവും ആണു്. അങ്ങിനെയുള്ള അഭിപ്രായങ്ങളോടു ആത്മാർത്ഥമായി യോജിക്കുന്നതിനുമുൻപു രാഷ്ട്രങ്ങൾക്കു സമാധാനസ്ഥാപനസമിതിയിൽ പ്രാതിനിധ്യംകൊടുത്തതുകൊണ്ടു യാതൊരുപ്രയോജനവും ഇല്ലെന്നുള്ളതു് തീർച്ചതന്നെ.

1921-ൽ റഷ്യ, അതിന്റെ ആയിരംചതുരശ്രമൈൽ സ്ഥലം വെറും മരുഭൂമിയാക്കിത്തീർത്ത കാലക്കേടുതീയിൽ ദഹിച്ചുകൊണ്ടിരുന്നപ്പോൾ അമേരിക്ക ആധിക്യംകൊണ്ടു ധാന്യങ്ങൾ ദഹിപ്പിച്ചുകൊണ്ടിരുന്നു ഇന്നും ആ രീതിക്കു മാററംസംഭവിച്ചിട്ടില്ല. കാപ്പിയും മററും ചളുപ്പുസ്ഥലം നികത്തുന്നതിനായി ഉപയോഗിച്ചുവരുന്നതായി എല്ലാവരും കേൾക്കുന്നുണ്ടു്. ലോകത്തിന്റെ ഒരു ഭാഗം ആവശ്യത്തിന്റെ ആർത്തികാണിക്കുമ്പോൾ മറുഭാഗം ആധിക്യത്തിന്റെ അലസതയിൽ ആനന്ദിക്കുന്നു. അനിയന്ത്രിതമായ ജനപ്പെരുക്കം എന്നു മുറവിളികൂട്ടുന്ന ഇക്കാലത്തും പ്രകൃതിയുടെ വിഭവങ്ങൾ വയറിന്റെ ആവശ്യങ്ങൾക്കു മുൻപിൽ പരാജിതമായിട്ടില്ല. ഇനിയും ആയിരത്തിൽപരം വർഷത്തേക്കുകൂടി അങ്ങിനെ സാധിക്കാൻ ഇടയില്ലെന്നും കണക്കാക്കപ്പെട്ടിട്ടുണ്ടു്. പിന്നെ ഇന്നു കാണുന്ന അടിമത്വത്തിനും ദാരിദ്ര്യത്തിനും കാരണം സമ്പത്തിന്റേയും സാധനങ്ങളുടേയും ദുഷ്ടമായ വിനിയോഗവിതരണരീതിയാണെന്നുള്ളതു് തീർച്ചയാണു. ഈ കഷ്ടതകളെല്ലാം 'വിധി'യാണെന്നു വിശ്വസിച്ചുകഴിയുന്ന ജനസമൂഹങ്ങൾക്കു് വെളിച്ചവും ധൈര്യവും ആ ചരിത്രം കൊടുക്കുമെന്നുള്ളതിൽ തർക്കമില്ല. അതു കെട്ടിക്കഴിഞ്ഞാലുള്ള ചുമതല ലോകത്തെ സമാധാനത്തിലേക്കും സംതൃപ്തിയിലേക്കും നയിക്കാതിരിക്കുകയില്ല. ഒരു ലോകഭരണവ്യവസ്ഥയുടെ സ്ഥാപനംമൂലമല്ലാതെ മനുഷ്യന്റെ അസംതൃപ്തിക്കും ശക്തിയുടെ അനാവശ്യമായ നഷ്ടത്തിനും ശരിയായ പരിഹാരം ഉണ്ടാകുന്നതല്ല. അതിൽ കുറഞ്ഞുള്ള താല്ക്കാലികമായ എല്ലാ 'മുട്ടുശാന്തി'കളും പരീക്ഷണത്തിൽ പരാജിതമാവുകതന്നെ ചെയ്യും.

ചരിത്രം ആവർത്തിക്കപ്പെടുന്നുഎന്നുള്ള വിചാരം ഇന്നും നിലനിൽക്കുന്നതു ഇതേവരെ ശരിയായ ചരിത്രം പഠിക്കാത്തതുകൊണ്ടുതന്നെയാണ്. ആ വാദം സ്വീകരിക്കുന്നപക്ഷം മനുഷ്യനു അവന്റെ ഭാവിയെ രൂപീകരിക്കാൻ കഴിയുമെന്നുള്ള തെളിവുകളെ നിഷേധിക്കേണ്ടതായി വരും. മനുഷ്യന്റെ ആഗ്രഹങ്ങളുടെ അടിസ്ഥാനം ഒന്നുകൂടി ശുദ്ധവും ഭദ്രവുമായിത്തീർന്നാൽ വ്യാമോഹങ്ങൾ തനിയെ മാറിക്കൊള്ളും. കായികമായ വിപ്ലവങ്ങളെക്കാൾ വിചാരങ്ങൾക്കും ചിന്താഗതിക്കും ഉണ്ടാകുന്ന പരിവർത്തനം എന്നും കാര്യക്ഷമമായിരുന്നിട്ടുണ്ട്. അങ്ങിനെ ഒരു വികാസം സംഭവിക്കണമെങ്കിൽ ഇന്നത്തെ വിദ്യാഭ്യാസരീതിയും അതിന്റെ പ്രേരണകളും മാറാതെ തരമില്ല. രഹസ്യമായ ഇംഗിതങ്ങളെ അടിച്ചുടച്ചു് വിസ്തൃതമായ ആവശ്യങ്ങളിൽ ഒരു ലോകസംഘടനയെ ഉറപ്പിക്കുന്നതിനുവേണ്ടി മനുഷ്യരെ അഭ്യസിപ്പിച്ചില്ലെങ്കിൽ ഇന്നത്തെ സ്ഥിതിഗതികൾ സകല പരിഷ്കാരങ്ങളേയും നാശഗർത്തത്തിലേക്കു വഹിച്ചുകൊണ്ടു പോകുമെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. ആ ദുരിതത്തെ തടയണമെങ്കിൽ ലോകം അതിന്റെ പാരമ്പര്യത്തേയും പ്രവൃത്തിയെ നയിക്കുന്ന ചരിത്രത്തേയും ഒരിക്കൽക്കൂടി സൂക്ഷ്മമായിഗ്രഹിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് വെത്സിന്റെ Outline of History; Science of Life; Wealth and happiness of mankind എന്ന മൂന്നുമഹാഗ്രന്ഥങ്ങൾ ലോകാഭിവൃദ്ധിയുടേയും ലോകസമാധാനത്തിന്റേയും അടിസ്ഥാനങ്ങളായി ഗണിക്കപ്പെടേണ്ടിയിരിക്കുന്നതു്. അവ ആപത്തിലേക്കു പരിണമിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന്റെ മുൻപിൽ കടന്നു് അവനെ ഒരു ഭാസുരഭാവിയിലേക്കു നയിക്കാൻ തയാറായി നിൽക്കുന്നു. സ്വാർത്ഥതക്കു് സ്ഥാനമില്ലാത്ത അവയുടെ മാർഗ്ഗം രാഷ്ട്രങ്ങൾക്കു് ഇഷ്ടമായില്ലെന്നുവരാം. എങ്കിലും മാക്സിന്റെ ഒരു ഗ്രന്ഥത്തിനു് ഭൂമുഖത്തുനിന്നും മറയാൻ തുടങ്ങിയ ഒരു ജനസമൂഹത്തെ ഉദ്ധരിക്കുന്നതിനു കഴിഞ്ഞ സ്ഥിതിക്കു് ലോകരക്ഷക്കു് ഈ മൂന്നു ഗ്രന്ഥങ്ങൾ ശക്തമാവുകയില്ലെന്നു് എന്തിനു സംശയിക്കുന്നു ?

---


പൊയ്പ്പോയലോകം.

സർ. ആർതർ കോണൻഡോയിലിന്റെ

**THE LOST WORLD**

എന്ന നോവലിന്റെ അധികൃതമായ
പരിഭാഷ പുസ്തകരൂപത്തിൽ
തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮.

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

# നിയമവും ശിക്ഷയും.

കെ. എൻ. ബാലകൃഷ്ണപിള്ള ബി. എ

മാനവസമുദായത്തിന്റെ പുരോഗമനത്തെ ആശ്രയിച്ചു ശിക്ഷയുടെ സ്വഭാവവും മാറിവരുന്നതായി കാണാം. മുൻകാലങ്ങളിൽ ശിക്ഷ, പ്രതികാരേച്ഛയെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. ഇന്നാകട്ടെ, കുററക്കാരന് കുററം ചെയ്യാനവസരം കൊടുക്കാതിരിക്കത്തക്കവണ്ണമുള്ള ശിക്ഷകളും, അവനെ നന്നാക്കാനുള്ള ശ്രമങ്ങളുംകൂടി കലന്നാണു മിക്കവാറും ശിക്ഷകളിൽ കാണുന്നതു്. തടവിലിടുന്നതിന്റെ ഉദ്ദേശം അവനു കുററം ചെയ്യാനുള്ള അവസരത്തെ നൽകാതിരിക്കുക എന്നതാണു്. തടവിലവനു കിട്ടുന്ന വിദ്യാഭ്യാസം അവനെ ശിക്ഷാകാലത്തിനുശേഷം കുററം ചെയ്യാതെ ജീവിക്കുവാൻ പ്രാപ്തനാക്കുന്നു. പൂർവകാലങ്ങളിലെ "ഒരു കണ്ണിനൊരു കണ്ണു്, ഒരു പല്ലിനൊരു പല്ല്" എന്ന നിയമം ഇപ്പോൾ പരിഷ്കൃതരാജ്യങ്ങളിൽ അപൂർവാവസരങ്ങളിൽ മാത്രം ഉപയോഗിക്കാറുള്ള മരണശിക്ഷയിൽ അവശേഷിക്കുന്നു

പൂർവകാലങ്ങളിലും ഇക്കാലത്തുതന്നെയും നടന്നിട്ടുള്ള ചില രസകരങ്ങളും അപൂർവങ്ങളുമായുള്ള ശിക്ഷകളെ പരാമർശിക്കുവാനാണു ഇവിടെ ഉദ്ദേശിക്കുന്നതു്. കുറേവർഷങ്ങൾക്കുമുമ്പു ചിക്കാഗോനഗരത്തിലെ ഒരു പൌരൻ അയാളുടെ ഭാര്യയെ കഠിനമായി പ്രഹരിച്ചതുമൂലം കോടതിയിൽ ഹാജരാക്കപ്പെട്ടു. വാദിഭാഗം വക്കീൽ തന്റെ പ്രസംഗമദ്ധ്യേ ഇപ്രകാരം പറഞ്ഞു. "ഈ തടവുകാരൻ, അയാളുടെ ഭാര്യയുടെ പാദങ്ങൾ ചുംബിക്കുവാൻകൂടി യോഗ്യനല്ല" ജഡ്ജി ഈ അഭിപ്രായത്തോടു യോജിച്ചില്ല. തടവുകാരനോടു ഭാര്യയുടെ പാദചുംബനത്തിനു കോടതി ഉത്തരവായി. നിവൃത്തിയില്ലാതെ തടവുകാരൻ ആ കൃത്യം നിർവഹിക്കുകയുണ്ടായി. ഇതായിരുന്നു ഇയ്യാൾക്കു ലഭിച്ച ശിക്ഷ.

. പരമാവധി തടവുകാലം ജീവപര്യന്തമാണല്ലോ. അതുതന്നെ 14 വർഷക്കാലമായിട്ടാണു കണക്കുകൂട്ടുക. ഒരിക്കൽ "വിയന്നാ"ക്കാരനായ ഒരു ചെറുപ്പക്കാരനെ അറസ്ററുചെയ്തു. അവന്റെപേരിൽ 500 ചാൎജ്ജുണ്ടായിരുന്നു. നിയമപ്രകാരം അവൻ 2500 വർഷങ്ങൾക്കു ശിക്ഷിക്കപ്പെടേണ്ടവനായിരുന്നു. ജഡ്ജിമാർ ദയാലുക്കളായിരുന്നതുമൂലം കുററക്കാരന്റെ ചെറുപ്പത്തെ പരിഗണിച്ചു ശിക്ഷയുടെ കാലാവധി 1500 വർഷമായി കുറച്ചുപോലും!

മുസ്സോളിനി 1922-ൽ കമ്യൂണിസ്ററു നേതാക്കന്മാൎക്കു ചരിത്രപ്രസിദ്ധമായ ഒരു ശിക്ഷ കൊടുത്തു. എല്ലാവരെയും നിരത്തിനിൎത്തി നല്ലവണ്ണം ആവണക്കെണ്ണ സേവിപ്പിച്ചിട്ടു പൊയ്ക്കൊള്ളുവാൻ അനുവദിച്ചു!

കോടതിയിൽ വച്ചുതന്നെ തമാശകളും ഇക്കാലത്തു നടക്കാറുണ്ടു്. ന്യൂയാൎക്കിൽ ഒരു വേലക്കാരി അവളുടെ യജമാനത്തിയുടെപേരിൽ കേസുകൊടുത്തു. ഗോമാംസം ശരിയായി പചിക്കാൻ അറിഞ്ഞുകൂടെന്ന കാരണം പറഞ്ഞാണു അവളെ യജമാനത്തി പിരിച്ചയച്ചതു്. നോട്ടീസുകൂടാതെ തന്നെ പിരിച്ചുവിട്ടതുകൊണ്ടു ഒരുമാസത്തെ ശമ്പളത്തിനായിരുന്നു അന്യായം. വാദിയോടു കോടതിക്കു അവളുടെ പാചകസാമൎത്ഥ്യം വെളിപ്പെടുത്തിക്കൊടുക്കണമെന്നു ജഡ്ജി ആവശ്യപ്പെട്ടു. ഗോമാംസം, സ്റ്റൌ മുതലായ സാമഗ്രികൾ കോർട്ടിൽ കൊണ്ടുവരപ്പെട്ടു. വേലക്കാരി മാംസം പാകം ചെയ്തുകൊടുത്തു. ജഡ്ജിക്കു അതുതിന്നുനോക്കിയതിൽ വളരെ സ്വാദുള്ളതായിതോന്നി. അന്യായപ്രകാരമുള്ള ഒരുമാസത്തെ ശമ്പളം വിധിച്ചുകൊടുക്കുകയും വേലക്കാരിയെ തന്റെ സ്വന്തം പാചകിയായിട്ടെടുക്കുകയും ചെയ്തു.

പണ്ടത്തെ ചില ശിക്ഷകൾകൂടി ഈ അവസരത്തിൽ എടുത്തു് ഇപ്പോഴത്തവയുമായി തട്ടിച്ചുനോക്കുന്നതു് രസാവഹമായിരിക്കും. അന്നു് വിസ്താരംതന്നെയുണ്ടായിരുന്നില്ല. ഒരുത്തനെ കുററക്കാരനാക്കി ഒരു കേസുൽഭവിച്ചാൽ പ്രതി താൻ കുററക്കാരനല്ലെന്നു സ്ഥാപിക്കണം. ഇന്നു് ഈ കൎത്തവ്യം വാദിക്കാണല്ലോ. പ്രതി വാദിച്ചല്ല സമൎത്ഥിക്കുന്നതു്. ചില പരീക്ഷണങ്ങളിൽകൂടി അയാൾ നിശ്ചിതമായ വിധത്തിൽ വിജയപൂർവം കടന്നുപോകുന്നതുകൊണ്ടുമാത്രം ഇതു നിർവഹിക്കപ്പെട്ടും. മിക്കവാറും ഈ പരീക്ഷ ദേവാലയങ്ങൾക്കുമുൻപിൽവെച്ചാണു നടത്തപ്പെടുന്നതു്. വെള്ളം ഒരു ഇരിമ്പുകമ്പിയിട്ടു നല്ലവണ്ണം തിളപ്പിക്കും. തിളച്ചവെള്ളത്തിൽ പ്രതി കൈമുക്കി അതിൽകിടന്നിരുന്ന അയഃശകലം എടുക്കണം. പൊള്ളൽ വേഗം ഭേദമായാൽ അയാൾ കുററക്കാരനല്ലെന്നും, ഇല്ലെങ്കിൽ കുററക്കാരനാണെന്നും കോടതി വിധിക്കുന്നതാണു്. ശുചീന്ദ്രം മുതലായ ക്ഷേത്രങ്ങളിൽ സത്യപരീക്ഷക്കു് നെയ്യിൽ കൈ മുക്കുക എന്ന സമ്പ്രദായം ഉണ്ടായിരുന്നതു പ്രസിദ്ധമാണല്ലോ. ഇവിടെ കൈ പൊള്ളാതെയിരിക്കണമെന്നായിരുന്നു നിൎബന്ധം.

രാജദ്രോഹികളെ ശിക്ഷിക്കുവാൻ ഇംഗ്ലണ്ടിൽ ഈ അടുത്തകാലംവരെ ഒരു പ്രത്യേകസാധനം ഉപയോഗിച്ചുകൊണ്ടിരുന്നു. "പില്ലറി"എന്നാണിതിനു പേർ. ഒരു മനുഷ്യനെ പില്ലറിയോടുചേൎത്തുനിൎത്തി അയാളുടെ ചെവിയിൽ ആണിയടിച്ചു് "പില്ലറി"യുമായി തറച്ചു് ചന്തസ്ഥലങ്ങളിലോ മററുവിധത്തിൽ ആളുകൾകൂടുന്ന ദിക്കിലോ പ്രദൎശിപ്പിക്കുന്നു. പ്രേക്ഷകന്മാരുടെ ആക്ഷേപങ്ങൾകൂടാതെ പലപ്പോഴും അവരുടെ ശിക്ഷകളും ഈ കുററക്കാൎക്കു സഹിക്കേണ്ടിവരും. ആൾ നിൎഭാഗ്യനാണെങ്കിൽ തീച്ചയായും ജനങ്ങളുടെ കല്ലേറുകൊണ്ടു മരിച്ചുപോകും. "ഡാനിയൽഡീഫോ"വിനെ രാജദ്രോഹകുററത്തിനു് പില്ലറിയിലിട്ടതു പ്രസിദ്ധമാണല്ലോ. പക്ഷേ ഭാഗ്യവാനായ ഇദ്ദേഹത്തിനെ ജനങ്ങൾ സ്നേഹിച്ചിരുന്നതുമൂലം, തന്റെ വകുപ്പിൽപെട്ടവരുടെ നിൎഭാഗ്യത്തിൽ ഭാഗഭാക്കാകേണ്ടിവന്നില്ല.

ചെറിയകുററങ്ങൾക്കു പലപ്പോഴും ഒരു മണിക്കൂർനേരത്തേയ്ക്കു് "സ്റ്റോക്ക്സി"ലിടുക സാധാരണമായിരുന്നു. കുററക്കാരനെ ഒരു ബഞ്ചിലിരുത്തുന്നു. അയാളുടെ കാലുകൾ ഒരു പലകയുടെ രണ്ടു ദ്വാരത്തിൽ ഓരോന്നായിഇടുവിച്ചു് കെട്ടിവെയ്ക്കുന്നു. ഇതാണു ശിക്ഷ. ഹെൻറി എട്ടാമന്റെ മന്ത്രിയായിരുന്ന "വൂൾസി" ഈ ശിക്ഷയുടെ രുചി ഒരിക്കൽ നല്ലവണ്ണം അറിയുകയുണ്ടായി.

കരംകൊടുക്കാതിരിക്കുന്നവരെ ഉച്ചവെയിലത്തു് കുനിച്ചുനിറുത്തി, പുറത്തു ഭാരമുള്ള കല്ലുകയററി ശിക്ഷിക്കുന്നതു് പണ്ടുകാലങ്ങളിൽ നമ്മുടെനാട്ടിൽ നടപ്പുണ്ടായിരുന്ന ഒരു രീതിയാണു്. ആശാൻപള്ളിക്കൂടങ്ങളിലെ ശിക്ഷ കുറെക്കൂടി ഭയങ്കരമാണു്. തലകീഴായി മുകളിൽ കെട്ടിത്തൂക്കി അടിയിൽ പുകയിട്ടു പ്രാണദണ്ഡം അനുഭവിപ്പിച്ചാണു് നാട്ടാശാന്മാർ അവരുടെ ശിഷ്യന്മാരുടെ തലയിൽ ജ്ഞാനം കയററിയതു്. രാജദ്രോഹത്തിനു് ആനക്കാലിൽകെട്ടി വലിപ്പിക്കുക, ഇരുമ്പുകൂട്ടിലിട്ടു് വെള്ളത്തിൽ കെട്ടിത്താഴ്ത്തുക, മുതലായതും അപൂർവമായിരുന്നില്ല "ചൂളയിൽ വച്ചുനീററുക എന്നു കേട്ടുകേൾവിയെയുള്ളു. ഇംഗ്ലണ്ടിൽ പതിനാറാംനൂററാണ്ടിൽകൂടി ചില കുററക്കാരെ വെള്ളത്തിലിട്ടു പുഴുങ്ങിവന്നിരുന്നു. ജീവനോടെ ദഹിപ്പിക്കുകയെന്നതു് യൂറോപ്പിൽ 15-ം 16-ം ശതകത്തിൽ സാധാരണയായിരുന്നു. വയസ്സുചെന്നതള്ളമാരെല്ലാം മന്ത്രവാദിനികളാണെന്നുള്ള അന്ധവിശ്വാസംമൂലം എത്രയോ നിരുപദ്രവികളായ വൃദ്ധകളെ ദഹിപ്പിച്ചുകളഞ്ഞു! മതദ്രോഹത്തിനു ജീവനോടെ ദഹിപ്പിക്കാൻ പോപ്പിന്റെയും പള്ളിയുടെയും അനുവാദമുണ്ടായിരുന്നു. "ജോവാൻ ആഫ് ആൎക്ക്" എന്നകന്യക മന്ത്രവാദിനിയാണെന്നുള്ള കുററം ചുമത്തിദഹിപ്പിയ്ക്കപ്പെട്ടു. ഇന്നു ശിക്ഷയായി കോടതികൾ ജീവനോടെ ദഹിപ്പിക്കുന്നതിനൊരിടത്തും അനുവദിക്കുന്നില്ലെങ്കിലും പരിഷ്കാരം മൂൎദ്ധന്യത്തെ പ്രാപിച്ച അമേരിക്കയിലെ ജനങ്ങൾ, നിയമം അവർതന്നെ ഏറെറടുത്തു് ഇത്തരംശിക്ഷ നൽകിവരുന്നുണ്ടു്. പാവപ്പെട്ട നിഗ്രോകളെ ശിക്ഷിക്കുന്നതു് ഇപ്രകാരമാണു്. ഇതിനായി ഇവൎക്കു വിപുലവ്യാപ്തിയുള്ള ഒരു സംഘടനയുമുണ്ടു്.

ഇതെല്ലാമോൎക്കുമ്പോൾ ഭൂതകാലത്തിലേക്കു നോക്കുവാൻതന്നെ ഭയമാകുന്നു. "പോയകാള കൊമ്പൻകാള" എന്ന ചൊല്ലനുസരിച്ചു കഴിഞ്ഞുപോയകാലം സുവൎണ്ണകാലമാണെന്നു നാം വൃഥാഭ്രമിക്കുന്നു. ഒരു കാലം നന്നോ ചീത്തയോ എന്നുനമുക്കു വിധിക്കാൻസാധിക്കുന്നതു അക്കാലത്തെജനസാമാന്യത്തിന്റെസംസ്കാരത്തെ ആസ്പദമാക്കിയാണു്. അനുഭാവപൂൎണ്ണമായ ഒരുമനസ്സിന്റെ സമ്പാദ്യത്തെയാണു് എത്രയും വലു

തായി നാം ഗണിക്കേണ്ടതു്. ബുദ്ധിശക്തിയെയോ, കരകൌശലത്തേയോ അവലംബിച്ചു് ഒരാളുടെയോ ഒരു സമുദായത്തിൻെറയോ സംസ്കാരത്തെ നിർണ്ണയിക്കുന്നതു് ദോഷതമാണു്. ഈ തോതുവെച്ചുനോക്കുമ്പോൾ ലോകം ഉൽക്കർഷോന്മുഖമായി വളരുന്നുവെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. സമുദായത്തിൻെറ പ്രതീകാരബുദ്ധിയ്ക്കു് ഗണ്യമായകുറവുണ്ടായിട്ടുണ്ടു്. ഇന്നു്, കുററക്കാരനെ, അനുഭാവപൂർണ്ണമായി നോക്കാൻ മനുഷ്യനു കഴിയും. തന്മൂലം ശിക്ഷകളുടെ കാഠിന്യം ക്രമശഃകുറഞ്ഞുകുറഞ്ഞുവരുന്നു ഇന്നു മരണശിക്ഷയ്ക്കു വിധിക്കുന്നതു് ഒരു ശിക്ഷയായിട്ടല്ലെന്നുംപ്രത്യുത,കുററങ്ങളെ തടയുന്നതിനായിട്ടാണെന്നും നാം ഓർക്കണം. ഒരുത്തനെ പണ്ടു മരണശിക്ഷയ്ക്കു വിധിച്ചപ്പോൾ അവൻ പറയുകയുണ്ടായി. "യജമാനനെ, മേലിൽ കുററം ചെയ്യാതിരിക്കാൻ എനിക്കിതൊരു പാഠമായിരിക്കും" എന്നു്. കുററത്തെ തടയുന്നതിനു മററു മാർഗ്ഗമൊന്നുമില്ലെങ്കിലല്ലാതെ മരണശിക്ഷയ്ക്കു പ്രവേശം കൊടുക്കാതിരിക്കുന്ന ഒരു കാലത്തിൽ നാം ക്ഷണം എത്തിച്ചേരാൻ ദൈവം അനുഗ്രഹിക്കട്ടെ.

---


## നിങ്ങളുടെ ഭാവി

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിൻെറ പേരും മാത്രം എഴുതി ഒരു പോസ്ററുകാർഡു് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നേതുമായ സംഭവങ്ങളുടെ പൂർണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽനിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നേതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൾകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ടു്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവർക്കു 100 ക ഇനാം.

Professor G. Shunker,
Post Box No. 72, Lahore.


---


കുഷ്ഠം, പാണ്ഡു മുതലായ
ത്വക്ക്രോഗങ്ങൾക്കു്.

എത്ര കഠിനമായാലും ഭേദപ്പെടാത്തതായാലും എത്ര വ്യാപിച്ചിരുന്നതായാലും പഴക്കമുള്ളതായാലും, നാലാഴ്ചയ്ക്കകം നിശ്ശേഷം എന്നെന്നേക്കും സുഖപ്പെടുത്തുന്നതാണു്. വിജയം ഗാറൻറി ചെയ്യുന്നു. വിവരങ്ങൾക്കു ആവശ്യപ്പെടുക.

Kamala Works, Panchpota
(M. Q.) Bengal.


# ഏകാന്തലക്ഷ്മി.

തെയ്യാട്ടു ചന്ദ്രശേഖരൻനായർ.

I

കാർണികയങ്ങു തനിച്ചു വയലിൽനി–
ന്നാൾക്കളാരവം തൂകുംകുമാരിയെ:

നെല്ലണിക്കതിർകൊയ്തു വിനത ഏൽ-
ഫുല്ലഗാനലഹരികൈക്കൊള്ളുന്നു;

ഒതല്ലകറാകൾകെട്ടുന്നു, സംഗീത-
മാല്യമുത്തു പിഴയ്ക്കാതിടയ്ക്കവൾ;

ഉററുകേൾക്കിൻ:—ഇത്താഴ്വരയിങ്കലൻ-
പുററൊരീണം തുളുമ്പിമറിയുന്നു!

ഏതുവേനലിൻ വൃക്ഷത്തണലിലും
പൂതരാഗമധുരിമയിങ്ങനെ

രാനമ്പാടികൾ ക്ലടിയുമധ്വഗ -
ഗ്ലാനിതീർത്തു പൊഴിക്കമാറില്ലഹോ!

ഏതുവാസന്തസൽപുലർവേള,യി-
മ്മാതിരിക്കണ്ഠനേമ്മകേട്ടിടുവാൻ,

ചിത്തമോഹനം മാന്തളിർതോപ്പുകൾ-
ക്കിത്തരം കുയിൽനാദവും ലഭ്യമോ!

II

ഗ്രാമകന്യക, സ്വേദകണങ്ങളോ-
ടോമനിക്കുമാ ഗാനങ്ങളെന്തുവാൻ?

പണ്ടുപേരാന്ന പോരിൻകഥാമൃതം,
രണ്ടുമൂന്നു പുരാണസ്വയംവരം;

അല്ല, യേതോഹൃദയംതകർന്നെഴ-
മല്ലലിൻപരികീർത്തനമായ് വരാം!

പോയകന്നതു, മന്നൽഭവിച്ചതു-
മായകഷ്ടതാഗീതികളാമവ!

എന്തൊരുൽകൃഷ്ടസംഭവമാകില-
മന്തമില്ലാതെ പാടിനിന്നാളവൾ;

കൊയ്ത്തരിവാളണച്ചു, കുനിഞ്ഞുതൻ
കൊയ്ത്തുജോലിയുമൊപ്പം നടത്തിനാൾ,

ഏക,നാട്ടുംപുറപ്രസാദാഞ്ചിത-
സേക,യേകാന്തലക്ഷ്മിവിശാരദ!

നിന്നവിടെച്ചെവികുളിർത്തൊരുഞാൻ
പോന്നിതപ്പൊഴേ കുന്നേറിയെങ്കിലും,

അന്നുകേട്ടൊരഗ്ഗാനസന്തുഷ്ടിയാ-
ലിന്നുമെന്മനമിമ്പസമ്പുഷ്ടമാം!!

---


പണ്ഡിററ് ഡി. ഗോപാലാചാർലുവിൻെറ

## ജീവാമൃതം

ആധുനികകാലത്തെ ജോലിക്കൂടുതൽ നിങ്ങളുടെ ആരോഗ്യത്തെ സാവധാനത്തിൽ ഹനിക്കുന്നു; തൽഫലമായി നിങ്ങൾക്കു ക്ഷീണം, സ്വരകം സംബന്ധിച്ചുള്ള രോഗങ്ങൾ, തലവേദന, വേഗത്തിൽ കോപം വരുക മുതലായവ ഉണ്ടാകുന്നു. ഇവ സ്ഥിരമായി നിങ്ങളെ ബാധിക്കുന്നതിനു മുമ്പായി അവയെ അകററേണ്ടതു ആവശ്യമാണു്; അതിനു ഉത്തമമായ മാർഗ്ഗം ജീവാമൃതം ഉടൻതന്നെ സേവിച്ചുതുടങ്ങുകയത്രേ. ഫലപ്രദമായ ഈ ഔഷധം നിങ്ങളുടെ രക്തത്തെ വർദ്ധിപ്പിക്കുകയും, സിരകളെ ബലവത്താക്കുകയും, നഷ്ടമായിത്തീന്ന ഉന്മേഷത്തെ വീണ്ടെടുക്കുകയും, നിങ്ങൾമുമ്പുഇരുന്നതുപോലെ ഊർജ്ജസ്വലനും ആരോഗ്യമുള്ള ഒരു മനുഷ്യനാക്കിത്തീക്കുകയുംചെയ്യും.

എല്ലാസ്ഥലത്തും ലഭിക്കും.

വലുതു് 3 ക. 4 ണ. ചെറുതു് 1 ക. 12 ണ.

നിർമ്മാതാക്കൾ

ആയുർവ്വേദാശ്രമം

പോസ്റ്റ്ബാക്സ് 287, മദ്രാസ്.

# നമ്പൂതിരിമാരും ഫലിതവും.

ഈ. ഈ. പണ്ടാരത്തിൽ ബി. എ.

"കാലത്തിലർദ്ധാം നിശയായ്കഴിഞ്ഞു'പോകുന്നതിൽ കഷ്ടതരമാണു ഫലിതങ്ങൾ പകുതിയിൽ അധികവും പറച്ചിലിൽ കഴിഞ്ഞുപോകുന്നതു്. "വെടിപറയുക" ഒരു കലാവിദ്യയാക്കിത്തന്നെ തീർത്തിരിക്കുന്ന നംപൂതിരിമാരുടെ ഫലിതങ്ങൾ എത്രതന്നെ അന്തരീക്ഷത്തിലെ ഭ്രമണമാത്രത്തിൽ ലയിച്ചിരിക്കണം! സാഹിത്യവും ഫലിതവും വളരെ സാമീപ്യമുള്ളവയാണു്. രസാത്മകമായ വാക്യമാണു കാവ്യമെങ്കിൽ ഫലിതത്തിന്റെയും ചമൽക്കാരം ഹാസ്യരസത്തിന്റെ പ്രാധാന്യമാണു് "ബഹുരസമായി" എന്നാണല്ലോ ഫലിതത്തിനുള്ള സർട്ടിഫിക്കറു്

സംസ്കൃതസാഹിത്യം ഹാസ്യരസത്തിനു ഒരു നല്ല സ്ഥാനം കല്പിച്ചിരുന്നു. ശ്ലേഷപദങ്ങൾക്കുള്ള സുലഭത ഫലിതങ്ങൾക്കു അനുകൂലിച്ചും ഇരുന്നു.

'ആകാരോഹ്രസ്വഃ' എന്നുള്ള ഉദ്ദണ്ഡശാസ്ത്രികളുടെ അഭിപ്രായപ്രകടനവും ബാലനായ കാക്കശ്ശേരി ഭട്ടതിരിയുടെ "ആകാരോ ദീർഘഃ" (ആകാരം='ആ' എന്ന അക്ഷരം) എന്നആക്ഷേപവുംസുപരിചിതമാണല്ലോ. ആംഗ്ലേയസാഹിത്യമല്ലനായിരുന്ന ഡാക്ടർ ജാൺസൺ ഈമാതിരി ശ്ലിഷ്ടവാചകങ്ങൾ (Puns) നന്നായാൽ ഫലിതത്തിൽ ഒന്നാംതരമായി ഗണിക്കപ്പെടാമെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഫലിതം പിന്നാലെ നടന്നു കുറിച്ചെടുക്കുവാൻ ബാസ്വെൽ എന്ന ഒരു സഹൃദയശിഷ്യനെ ലഭിക്കുവാനുള്ള ഭാഗ്യം ആംഗലസാഹിത്യത്തിനു സിദ്ധിച്ചു സാമൂതിരിയും പതിനെട്ടരക്കവികളും കളിയാടിയിരുന്ന വിദ്വൽസദസ്സിലെ സംഭാഷണങ്ങൾക്കു ഒരു ബാസ്വെലിനെ കിട്ടിയിരുന്നെങ്കിൽ എത്രവാല്യം ഫലിതങ്ങൾ കാണുമായിരുന്നു! ഐതിഹ്യങ്ങളുടെ അനുബന്ധങ്ങളായി ഏതാനും ഒററശ്ലോകങ്ങൾ അങ്ങിങ്ങായി കിടക്കുന്നതുമാത്രം ഇന്നു നമുക്കു ലക്ഷ്യങ്ങളാണു്.

ഫലിതത്തിന്റെ ഒരു നിക്ഷേപവും, ഒരക്ഷയപാത്രവുമാണു കേരളത്തിലെ ചാക്യാർക്കൂത്തു്. ക്ഷേത്രങ്ങളുണ്ടെങ്കിൽ അവിടെ കൂത്തും ഉണ്ടായിരുന്നു. ഇതിന്റെ ഉപയോഗത്തിനായുണ്ടായ 'മത്തവിലാസം' മുതലായ പ്രഹസനങ്ങളുടെയും പ്രബന്ധങ്ങളുടെയും പ്രണേതാക്കന്മാർ ഭൂരിഭാഗവും നംപൂതിരിമാരായിരുന്നു എന്നു ഓർക്കുമ്പോൾ ഹാസ്യരസത്തിനുള്ളസ്ഥാനം നിർണ്ണയിക്കാവുന്നതാണു. എന്നാൽ ഫലിതരസികത്വത്തിനു പ്രധാനമായി വേണ്ട ഒരു ഗുണം ഇന്നു പാശ്ചാത്യരാജ്യങ്ങളിൽ ഒരു പ്രധാനഗുണമായി കരുതിവരുന്ന ഫലിതസഹിഷ്ണുതയാണു്. "കഥകളിലിങ്ങനെ പലതു പറയും—അതുകൊണ്ടാർക്കും പരിഭവമരുതു്" എന്നു ശ്രോതാക്കളുടെ മനസ്ഥിതിയെ കുഞ്ചൻനമ്പ്യാർ ക്ഷണിക്കുന്നുണ്ടല്ലോ. ആ ഉദാരബുദ്ധി ചാക്യാർക്കു നിരപേക്ഷമായിത്തന്നെ നൽകിയിരുന്നു. ഇന്നത്തെ ഹാസപത്രങ്ങളിലും മാസികകളിലും കാണാറുള്ളവിധംതന്നെവ്യക്തിഗതമായിപ്പോലുമുള്ള പരിഹാസസ്വാതന്ത്ര്യം ചാക്യാർക്കു അലിഖിതമായ ഒരു സമുദായമര്യാദഅനുവദിച്ചുവന്നിരുന്നു. ഇതോത്തു ശക്തൻരാജാവുതുടങ്ങിയുള്ളവരുടെ രാജകോപംപോലും ഉത്തരക്ഷണത്തിൽ വിവേകംകൊണ്ടു തണുത്തിട്ടുണ്ടു്. ഫലിതകർത്താക്കന്മാരോടു വിദ്വേഷംജനിച്ചു "കൈവെയ്ക്കാൻ അന്നു ഒരുമ്പെട്ടിരുന്നെങ്കിൽ ചാക്യാർക്കൂത്തു ഒരു തലമുറകൊണ്ടു തീർന്നപോകുമായിരുന്നു. സമുദായദോഷങ്ങളുടെ പരിഹാരത്തിനു ഹാസ്യനിരൂപണം satire ഒരു സിദ്ധൌഷധമാണെന്നു അന്നുതന്നെ കണ്ടറിഞ്ഞിരിക്കണം. വൈഷ്ണവമായ ഒരു സർവംസഹത്വം നംപൂതിരിക്കുണ്ടായിരുന്നു ഇന്ദുലേഖയിൽ 'വിഢിത്വത്തിന്റെ കോമരമായ ഒരു സൂരിനംപൂതിരിയുണ്ടെങ്കിൽ അദ്ദേഹത്തിനെക്കൊണ്ടു വിവേകപുരസ്സരം ഒരു മന്ദഹാസം അമർത്തുന്നതിനു ഒരു കറുത്തേടവും ഉണ്ടു്. സ്വന്തംന്യൂനതകളെ സ്വയം കണ്ടുപറയുന്നതിനുള്ള ഒരു നിറഞ്ഞ രസികത്വംതന്നെയാണു സാക്ഷാൽ ഹാസ്യരസം (Humour). ഇതു പ്രകടമായ പ്രതിഭാശക്തിയിൽ കേന്ദ്രീഭവിച്ചു കുറിക്കുകൊള്ളുന്ന ഒററവാക്യത്തിൽ പ്രവഹിച്ചാൽ അതു ഫലിതമായി. ഫലിതത്തിന്റെ മൂർച്ഛ, തൂലികക്കു വാളിനെക്കാൾ ശക്തിയുണ്ടെന്നുള്ള ആപ്തവാക്യത്തെ സ്പഷ്ടമാക്കുന്നുണ്ടു്.

വാക്കിലെന്നപോലെ പ്രവൃത്തികളിലും ഫലിതം കാട്ടാമെന്നു ദൃഷ്ടാന്തീകരിച്ച ഒരു കഥാപുരുഷനാണുനടുവിലേപ്പാട്ടു്. ആഖ്യായികകൾക്കും ചെറുകഥകൾക്കും പരിണാമഗുപ്തിയെങ്ങനേയോ, അതുപോലെ നടുവിലേപ്പാടിന്റെ വിക്രിയകളുടെ രസികത്വം അവ എങ്ങിനെ കലാശിക്കുമെന്നുള്ളകഥ ആർക്കും നിശ്ചയമില്ലാതിരുന്നതിലാണല്ലോ. നിർദ്ദോഷമായ വികടത്വം നംപൂതിരിമാർക്കു ഒരു വരലബ്ധിപോലെയിരുന്നു. നായന്മാർക്കു് പടയണിയെന്നപോലെ നംപൂതിരിപടയാളികൾക്കുള്ള ഒരു വിനോദമായിരുന്നു "ശാസ്ത്രക്കളി" (യാത്രകളി) എന്ന നംപൂതിരിമാരുടെ പ്രസ്ഥാനമെന്നൂഹിക്കാം. 'ആസ്യന്മാർ'എന്ന നംപൂതിരിമാരുടെ ഒരു അവാന്തരവിഭാഗത്തിന്റെപേർതന്നെ അസിപ്രയോഗശീലത്തെക്കുറിച്ചിരിക്കണം. "യാത്രകളിയിൽ" ആപാദചൂഡം കാര്യംകലർന്നകളിയാണു്. അന്നുകേരളത്തിൽ പുതുതായി വന്നിരുന്ന പലവിദേശിയരുടേയുംവേഷംകെട്ടുക (mimicry=മിമീകരണം?), ഇതിൽ സാധാരണമാണു് ജോനകമാപ്പിള, കൊങ്ങിണി മുതലായി കാലക്രമേണ പല പരിഷ്കാരവും കലർത്തിയിരുന്നു.

ഹാസ്യപ്രതികൃതികൾ (parody) കേരളത്തിൽ പ്രാചീനകാലത്തുതന്നെ ഉണ്ടായിരുന്നു. നംപൂതിരിമാർ പാവനമെന്നു ബഹുമാനിച്ചിരുന്ന വേദങ്ങൾക്കും, ശബ്ദസാമ്യംകൊണ്ടു വികടമായ തുല്യകവിതകൾ മലയാളത്തിൽ ചമച്ചു വേദധ്വനികൂടിയും പകർത്തിയിട്ടുണ്ടു് എന്നോർക്കുമ്പോൾ അവരുടെ സഹജമായ ഫലിതത്തിന്റെ ശക്തി ഊഹ്യമാണല്ലോ. പക്ഷേ ഈ വക കൃതികളിൽ പലതും വരമൊഴിയിൽവരേണ്ട ആവശ്യം കരുതായ്കയായിരിക്കാം, സഭ്യമല്ലാത്തവിധം ആഭാസമായിപ്പോയിട്ടും ഉണ്ടു്. ചേലപ്പറമ്പിന്റെ "ഭക്ത്യാഞാനെതിരേകളിച്ചു"എന്ന ശ്ലോകത്തിന്റെ ഹാസാനുകൃതി ആദ്യവും അസ്സൽ പിന്നീടും ഉണ്ടായിട്ടുള്ളതാണെന്നു ഐതിഹ്യരസികന്മാർക്കു അറിവുള്ളതാണല്ലോ.

ഫലിതം ഗൌരവതരങ്ങളായ പലതിലും പ്രേരിപ്പിച്ചിട്ടും ഉണ്ടു്. അതുവരെ കവിതാവിഷയത്തിൽ മൂകനായിരുന്ന വാതുപട്ടേരി (വാസുദേവഭട്ടതിരി) രാവിലെ താമസിച്ചുവരുന്നതു കണ്ട യുവസഖാക്കൾ "ഇതഇത വാതുവരുന്നു" എന്നു തുടങ്ങിയപ്പോൾ, അന്നു സരസ്വതീപ്രസാദം ലഭിച്ച ആ വിദ്വാൻ "വെററിലതിന്നാഞ്ഞെനിക്കു വാ, തുവരുന്നു"എന്നു തട്ടിവിട്ടു. ആ മുറക്കുതന്നെ "കൊടിയിതപയ്യായിനിമേൽ," പകാംതിന്നിട്ടിനിക്കു പയ്യായിനിമേൽ എന്നു ആ ശ്ലോകം പൂർത്തിയായി. ഈ നേരമ്പോക്കിന്റെ ഫലമായിട്ടുള്ള പര്യവസാനമാണു വാതുപട്ടേരിയും, അദ്ദേഹത്തിന്റെ യമകവൃന്ദത്തിൽ രചിക്കപ്പെട്ടിട്ടുള്ള "യുധിഷ്ഠിരവിജയം"കാവ്യം.

ഈ ഫലിതകൃതികൾ പാശ്ചാത്യദേശങ്ങളിൽ സമ്പർക്കമജ്ജനത്തിനുകൂടി പര്യാപ്തമായ ഒരു സാഹിത്യപ്രസ്ഥാനമാണെന്നു 'ഈവോ' ("Evoe") ഏ. പി. ഹെർബർട്ടു് (A. P. Herbert) മുതലായ പഞ്ചിലെ (Punch) രസികന്മാർ കാട്ടിത്തന്നിരിക്കുന്നു കേരളീയർതന്നെ ഫലിതത്തിൽ അദ്വിതീയരാണു്. നംപൂതിരിമാർക്കും ആ കേരളീയതയായിരുന്നു അനുഗ്രഹം. പ്രകൃതിയുടെ ദാതൃത്വംകൊണ്ടുള്ള അലസജീവിതമായിരിക്കാം ഫലിതസമൃദ്ധിയുടെ കാരണം. എങ്കിലും ഹൃദയവിപഞ്ചിയുടെ ഒരു തന്ത്രിയെങ്കിലും പൊട്ടാതെ യത്ഥാർത്ഥമായ ഫലിതം പുറപ്പെടാറില്ല ആംഗ്ലേയഫലിതകർത്താക്കന്മാരുടെ ജീവചരിത്രങ്ങളിലെ ദുരിതം നമുക്കറിയാം. കേരളീയ സാഹിത്യരസികന്മാരിൽ പ്രാചീനന്മാരുടെ ജീവിതകഥ നമുക്കിന്നു കിട്ടുന്നില്ലന്നേഉള്ളൂ. ഏതായാലും സംസ്കാരസൂര്യൻ ഉച്ചതിരഞ്ഞു പടിഞ്ഞാട്ടു ചായുമ്പോഴാണു സാധാരണ ലോകചരിത്രത്തിൽ ഫലിതകാവ്യങ്ങളുടെ സുലഭപ്രസൂതി. അതിനു ഏതാണ്ടു നമ്പൂതിരിസമുദായവും ലക്ഷ്യമാണെന്നുതോന്നുന്നു. വിഷമവിഷഹനംകൊണ്ടു വിധംമാറിയ ഇന്നത്തെ നമ്പൂതിരിസമുദായത്തിൽ ഫലിതം ഇന്നും അനല്പമായി നിലനിൽക്കുവാൻ ആശിക്കാം. അതു അച്ചിൽപതിയാനും ഇടവരട്ടെ.

ചെറുകഥാപംക്തി

# പൂനിലാവ്.

എസ്സ്. കുഞ്ഞൻനായർ, ആലുവാ.

സിദ്ധാനന്ദൻ എന്ന പേരു് അദ്ദേഹം സ്വയം വരിച്ചതാണു്. ഇക്കാലത്തു് കാവിവസ്ത്രം ധരിച്ചു് നടക്കുന്ന 'ആനന്ദാ'ന്തനാമധേയന്മാരായ ചില കപടവേദാന്തികളെപ്പോലെ ബാഹ്യപ്രകൃതിയിൽമാത്രം ലൌകികവ്യാപാരങ്ങൾ വെടിഞ്ഞ ഒരാളല്ലാ നമ്മുടെ സിദ്ധാനന്ദൻ. ഭൂമിയിലുള്ള സകല പദാൎത്ഥങ്ങളും അദ്ദേഹം ഈശ്വരന്റെ ലീലാവിശേഷമായിട്ടാണു കരുതുന്നതു്. ഈശ്വരന്റെ എല്ലാ പ്രവൃത്തികളിലും ആന്തരമായ ചില ഉദ്ദേശങ്ങളും നിശ്ചയങ്ങളും ഉണ്ടെന്നു അദ്ദേഹത്തിനു നല്ല ബോദ്ധ്യമാണു്.

സ്വാശ്രമത്തിലെ ആരാമത്തിൽക്കൂടെ സഞ്ചരിക്കുമ്പോൾ സിദ്ധൻ തന്റെ ആത്മാവിനോടു് ഇങ്ങനെ ചോദിക്കാറുണ്ടു്. "ദൈവം എന്തിനിതെല്ലാം സൃഷ്ടിച്ചു? ഞാൻ അദ്ദേഹത്തിന്റെ ദാസനാണല്ലോ. ആ സ്ഥിതിക്കു് ഈശ്വരന്റെ ഇംഗിതങ്ങൾ വേണ്ടതുപോലെ ഗ്രഹിക്കേണ്ടതു എന്റെ കടമയാണു്. മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിലും എന്തുകൊണ്ടു് അവയെപ്പററി ചിന്തിച്ചുകൂടാ?

"പ്രകൃതിയിലുള്ളതെല്ലാം കാൎയ്യകാരണസംയുക്തമായും അഭിന്നദനിയമായും ആണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. പ്രഭാതം നമ്മെ നിദ്രയിൽനിന്നുമുയൎത്തി ഉന്മേഷചിത്തരാക്കുവാനും, സൂൎയ്യൻ ഫലമൂലാദികൾക്കു വേണ്ട വളർച്ചയെ കൊടുക്കാനും, മഴ അവയെ നനയ്ക്കാനും, അന്ധകാരമയമായ നിശ നമ്മെ ഉറക്കുവാനുംആണു വിനിശ്ചിതമായിട്ടുള്ളതു്."

കാലങ്ങളെല്ലാം കൃഷിക്കനുയോജ്യമായവിധത്തിൽ മാറിക്കൊണ്ടിരിക്കുന്നതുമൂലം പ്രകൃതി തീരെ ഉദ്ദേശ്യരഹിതയെന്നു് സിദ്ധനു തോന്നിയിരുന്നില്ല. എന്നാൽ സിദ്ധാനന്ദൻ സ്ത്രീകളെ നിശ്ശേഷം വെറുത്തിരുന്നു. "......കാമിനിമൂലം കലഹം പലവിധമുലകിൽ സുലഭം" എന്ന മഹാകവിവാക്യം അദ്ദേഹം സദാ ഉരുവിട്ടിരുന്നു. ദൈവം പോലും സ്ത്രീസൃഷ്ടിയാൽ തീരെ അതൃപ്തനായിത്തിൎന്നിട്ടുണ്ടെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. പാപകാരണമായ അവരുടെ ശരീരത്തേക്കാൾ പ്രേമസംപൂൎണ്ണമായ ഹൃദയത്തെ അദ്ദേഹം കൂടുതൽ വെറുത്തിരുന്നു.

അംഗനാമണികളുടെ സൌന്ദൎയ്യസുഷമയും, കടാക്ഷവീക്ഷണങ്ങളും സിദ്ധഹൃദയത്തെ ചഞ്ചലിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം അവരിൽകാണുന്ന പ്രേമചാപലത്തെ പ്രക്ഷുബ്ധമതിയായി നിഷേധിച്ചിട്ടുണ്ടു്. ദൈവം ഈ ജാതിയെ സൃഷ്ടിച്ചിരിക്കുന്നതു് പുരുഷന്മാരെ ഇണക്കാനും അവരുടെ മനോദാൎഢ്യത്തെ പരീക്ഷിക്കാനുംവേണ്ടിയാണെന്നു് സിദ്ധൻ വിശ്വസിച്ചിരുന്നു. സ്ത്രീകളെ കണ്ടാൽ ഏതോ ഭയങ്കരവിപത്തിൽനിന്നു് രക്ഷപ്രാപിക്കാൻ തുനിയുന്നതുപോലെ അദ്ദേഹം പലായനം ചെയ്യും.

സിദ്ധാനന്ദനു് ഒരു സഹോദരിയും അവൾക്കു ഒരു മകളുമുണ്ടായിരുന്നു. അവർ അദ്ദേഹത്തിന്റെ വസതിക്കടുത്തു ഒരു ഗൃഹത്തിലാണു താമസിച്ചിരുന്നതു്. സ്വഭാഗിനേയി ഒരു തപസ്വിനിയായിത്തീരണമെന്നു അദ്ദേഹത്തിനു വലിയ ആശയുണ്ടായിരുന്നു.

സിദ്ധഭാഗിനേയി ഒരു സുന്ദരിയായിരുന്നു. അമ്മാവൻ ആത്മീയകാൎയ്യങ്ങളെപ്പററി സംസാരിക്കുമ്പോഴെല്ലാം അവൾ പരിഹാസരസത്തിൽ പൊട്ടിച്ചിരിക്കും. അവളുടെനേരെ നീരസമായി നമ്മുടെ യോഗി കണ്ണുരുട്ടും. അവളകട്ടെ അദ്ദേഹത്തെ ചില സാന്ത്വനോക്തികൾകൊണ്ടു ശാന്തനാക്കും. സ്വാത്മാവിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ദൈവത്തെപ്പററി അദ്ദേഹം പലപ്പോഴും അവളോടു പറയും. ഇതൊന്നുംതന്നെ അവൾ ശ്രദ്ധിക്കാതെ പരിസരപ്രദേശങ്ങളിലുള്ള മനോഹരവസ്തുക്കളെ പരിവീക്ഷണംചെയ്തു ലൌകികസുഖത്തിൽ മനസ്സിനെ ആറാടിച്ചുകൊണ്ടിരിക്കും. പറന്നുനടക്കുന്ന ചിത്രശലഭങ്ങളെ ഓടിച്ചെന്നു പിടിച്ചു സിദ്ധാനന്ദന്റെ അടുക്കൽ കൊണ്ടുവന്നു പറയും. "അമ്മാവാ! ഇതു നോക്കൂ, എന്തൊരു ഭംഗി! ഇതിനെ ഞാനൊന്നാശ്ലേഷിക്കട്ടെ" ഇതു കേൾക്കുന്ന മാത്രയിൽ യോഗിയുടെ കണ്ണു ചുവക്കും, ദേഹം വിറയ്ക്കും. അൎത്ഥശൂന്യമായ ഈ പ്രലപനത്താൽ അദ്ദേഹം അത്യന്തം കോപാവിഷ്ടനാകും.

ഒരുദിവസം അദ്ദേഹത്തിന്റെ പരിചാരിക തിടുക്കത്തിൽ വന്നു അദ്ദേഹത്തോടുപറഞ്ഞു "സിദ്ധാനന്ദാ! അങ്ങയുടെ ഭാഗിനേയിക്കു ഒരു കാമുകനുണ്ടു്."

ഭക്ഷണംകഴിച്ചുകൊണ്ടിരുന്ന സിദ്ധൻ ഇതു കേട്ടമാത്രയിൽ കോപംകൊണ്ടു വിറച്ചു. കൈകഴുകാതെഴുന്നേററു ചിന്താമഗ്നനായി അല്പം നിന്നശേഷം ഇങ്ങനെ പറഞ്ഞു. "ഛേയ്! ഇങ്ങനെ വരാനിടയില്ല. ഇതു കളവായിരിക്കും."

പരിചാരിക മാറത്തു കൈവച്ചുകൊണ്ടു പറഞ്ഞു. "സിദ്ധാനന്ദാ! ഞാൻ അങ്ങയുടെ മുഖത്തുനോക്കി അസത്യം പറയുകയാണെങ്കിൽ ദൈവം എന്നെ ശിക്ഷിക്കട്ടെ. അങ്ങയുടെ സഹോദരി നിദ്രയ്ക്കാരംഭിക്കുമ്പോളാണു മകൾ സങ്കേതസ്ഥലമായ നദീതീരത്തിലേക്കു പോകുന്നതു്. വിശ്വാസമില്ലെങ്കിൽ രാത്രി പത്തുമണികഴിഞ്ഞു അങ്ങുതന്നെ അവിടെ ചെന്നു നോക്കണം"

കൈകഴുകി അദ്ദേഹം അക്ഷമനായി വരാന്തയിൽ ഉലാത്തിക്കൊണ്ടിരുന്നു. എന്തു പ്രവൃത്തിചെയ്താലും അതു അമംഗളത്തിൽ കലാശിക്കും. 'ചിറകററ മിന്നാമിനുങ്ങുപോലെ' ഒരുവിധത്തിൽ 'അറുപകൽ നീങ്ങിയിഴഞ്ഞു' സന്ധ്യാവന്ദനംകഴിച്ചു, അല്പമൊന്നു വായിക്കാമെന്നുറച്ചു പുസ്തകം




കൈയ്യിലെടുത്തു. ഒരക്ഷരം കാണുവാൻ വയ്യ. കലിബാധിതനായ അദ്ദേഹം ഇതികർത്തവ്യതാമൂഢനായി കുറേയധികംനേരമിരുന്നു. മണി പത്തടിച്ചു. അദ്ദേഹം പിടഞ്ഞെഴുന്നേററു നടക്കാൻപോകുമ്പോൾ ഉപയോഗിക്കാറുള്ള വടിയുമെടുത്തു് വാതിൽ തുറന്നു പുറത്തിറങ്ങി. അന്നത്തെ അസാധാരണമായ പൂനിലാവു കണ്ടു വിസ്മയസ്തബ്ധനായി അല്പനേരം അവിടെത്തന്നെ നിന്നു.

അപൂർവ്വദൃഷ്ടമായ ഈ ജ്യോൽസ്നയിൽ കുളിച്ച ആരാമത്തിലെ തരുക്കളും ലതകളും സിദ്ധനയനങ്ങളെ ഹഠാദാകർഷിച്ചു വെള്ളിയലുക്കിട്ട പത്രങ്ങളിൽ ചെറുതെന്നൽ തട്ടി പുറപ്പെടുവിക്കുന്ന മൃദുമർമ്മരം അദ്ദേഹത്തോടു ചിലതെല്ലാം ആമന്ത്രിച്ചു. ഇയോഗിയുടെ ഹൃദയചകോരം ചന്ദ്രികാപാനംചെയ്തു ഉന്മത്തനായി സ്വഭാഗിനേയിയെപ്പററിയുള്ള സകലതും വിസ്മരിച്ചു. ഉദ്ദിഷ്ടസ്ഥലത്തിന്നു് സമീപം അദ്ദേഹമെത്തിയതും അറിഞ്ഞില്ല യോഗിക്കു് എന്തോ ഒരു മനശ്ചാഞ്ചല്യമുണ്ടായതുപോലെ തോന്നി. ക്ഷീണഗാത്രനായി ഒരു ശിലയിൽ ഉപവിഷ്ടനായി. ദൈവത്തിൻെറ ഈ ലീലാവിശേഷങ്ങൾ കണ്ടു് അദ്ദേഹം അഗാധചിന്തയിലാണ്ടു. താൻ പലപ്പോഴും സ്വയം ചോദിക്കാറുള്ള ആ ചോദ്യം അപ്പോഴും ചോദിച്ചു. "ദൈവം എന്തിനിതെല്ലാം സൃഷ്ടിച്ചു? നിർന്നിമേഷമായി സുഖനിദ്രചെയ്യുന്നതും, സകലതും മറന്നു് വിശ്രമസൌഖ്യമനുഭവിക്കാനും വേണ്ടിയുള്ള ഈ നിശ പകലിനേക്കാൾ സുന്ദരതരവും, സന്ധ്യാസമയങ്ങളേക്കാൾ ഹൃദ്യതരവും ആയിരിക്കാനുള്ള കാരണമെന്താണു്? ദിവാകരനേക്കാൾ എന്തുകൊണ്ടാണു് നിശാകരമായ ഈ ഗോളം കൂടുതൽ ആനന്ദദായകമായി തീർന്നിരിക്കുന്നതു്? ഈ ഗോളം രാവിനെ ഏററവും ഹൃദ്യവും, മോഹനവുമാക്കുന്നു. ഇത്ര സൌന്ദര്യം പകലിനുപോലുമില്ലല്ലോ?

"ഗായകപ്രമാണികളായ പറവക്കൂട്ടങ്ങൾ എന്തുകൊണ്ടാണു് ഈ നിശാവേളയിൽ, ലോകമെല്ലാം സുഖസുഷുപ്തിയിൽ ലയിച്ചിരിക്കുന്ന ഈ അവസരത്തിൽ ഉണർന്നിരുന്നു് സംഗീതംപൊഴിക്കുന്നതു്?

"എന്തിനാണു ഈ മൃദുലദുകൂലം ദൈവം ഭൂമിയെ ചാർത്തിച്ചിരിക്കുന്നതു്? ഭൂമിദേവിയുടെ ഈ മൂടുപടം എന്തുകൊണ്ടു് എൻെറ ഹൃദയത്തെ ചഞ്ചലിപ്പിക്കുന്നു, ശരീരത്തെ പുനർജ്ജീവിപ്പിക്കുന്നു? വിശ്രമസുഖാർത്ഥം ശയ്യാവലംബികളായിരിക്കുന്ന മനുഷ്യക്കുവേണ്ടിയാണോ ചേതോഹരങ്ങളായ ഈ രംഗങ്ങൾ, കവിതനിറഞ്ഞ ഈ കാഴ്ചകൾ ദൈവം ഭൂമിയിൽ നിക്ഷേപിച്ചിരിക്കുന്നതു്?"

സിദ്ധനു ഒന്നുംതന്നെ മനസ്സിലാക്കാൻ സാധിച്ചില്ല.

കുറച്ചകലെയായി, നദീതീരത്തിലുള്ള മൈതാനത്തിൽ, ദിവ്യമായ ഈ ചന്ദ്രികയിൽ നീരാടി മന്ദാനിലനേററുകൊണ്ടു് രണ്ടു പേർ അലസഗമനംചെയ്യുന്നതായിക്കണ്ടു.

കാമുകൻെറ സുദീർഘങ്ങളായ ബാഹുക്കൾ, സ്വപ്രേമഭാജനത്തിൻെറ ഗളതലത്തെ വലയംചെയ്തിരുന്നു അവളുടെ കപോലതടത്തിൽ ഇടയ്ക്കിടെ പ്രേമമുദ്രകൾ അർപ്പിച്ചും, പരസ്പരംനർമ്മസല്ലാപംചെയ്തും ആ ചന്ദ്രികയിൽ അവർ സാനന്ദം വിഹരിച്ചു. അവർ ഏകദേഹംപോലെ, ഏകപ്രാണൻപോലെ സിദ്ധനു കാണപ്പെട്ടു. നിശയുടെ ഈ മനോഹാരിത ഇവക്കുവേണ്ടിയാണോ വിരചിതമായിട്ടുള്ളതെന്നു തോന്നി. ഈ കാമിനീകാമുകന്മാർ അദ്ദേഹത്തിൻെറ സകലസംശയങ്ങൾക്കും സജീവമായ ഒരു പ്രത്യുത്തരംപോലെ പ്രത്യക്ഷരായി. അവർ സാവധാനത്തിൽ അദ്ദേഹത്തെസമീപിച്ചു.

സിദ്ധൻ നിശ്ശബ്ദമായിനിലകൊണ്ടു. അദ്ദേഹത്തിൻെറ ഹൃദയസ്പന്ദനം വ്യക്തമായി വെളിയിൽ കേൾക്കാമായിരുന്നു. ഈ കാമിനീകാമുകന്മാർ വൃന്ദാവനത്തിലെ രാധാകൃഷ്ണന്മാരായും, ഇതെല്ലാം പൌരാണികമായ ഏതോ ദിവ്യകഥയായും സിദ്ധനു തോന്നി. പുരാണങ്ങളിലെ ചില ഗീതങ്ങൾ അദ്ദേഹത്തിൻെറ കർണ്ണപുടങ്ങളിൽ പ്രതിധ്വനിച്ചു.

സിദ്ധൻവിചാരിച്ചു, "പക്ഷേ ദൈവം ഈ നിശയെ യത്ഥാർത്ഥപ്രേമത്തിൻെറ സാക്ഷാൽകരണത്തിന്നു് സൃഷ്ടിച്ചതായിരിക്കാം".

അദ്ദേഹത്തെ സമീപിച്ചുകൊണ്ടിരുന്ന ആ പ്രേമധാമങ്ങളിൽനിന്നും രണ്ടടി പുറകോട്ടുമാറി "ദൈവേച്ഛയെ ഞാൻ നിഷേധിച്ചാലോ" എന്നു അദ്ദേഹം വിചാരിച്ചു. പരമാനന്ദദമായ ഈ പരിസരങ്ങൾ ഇവക്കായി സംഭാവനംചെയ്ത ദൈവത്തെ ഞാൻ ധിക്കരിക്കുകയോ? ഒരിക്കലുമില്ല. അവകാശമില്ലാത്ത ഒരു ദിവ്യക്ഷേത്രത്തിൽ താൻ അഹിതപ്രവേശം ചെയ്തുവെന്നു് ചിന്തിച്ചു ലജ്ജിതനായി സിദ്ധൻ തിരിച്ചുപോയി.


## വെൺകുഷ്ഠവും പാണ്ടും.

ഈ ഔഷധം ഏതാനുംദിവസം ഉപയോഗിക്കുന്നതായാൽ വെൺകുഷ്ഠവും പാണ്ടും നിശ്ശേഷം ശമിക്കുന്നു. ആറുആറു ഹാക്കിംമാരും ഡാക്ടർമാരും കവിരാജന്മാരും പരസ്യങ്ങളും വിചാരിച്ചിട്ടും ഭേദമാക്കാൻ സാധിക്കാത്ത ഈ ഭയങ്കരരോഗത്തെ ഈ ഔഷധത്താൽ പൂർണ്ണമായി മാററുക നിഷ്ഫലമെന്നു തെളിയിച്ചാൽ 500-ക. ഇനാം.

അപേക്ഷ ഇംഗ്ലീഷിൽ.

Vidyaraj Akhil Kishore Ram,
No. 222. P. O. Katrisarai
(Gaya).





കോഴിക്കോട്ടു ഹിന്ദിപ്രേമിനീമണ്ഡലം.



സന്മാൎഗ്ഗനിഷ്ഠയെ ഹനിക്കുന്ന സംഗതികളെയെല്ലാം ഹനിക്കുന്ന ഒരു ദേശിയപ്രസ്ഥാനം ഹിററ്ലരുടെ കല്പനയനുസരിച്ചു ജൎമ്മനിയിൽ ആരംഭിച്ചിരിക്കുന്നു

*　　*　　*

പതിനേഴവയസ്സുപ്രായമുള്ള ഹിൽഡി ഗ്രാസ് എന്നയുവതിയെ ജൎമ്മനിയിലെസുന്ദരിയായി ജൎമ്മൻകാർ കൊണ്ടാടുന്നു. ഇവർ ഇപ്പോൾ ചലനചിത്രാഭിനയത്തിൽ ഏൎപ്പെട്ടിരിക്കയാണു്.

*　　*　　*

ഇരട്ടപ്രസവിച്ചു എന്നകാരണത്താൽ ഭൎത്താവിനു തന്നിൽ നീരസമുണ്ടായിരിക്കുന്നു എന്നും അതിനാൽ വിവാഹമോചനം അനുവദിക്കേണ്ടതാണെന്നുംഉള്ള മിസിസ്സ് ലൊപാത്ത്കാ (ചിക്കാഗോ)വുടെ അപേക്ഷയെ കോടതി അനുവദിച്ചിരിക്കുന്നു.

*　　*　　*

74-വയസ്സുപ്രായമുള്ള സ്ലിഗോസ്വദേശിയായ ഒരു മി. റോബർട്ട്ടൈലരെ ക്യാനഡിയൻകുതിരപ്പട്ടാളം ഊൎജ്ജിതമായി അന്വേഷിച്ചുവരുന്നു. ഒരു ആസ്ത്രേലിയൻ തന്റെ മരണപത്രികപ്രകാരം ഇരുപതിനായിരംപവൻ ടൈലൎക്കായി നീക്കിവച്ചിട്ടുള്ളതാണു അന്വേഷണത്തിന്റെ കാരണം.

*　　*　　*

ഒരു വമ്പിച്ചഭൂരിപക്ഷത്തോടുകൂടി സാർവോട്ടെടുപ്പിൽ ജൎമ്മനിക്കു വിജയംസിദ്ധിച്ചിരിക്കുന്നു. സാർപ്രദേശം ജൎമ്മനിക്കു മടക്കിക്കൊടുക്കുന്ന ചടങ്ങു് അടുത്തുതന്നെ നിൎവഹിക്കുന്നതിയായി ലീഗിന്റെ ആലോചനായോഗം ഉടൻ കൂടുന്നതാണു്.

*　　*　　*

ചൈനീസ്ടൎക്കിസ്ഥാനത്തിലെ വിപ്ലവകാലത്തു അവിടത്തെ രാജാവായിതീരുകയും പിന്നീടു ഇന്ത്യയെഅഭയംപ്രാപിക്കേണ്ടതായി വന്നുകൂടുകയുംചെയ്തു കുത്താൻരാജാവായിരുന്ന അമിർഅബ്ദുള്ളാ മെക്കായിലേക്കു തിരിച്ചിരിക്കുന്നു. ഹജ്"കഴിഞ്ഞശേഷം ഇന്ത്യയിലേക്കു മടങ്ങിഎത്താനാണു ഇദ്ദേഹം തീൎച്ചപ്പെടുത്തിയിരിക്കുന്നതു്.

*　　*　　*

പ്രസിദ്ധചലനചിത്രതാരമായ ക്ലാഡറവു കാൾബെർട്ടു ഒരു ഫിലിംകമ്പനിക്കാരുമായിചെയ്തു പുതിയ കരാറനുസരിച്ചു അവർ അഭിനയിക്കുന്ന ഓരോകഥയ്ക്കും കമ്പനിക്കാർ ഇരുപതിനായിരംപവൻവീതം പ്രതിഫലം കൊടുക്കേണ്ടതാണു്. ഇടയ്ക്കു മററുകമ്പനിക്കായി അഭിനയിക്കുവാനുള്ള സ്വാതന്ത്ര്യവും ഇവൎക്കുണ്ടായിരിക്കുന്നതാണു്.

വ.ദ്ധ

*　　*　　*

സോവിയററു ഉദ്യോഗസ്ഥന്മാൎക്കെതിരായുള്ള ഭീകരപ്രവൎത്തനങ്ങൾക്കായി റഷ്യയിലെ ടാൽഷാ എന്ന ഗ്രാമത്തിൽവച്ചു നാലാളുകളെ വെടിവച്ചുകൊന്നിരിക്കുന്നു. ചുററുമുള്ള പ്രദേശങ്ങളിൽനിന്നും ധാരാളം കൎഷകർ വിധിപ്രസ്താവിക്കുന്നതു കേൾക്കുവാനായി വന്നുകൂടുകയും, വിധിപ്രസ്താവിച്ചപ്പോൾ പ്രതികളോടുള്ള ബഹുമാനാൎത്ഥം "ചീയേഴ്സ്"വിളിക്കുകയും ചെയ്യുകയുണ്ടായി.

*　　*　　*

ഒരാണിവിഴുങ്ങിപ്പോയതിനാൽ ശസ്ത്രക്രിയയ്ക്കധീനയാകേണ്ടതായി വന്നുകൂടിയ ഒരു പെൺകുട്ടി ശസ്ത്രക്രിയനടന്നുകൊണ്ടിരിക്കുമ്പോൾ ചുമയ്ക്കയാൽ ആണി വെളിയിൽവരുവാൻ ഇടയായി. പക്ഷെ ഇതു ശസ്ത്രക്രിയയിൽ സഹായിച്ചുകൊണ്ടിരുന്ന ഡാക്ടരുടെ കണ്ണിൽ കടന്നുകൂടുകയാൽ അദ്ദേഹവും ഉടനടി ആപ്പറേഷനു വിധേയനാകേണ്ടതായി വന്നു.

*　　*　　*

ഇററാലിയൻസ്റ്റേററ് പണികഴിപ്പിക്കുന്ന ഇലക്ട്രിക്കുതീവണ്ടികൾ നടപ്പിലാകുമ്പോൾ സഞ്ചാരികൾക്കു മിലാനിൽനിന്നു ഫ്ലാറൻസുവഴിയായി റോമിലേക്കു ഏഴുമണിക്കൂറുകൊണ്ടും, അവിടെനിന്നു നേപ്പിൾസിലേക്കു ഒൻപതുമണിക്കൂറുകൊണ്ടും യാത്രചെയ്യുവാൻ സാധിക്കുന്നതാണു്. ഈ വണ്ടികൾക്കു മണിക്കൂറിൽ 90-മയിൽവേഗതയുണ്ടായിരിക്കും എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

*　　*　　"

കൊളംബിയാ സൎവകലാശാലയുടെ ആഭിമുഖ്യത്തിൽനടത്തിയ ഒരന്വേഷണത്തിൽ ഗൃഹജോലികൾകൾപുറമെ മററുജോലികൾകൂടിയുള്ള ഭാൎയ്യമാരാണു സന്തോഷകരമായി ജീവിതം കഴിച്ചുകൂട്ടുന്നതെന്നറിയുന്നു. മുപ്പത്തിയാറുപട്ടണങ്ങളുടെ പ്രതിനിധികളായി എത്തിച്ചേൎന്ന 632-സ്ത്രീകളിൽ ഭൂരിപക്ഷവും ഈ അഭിപ്രായക്കാരാണു്. ജോലിയുള്ളഭാൎയ്യമാർ ഭൎത്താക്കന്മാൎക്കു കൂടുതൽ സന്തോഷകാരണമായിത്തീരുന്നു എന്നു ഇവരിൽ പകുതിപ്പേരും അഭിപ്രായപ്പെട്ടു. ജോലിയും വിവാഹജീവിതവുമായി യാതൊരു ചേൎച്ചയില്ലായ്മയും ഇവർ കാണുന്നില്ല.

*　　*　　*

ജൎമ്മൻ സൎവകലാശാലകളിൽനിന്നും ഏതുതരം ഡിഗ്രി സമ്പാദിക്കുന്നതിനും വിദ്യാൎത്ഥികളും വിദ്യാൎത്ഥിനികളും കളികളിൽ (സ്പോർട്ട്സിൽ) പ്രാവീണ്യം നേടിയിരിക്കണമെന്നു കാണിച്ചുകൊണ്ടു വിദ്യാഭ്യാസമന്ത്രി ഈയിടെ ഒരുവിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ആറുമാസംവീതമുള്ള മൂന്നു ടേമുകളിൽ എല്ലാവിദ്യാൎത്ഥികളും നിശ്ചിതരീതിയിലുള്ള സ്പോർട്ട്സൽ മുടങ്ങാതെ പങ്കുകൊള്ളണമെന്നാണു വ്യവസ്ഥ. ഇതിൽ തൃപ്തികരമാംവണ്ണം വിജയംനേടാത്തവൎക്കു അടുത്തവൎഷത്തിൽ പഠിപ്പു തുടരാനോ, പരീക്ഷയ്ക്കു കൂടാനോ സാധിക്കുന്നതല്ല. സ്പോർട്ട്സിൽ വേണ്ട വൈദഗ്ദ്ധ്യം നേടിട്ടുള്ളവരെന്നു യൂണിവേഴ്സിററി റെക്ടൎക്കു ബോധപ്പെട്ടിട്ടുള്ളവരെ മാത്രമേ ഈ ചട്ടത്തിൽനിന്നും ഒഴിവാക്കുകയുള്ളു. ആദ്യത്തെടേമിൽ വിദ്യാൎത്ഥികളും വിദ്യാൎത്ഥിനികളും പയററ് ഓട്ടം തുടങ്ങിയിട്ടുള്ള കായികപരിശീലനങ്ങളിലേൎപ്പെടണം. നായാട്ടു്, വെടിവെയ്പ്പു് എന്നിവയത്രെ രണ്ടാംടേമിലെ പരിശീലനവിഷയങ്ങൾ. മൂന്നാമത്തെടേമിൽ ദേഹാഭ്യാസമത്സരങ്ങൾ നീന്തൽമത്സരം മുതലായവയാണു്. യുവാക്കന്മാർ ഗുസ്തിപരിശീലിക്കണമെന്നും നിൎബന്ധമുണ്ടു്. വിദ്യാൎത്ഥിനികളെ ഗുസ്തിയിൽനിന്നുമാത്രം ഒഴിവാക്കിയിരിക്കുന്നു.

*　　*　　*

നെപ്പോളിയൻ തന്റെ ആദ്യഭാൎയ്യയായിരുന്ന ജോസഫൈനു് സമ്മാനിച്ച മുത്തുകൊണ്ടുള്ള കൎണ്ണാഭരണവും, രണ്ടാമത്തെ ഭാൎയ്യയായ മരിയെല്യൂയിസിനയച്ച ഏതാനും പ്രേമലേഖനങ്ങളും ലണ്ടനിലെ ക്രിസ്റ്റിയുടേയും സൗത്ബിയുടേയും സെയിൻറൂമുകളിൽവച്ചു് ഈയിടെ ലേലംചെയ്തിരിക്കുന്നു. അപ്രസിദ്ധീകൃതങ്ങളായ 300 കത്തുകളുണ്ടായിരുന്നതു് (ഇതിൽ രണ്ടെണ്ണംമാത്രം മുമ്പു് പ്രസിദ്ധംചെയ്തിട്ടുണ്ടു്.) ഫ്രഞ്ചുഗവൺമെൻറിനുവേണ്ടി 15,000 പവനു് മി. മാഗ്ഗ്സ എന്നയാൾ ലേലത്തിൽകൊണ്ടു. എഴുത്തുകൾ ഓരോന്നായി ലേലംചെയ്യുമെന്നുകരുതി അനേകം കച്ചവടക്കാർ അവിടെ കൂടിയിരുന്നു. പക്ഷെ എല്ലാഎഴുത്തുകൾക്കുംകൂടി 2500-പവൻ മുതൽക്കു ലേലംവിളിതുടങ്ങി. ഈ സംഖ്യ 500-പവൻ വീതം കൂട്ടി. ഒടുവിൽ മി. മാഗ്ഗ്സിന്റെ 15,000 പവനിലെത്തി. നെപ്പോളിയൻ ജോസഫൈനയച്ചിരുന്നതും, റോസ്ബറി പ്രഭുവിന്റെ കൈവശമിരുന്നിരുന്നതുമായ ഏതാനും കത്തുകൾ കഴിഞ്ഞകൊല്ലം 11,000 പവനു് വിലപ്പോയതു ഈ സന്ദൎഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണു്. ജോസഫൈൻരാജ്ഞി കിരീടധാരണവേളയിൽ ധരിച്ചിരുന്ന മുത്തുകൊണ്ടുള്ള കൎണ്ണാഭരണം ക്രിസ്റ്റിയുടെ സെയിൻറൂമിൽവച്ചു് ലേലംവിളിച്ചതിൽ 1,500 പവൻവരെ ഒരാൾ വിളികേട്ടു. 500-മുതൽക്കു ണു ലേലമാരംഭിച്ചതു്. പക്ഷെ, അതിനു കിട്ടണമെന്നുദ്ദേശിച്ചിരുന്ന വില കിട്ടായ്കയാൽ 1,500-പവനു വിളികേട്ടയാൾക്കു കൎണ്ണാഭരണം ലഭിക്കുകയുണ്ടായില്ല.

*　　*　　*

# സിംപ്ലൻതുരങ്കം.

വി. ഗോപാലപിള്ള ബി. എ. എൽ. ററി

മനുഷ്യപ്രയത്നംകൊണ്ടു സാധിക്കാത്തതായി ലോകത്തു യാതൊന്നുംതന്നെയില്ല. ആൽപ്സ് പർവ്വതം തുരന്നു ഇററലിയെ യൂറോപ്പുഖണ്ഡത്തിലെ ഉൾനാട്ടുകളുമായി യോജിപ്പിക്കുന്നതിൽ ചെയ്ത ശ്രമം ശ്ലാഘനീയമായിട്ടുണ്ടു്.

വിജയതൃഷ്ണകൊണ്ടു വിജൃംഭിതരായി ഹാനിബാൾ, നെപ്പോളിയൻ ഇവർ ആൽപ്സ് പർവ്വതത്തെ തരണംചെയ്തിട്ടുണ്ടു്. ഹാനിബാളിനു 15 ദിവസത്തെ ശ്രമവും അനേകം ജീവനഷ്ടങ്ങളും സഹിക്കേണ്ടിവന്നു. നെപ്പോളിയനാകട്ടെ 5 ദിവസംകൊണ്ടു ഈ വിഷമമേറിയ കാര്യം നിർവ്വഹിച്ചു ഇററലിയിൽ എത്തി. നെപ്പോളിയന്റെ ജൈത്രയാത്ര സിംപ്ലൻപാതയുടെ നിർമ്മാണത്തിനു കാരണമായി. 42 മൈൽ നീളത്തിൽ 611 പാലങ്ങളാൽ സംഘടിതമായ ഈ പാത ആൽപ്സ് പർവ്വതം കടക്കുന്നതിനു മേലും ആർക്കും വിഷമം നേരിടരുതെന്നുള്ള കരുതലിൽ നെപ്പോളിയൻവെട്ടിച്ചതാണു്. പർവ്വതശിഖരങ്ങളിൽനിന്നും ഉണ്ടാകാറുള്ള ഹിമപ്രവാഹങ്ങളാലും മററും യാത്രക്കാർക്കു ഈ പാതയും ആപൽക്കരമായിത്തന്നെയിരുന്നു. എന്നാലും ദീർഘകാലം യാത്രക്കാർ ഇതിനെ ഉപയോഗിച്ചുവന്നു.


ഇപ്പോൾ സെൻറ് ഗോതാഡ്, സെനിസ്, സിംപ്ലൻ എന്നു മൂന്നു തുരങ്കങ്ങളാണു ആൽപ്സിനെ കടന്നുപോകുന്നതു്. സിംപ്ലനോളം നീളമുള്ളതും പർവ്വതാന്തർഭാഗത്തുകൂടി കടന്നുപോകുന്നതുമായി ലോകത്തു മററൊരു തുരങ്കവുമില്ല. ഇതിന്റെ ഉത്തരമുഖം സമുദ്രനിരപ്പിൽനിന്നും 2249-ം ദക്ഷിണമുഖം 2079-ം അടി ഉയരത്തിലാണു്. മദ്ധ്യഭാഗത്തുനിന്നും രണ്ടററങ്ങളിലേക്കുമുള്ള ചരിവു് വല്ലകാരണവശാലും തുരങ്കത്തിനകത്തു വീഴാവുന്ന ജലം വാർന്നുപോകുന്നതിനു സഹായിക്കുന്നു. ചിലഭാഗങ്ങളിൽ തുരങ്കത്തിൽനിന്നും പർവ്വതാഗ്രത്തിലേക്കു 7000 അടി പൊക്കമുണ്ടു്. ഇപ്പോൾ 56 അടി അകലത്തിൽ സമാന്തരങ്ങളായി രണ്ടു തുരങ്കങ്ങൾ ഓരോ റയിൽപാതകൾ ഘടിപ്പിച്ചു നിർമ്മിച്ചിട്ടുണ്ടു്.

ഈ തുരങ്കത്തിന്റെ നിർമ്മാണം രസാവഹമാണു്. ഇററലിയിൽ ഇററാലിയൻവശത്തു 6000-ം സ്വിസ് ഭാഗത്തു 4000-ം വീതം 10000പേർ ഒരേസമയത്തു പണിചെയ്തിരുന്നു. ജലസമ്മർദ്ദശക്തി ഉപയോഗിച്ചു് പാറകൾ തുരന്നും, തുരന്നഭാഗങ്ങളിൽ ഡയനാമെററുവച്ചു് അവയെ പൊട്ടിച്ചും ജലപ്രവാഹത്തിൽ ചിതറിവീഴുന്ന പാറകൾ നീക്കംചെയ്തും ജോലി ക്രമപ്രവൃദ്ധമായി നടന്നുകൊണ്ടിരുന്നു ദിവസം ശരാശരി 8 മണിക്കൂർ കൂലിക്കാർ പണിയിൽ ഏർപ്പെട്ടിരുന്നിട്ടും 8 അടി ദൂരത്തിൽ കൂടുതൽ പണി നടന്നിരുന്നില്ല.

അവിചാരിതമായ പല പ്രതിബന്ധങ്ങളും ഇതിനിടയിലുണ്ടായി. ഇററാലിയൻ ശാഖയ്ക്കു് മിനിട്ടിൽ 10564 ഗ്യാലൻ കണക്കിൽ പ്രവഹിക്കാൻതുടങ്ങിയ ഒരു ശൈത്യജലപ്രവാഹത്തെ നേരിടേണ്ടിവന്നു. 55 ഡിഗ്രിവരെതണുത്തഈ ജലം അതിശക്തിയായിപ്രവഹിച്ചു 6 മാസക്കാലത്തേക്കു ജോലിമുടക്കി അടുത്തതായി അത്യുഷ്ണമായ ഒരു പാറയാണു തുരക്കേണ്ടിയിരുന്നതു് തുരന്നുതുടങ്ങിയപ്പോൾ മണിക്കൂറിൽ ലക്ഷം ഗാലൻ കണക്കിൽ ഒരു ഉഷ്ണജലപ്രവാഹമുണ്ടായി. കൂലിക്കാർക്കു ഈ ഉഷ്ണജലപ്രവാഹത്തെ തടുക്കാൻ വളരെ വിഷമംനേരിട്ടു. തണുത്ത ജലം പമ്പുചെയ്തു് പ്രവാഹത്തിന്റെ ഉഷ്ണംകുറച്ചു പുറത്തേക്കു ചാലുകൾവച്ചു് ഒരുവിധത്തിൽ ഈ വൈതരണി കടന്നു എന്നുതന്നെ പറയാം. ഉത്തരശാഖയും പല ആപത്തുകളിലുംപെട്ടു വിഷമിച്ചു.

ദീർഘങ്ങളും സംഭവസംപൂർണ്ണങ്ങളുമായ ആണ്ടുകൾ പലതും കഴിഞ്ഞിട്ടും മറുഭാഗം കാണാത്തതിനാൽ രണ്ടുകൂട്ടരും സംഭ്രാന്തരായി. മറുഭാഗത്തു സന്ധിക്കത്തക്കവണ്ണം ഉദ്ദേശിച്ചിരുന്ന പ്ലാനിനു് പിശകുപററിയിരിക്കാമെന്നും രണ്ടും രണ്ടുതുരങ്കങ്ങളായി തീരാമെന്നും വിദഗ്ദ്ധന്മാരും സംശയിക്കാതിരുന്നില്ല: ഇങ്ങനെയിരിക്കെ വടക്കൻസംഘക്കാർ ഒരുദിവസം ജോലിചെയ്തുനില്ക്കുമ്പോൾ ഒരു ശബ്ദംകേട്ടു ഈ ശബ്ദം എന്തായിരിക്കാമെന്നൂഹിക്കാൻകഴിഞ്ഞ ജോലിക്കാരുടെ സന്തോഷം അപരിമിതമായിരുന്നു. 7000 അടി താഴ്ചയിൽ ശുദ്ധവായുവോ സൂര്യപ്രകാശമോ കിട്ടാതെ കട്ടംപാറയോടു മല്ലിട്ടു് പ്രകൃതിശക്തികളോടു പൊരുതി 7 കൊല്ലത്തെ തീവ്രമായ പണിക്കുശേഷം ഉന്നംതെററിപ്പോയോ എന്നുകൂടി അന്ധാളിച്ചുപോയ കൂട്ടർക്കു് പെട്ടെന്നുണ്ടായ ഈ അനുഭവം എത്രമാത്രം സന്തോഷമുണ്ടാക്കിയിരിക്കാം!

1906 മേമാസത്തിൽ ഇററലിയിലെ രാജാവും സ്വിസ്റ്റർലണ്ടിനെ പ്രസിഡന്റും ഈ തുരങ്കത്തിന്റെ മദ്ധ്യത്തിൽവച്ചു് കൂടിക്കാഴ്ചനടത്തി. ഒരുമാസംകൂടി കഴിഞ്ഞപ്പോൾ തുരങ്കം ഗതാഗതയോഗ്യമായിത്തീർന്നു. ആകാശയാനം നടപ്പാകുന്നതുവരെ പാശ്ചാത്യദേശങ്ങളിലേയ്ക്കുള്ള മെയിൽ ഇററലിയുടെ തെക്കുഭാഗത്തുള്ള ബ്രൺഡിസിതുറമുഖത്തുനിന്നും ഈ തുരങ്കംവഴി ആയിരുന്നു കൊണ്ടുപൊയ്ക്കൊണ്ടിരുന്നതു് മനുഷ്യന്റെ ബുദ്ധിയും പ്രയത്നവും ഏകോപിച്ചാൽ സാദ്ധ്യമല്ലാതെ ഒന്നുംതന്നെയില്ലെന്നുള്ളതിനു് സിംപ്ലിൻപാസ് ഒരു ഉദാഹരണമാണു്.


ഇവിടെ എല്ലാത്തരം ടൈപ്പറൈററിങ്ങ് മെഷീൻസുകളും പുതുങ്ങിയ നിരക്കിൽ ക്ലിപ്തസമയത്തു റിപ്പെയർചെയ്തുകൊടുക്കപ്പെടും.

റെമിങ്ങ്ടൺ, അൺഡർവുഡ്, റോയൽ, ഓലിവർ, കൊറോണ, ബോർലോക്ക്, എംപയർ, എൽ. സി. സ്മിത്ത്, പോർട്ടബിൾസ് ഇവകളുടെ റിപ്പെയർസാമഗ്രികളും ഞങ്ങളുടെപക്കൽഎപ്പോഴും വില്പനയ്ക്കു തയ്യാറുണ്ടു്. ആവശ്യക്കാർ താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുതുക.

ജനറൽ കൊമ്മേഴ്സ്യൽകമ്പനി,
ഉഡ്സ്‌റോഡ്,
മൌണ്ട്റോഡ് മദ്രാസ്

## പ്രകാശം സ്വർണ്ണാഭരണങ്ങൾ.




സ്വർണ്ണത്തിനു പകരമുള്ള
ഒരു യഥാർത്ഥ സാധനം
സ്വർണ്ണമുദ്രകളും, സാക്ഷിപത്രങ്ങളും ലഭിച്ചവ.
വളകൾ ജോടി ഒന്നിനു രൂപാ 3.
കാററ്ലാഗ് ഇനാം.

ആർ. എസ്സ്. പ്രകാശം ആൻഡ് കമ്പനി,
മെററൽജ്വലറിവർക്സ്, 187 ചൈനബസ്സാർറോഡ്,
ജി. ടി. മദ്രാസ്.

## 1935

12 താം കലണ്ടർ
ഇനാം!

**PURE SILK.**

$2\frac{1}{2}$ വീതി 5 മുഴം ഒന്നാന്തരം
ഗാറന്റിയുള്ള
ശുദ്ധപട്ടുവസ്ത്രം ഒന്നുക്കു Rs. 4·
30-1 35 വരെ
വില കുറച്ചിരിക്കുന്നു.
ഡസൻകണക്കിനു വാങ്ങുന്നവർക്കു
ഡസനു് Rs. 25·
പട്ടുജവുളിത്തരങ്ങളുടെ
ക്യാററ്ലാഗ് സൗജന്യം:

ടി. ആർ. ലൂംസ്കമ്പനി,
205 ഈസ്റ്റുവെളിസ്റ്റ്രീറ്റു മധുര.

T. R. LOOMS Coy.,
205 East Veli St. MADURA.

# മലയാളരാജ്യം.

1110 മകരം 8-ാംനു- തിങ്കളാഴ്ച.

ഇന്ത്യൻഭരണപരിഷ്കാരത്തിന്റെ ധനകാര്യവശത്തെ പുരസ്കരിച്ചു, ഇന്ത്യാഗവൺമെന്റിന്റെ ധനകാര്യമെമ്പർ ആയിരുന്ന സർ ജാർജ്ജ് ഷൂസ്റ്റർ പ്രക്ഷേപണംചെയ്ത പ്രസംഗം വളരെ വിചിത്രമായിരിക്കുന്നു. ഇന്ത്യയുടെ ധനസ്ഥിതി സുശോഭനമാണെന്നും സാരമായ അവകാശാധികാരങ്ങൾ പ്രദാനംചെയ്യുന്ന ഭരണപരിഷ്കാരത്തിനുവേണ്ടി കൂടുതൽ വ്യയം വേണ്ടിവരുന്നതിൽ ഇന്ത്യക്കാർക്കു തീരെ അതൃപ്തിക്കു കാരണമില്ലെന്നുമാണു് അദ്ദേഹത്തിന്റെ യുക്തി. ഫെഡറേഷൻ നടപ്പിൽവരുമ്പോൾ ആവശ്യമായിത്തീരുന്ന വ്യയാധിക്യത്തെ ഉദ്ദേശിച്ചു മാററിവച്ചിരുന്ന തീപ്പെട്ടി എക്സൈസ്തീരുവ ചുമത്തുക, ഇന്ത്യയിൽ ഉണ്ടാക്കുന്ന ഉരുക്കുസാമാനങ്ങളിന്മേൽ എക്സൈസ്തീരുവ ചുമത്തുക മുതലായി ചില അവസാനക്കൈകൾ പ്രയോഗിച്ചു ഇന്ത്യാഗവർമ്മെന്റിന്റെ ആയവ്യയങ്ങളെ സമീകരിക്കുവാൻ നിർബന്ധിതനായിത്തീർന്ന സർ ജാർജ്ജ് ഷൂസ്റ്ററാണു് ഇന്ത്യയുടെ ധനസ്ഥിതി സുശോഭനമെന്നുൽഘോഷിക്കുന്നതു്. ഇന്ത്യയെപ്പോലെ ദാരിദ്ര്യം അധികമുള്ള രാജ്യമോ ഇന്ത്യാഗവർമ്മെന്റിനെപ്പോലെ ഇത്ര ഭാരിച്ച വ്യയമുള്ള ഗവർമ്മെന്റുകളോ ലോകത്തു മററുണ്ടെന്നു തോന്നുന്നില്ല. ഇന്ത്യാഗവർമ്മെന്റിന്റെ നികുതിയിൽ ഒരു വമ്പിച്ച ഭാഗം ഒരു വിദേശീയസൈന്യത്തെ ഇന്ത്യയുടെ രക്ഷക്കെന്ന യുക്തിയിന്മേൽ പുലർത്തുവാൻ ചിലവഴിക്കുന്നു. അതുപോലെതന്നെ വിദേശികളായ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അലവൻസ്, പെൻഷൻ എന്നിഇനങ്ങളിലായി ആണ്ടുതോറും ഇന്ത്യയിൽനിന്നു പുറത്തുപോകുന്ന ധനത്തിനു കയ്യും കണക്കുമില്ല. ബ്രിട്ടീഷ് വ്യവസായോൽപന്നങ്ങൾക്കു അനുവദിക്കുന്ന സൗജന്യങ്ങൾമൂലം ഇന്ത്യൻവ്യവസായങ്ങൾ വളർച്ചയോ ഉയർച്ചയോ ഇല്ലാതെ ശ്വാസംമുട്ടിച്ചാകുന്നു. ഇങ്ങനെയുള്ള വിവിധ കാരണങ്ങളാലും പാരതന്ത്ര്യത്താലും ഇന്ത്യൻജനസാമാന്യം ഇന്നു ലോകത്തിലെ ഏററവും നിർധനജനതയായിക്കഴിയുന്നു. ഈ ദാരിദ്ര്യനിവാരണത്തിനും നിരക്ഷരത്വം, അജ്ഞാനം, അന്ധവിശ്വാസം എന്നിവയുടെ ഉച്ചാടനത്തിനും മതിയാംവണ്ണം ധനവ്യയം ചെയ്യുവാൻ ഗവർമ്മെന്റിനു കഴിയാതെയാണിരിക്കുന്നതു്. ഇന്നത്തെ നിലതന്നെ ഈ വിധത്തിലിരിക്കെ ഭരണപരിഷ്കാരം നടപ്പിൽ വരുത്തുന്നതിനു ഇന്ത്യൻജനതയിൽനിന്നു ഞെക്കിപ്പിഴിഞ്ഞെടുക്കാതെ കൂടുതൽ പണം എങ്ങനെയുണ്ടാകുമെന്നു മനസ്സിലാക്കുവാൻ കഴിയുന്നില്ല.

* * *

സാർപ്രദേശത്തെ പൊതുജനവോട്ടെടുപ്പിൽ ജർമ്മൻകാർ പ്രതീക്ഷിച്ചിരുന്നതിനെക്കാൾ തുലോം കവിഞ്ഞ ഭൂരിപക്ഷമാണു ജർമ്മനിക്കനുകൂലമായി വോട്ടു ചെയ്തതു്. സാർ ഇനി ജർമ്മനിക്കുതന്നെ എന്നുള്ളതിൽ സംശയമില്ല. 1935-ലെ സാർവ്വരാഷ്ട്രീയകാര്യങ്ങളിൽ പൊന്തിച്ചു മുഴച്ചുനിന്നിരുന്ന സാറിലെ വോട്ടെടുപ്പു ഇത്ര സമാധാനകരമായി പര്യവസാനിച്ചതുമൂലം യൂറോപ്യൻ രാഷ്ട്രീയാന്തരീക്ഷത്തിൽ വലുതായ ഒരു വെളിവുണ്ടായിരിക്കുന്നു. മഹായുദ്ധാനന്തരമുള്ള സന്ധിവ്യവസ്ഥകൾമൂലം പലതരത്തിലുള്ള മാനഹാനികൾ സഹിച്ചുപോന്നിരുന്ന ജർമ്മനിക്കു ഈ പ്രശസ്തമായ വിജയംമൂലം ഇനി തലനിവർത്തുപിടിക്കാൻ ക്രസേണ്ടതില്ല. സാർ ജർമ്മനിക്കു തിരിച്ചുകൊടുത്താലും അവിടെ ജർമ്മൻഭരണം സംസ്ഥാപിതമാകുംമുമ്പു ഫ്രാൻസും ജർമ്മനിയും തമ്മിൽ പല തീരുമാനങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനാവശ്യമായിവരുന്ന പരസ്പരാലോചനകളുടെയും സമ്പർക്കത്തിന്റെയും ഫലമായി രണ്ടു രാജ്യങ്ങളുംതമ്മിൽ നിലനിന്നുപോന്ന ശത്രുത്വം അവസാനിക്കയും തൽസ്ഥാനത്തു സൗഹാർദ്ദം പുനഃസ്ഥാപിതമാകയും ചെയ്യുമെന്നാശിക്കാവുന്നതാണു്. എന്നു മാത്രമല്ല, ഈ വമ്പിച്ച വിജയത്തിന്റെ ഫലമായി ജർമ്മനിയെപ്പററി ഇതരശക്തികൾക്കുള്ള മതിപ്പു വർദ്ധിക്കയും ചെയ്യും. ക്രമേണ ജർമ്മനിയുടെ സമത്വം അംഗീകരിക്കുന്നതിനു മററു യൂറോപ്യൻരാജ്യങ്ങൾ സന്നദ്ധമായിത്തീരുമെന്നും അത്തരമൊരു സന്മനോഭാവപ്രകടനം, വീണ്ടും ലീഗിൽചേർന്നു യൂറോപ്യൻസമാധാനത്തിന്റെ നിലനില്പിനുവേണ്ടി സഹകരിക്കാൻ ജർമ്മനിയെ പ്രേരിപ്പിക്കുമെന്നും ന്യായമായി ആശിക്കാവുന്നതാണു്.

* * *

തലശ്ശേരിക്കടുത്തുള്ള പുന്നോൽ ബോയിസ്സ്കൂളിൽവച്ചു മി. ഇ. രാമൻമേനവൻ ബി. എ. എൽ. ററിയുടെ അദ്ധ്യക്ഷതയിൽ വടക്കേമലയാളത്തിലെ യുക്തിവാദസമ്മേളനം നടന്നിരിക്കുന്നു. ലോകത്തിൽ എല്ലാവക്കും യുക്തി ഉണ്ടെന്നും, പക്ഷെ മിക്കവരും അതിനു അതിരു കല്പിച്ചുകളയുന്നു എന്നും, യുക്തിവാദികൾ അങ്ങേഅററംവരെയും യുക്തിയെത്തന്നെ അവലംബിക്കുന്നു എന്നും, ഈ രാജ്യത്തു സാമുദായികവും രാഷ്ട്രീയവുമായ പരിഷ്കാരത്തിനു യുക്തിവാദംകൂടാതെ കഴികയില്ലെന്നും, വളരെക്കാലം മുമ്പുണ്ടായ ആചാരങ്ങൾ ഇന്നത്തെ പരിതഃസ്ഥിതികൾക്കനുസരിച്ചു യുക്തിയുക്തമായി പരിശോധിച്ചു മാറേറണ്ടിയിരിക്കുന്നു എന്നും, ഭാരതമാതാവിന്റെ സന്താനങ്ങളായ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ തലതല്ലിക്കീറുന്നതു യുക്തികൊണ്ടു അവർ ഒന്നാണെന്നറിയാത്തതുമൂലമാണെന്നും, അവർ താന്താങ്ങളുടെ മതത്തിലെ അസംബന്ധങ്ങൾ മനസ്സിലാക്കുമ്പോൾ വ്യത്യാസങ്ങൾ നശിക്കുമെന്നും അദ്ധ്യക്ഷൻ പറഞ്ഞു. കാണുന്ന യുക്തിവാദി മതസ്ഥാപകന്മാരെപ്പോലെ സർവ്വജ്ഞഭാവം കൈക്കൊള്ളുന്നില്ലെന്നും, അവനു തുറന്നുപറയാൻ ധൈര്യം ഉണ്ടായിരിക്കണമെന്നും, നിരത്തു നന്നാക്കാൻ ഉപയോഗിക്കുന്ന കല്ലുകൊണ്ടുതന്നെയാണു വിഗ്രഹം ഉണ്ടാക്കിയിരിക്കുന്നതെന്നും, ദൈവം മനുഷ്യസൃഷ്ടിയാണെന്നും അദ്ദേഹം തുടരുന്നു. മഹാത്മജി ഒരു മതമനഃസ്ഥിതിക്കാരനായതിൽ ഒരു പ്രസംഗകൻ പരിതപിക്കുന്നു. കടലിൽ ഉപ്പുവെള്ളം ഉണ്ടല്ലോ. അതു നീക്കിയിട്ടു പകരം ശുദ്ധജലം നിറയ്ക്കണമെന്നു വിചാരിക്കുന്നതുപോലെയാണു മതപരിഷ്കാരമെന്നും സംഘടിതമതത്തെയാണു ഭയപ്പെടേണ്ടതെന്നും ആ പ്രസംഗകൻ അവസാനിപ്പിക്കുന്നു. ഇരുപതാംനൂററാണ്ടു പ്രിയതരങ്ങളായിരുന്ന പല വിഗ്രഹങ്ങളേയും, എന്നുവച്ചാൽ മനുഷ്യന്റെ മനസ്സിൽ രൂപപ്പെട്ടു യാതൊരു നീക്കുപോക്കുമില്ലാതെ കെട്ടുകെട്ടിക്കിടക്കുന്ന പല ആശയങ്ങളേയും, ഇളക്കിമറിക്കുന്ന ഒരു നൂററാണ്ടാണു്. പഴയതിനെ യാതൊന്നിനെയും തൊട്ടുപോകരുതു്. അതേപ്പററി മിണ്ടിപ്പോകരുതു്, പാപമാണു്, അശുദ്ധമാണു്, എന്നൊക്കെ പറഞ്ഞിരുന്ന കാലം അസ്തമിക്കുന്നു. ഈ ഗൗരവാവഹമായ വിപ്ലവത്തിന്റെ ഫലമാണോ യുക്തിവാദം, അതോ യുക്തിവാദത്തിന്റെ ഫലമാണോ ആ വിപ്ലവം എന്നുള്ളതുപോലും സംശയകരമായിത്തീർന്നിരിക്കുന്നു. യുക്തിവാദത്തിന്റെയും, വിപ്ലവത്തിന്റെയും പുരോഗതി അത്രകണ്ടു അവ്യാവൃത്തമായിട്ടാണു കാണുന്നതു്. ഇന്ത്യയിൽ യുക്തിവാദം തുടങ്ങിയതു ഇന്നും ഇന്നലെയുമല്ല. ഇവിടത്തെ സകല മതങ്ങളും സ്ഥാപിച്ചിട്ടുള്ളതു അങ്ങേഅററംവരെയും യുക്തിയെ ആശ്രയിച്ചിട്ടുതന്നെയാണെന്നു ഏതു മതത്തിന്റെയും ചരിത്രം വെളിപ്പെടുത്തുന്നുണ്ടു്. അങ്ങനെയിരിക്കെ കേരളത്തിൽ യുക്തിവാദികൾ ഈയിടെ വളരെ പ്രകടമായി പ്രവർത്തിക്കുന്നതിൽ അത്ഭുതംതോന്നുന്നില്ല. ഒരുകാലത്തെ പരിതഃസ്ഥിതികളനുസരിച്ചു ആകസ്മികമായിട്ടോ, ആഗന്തുകമായിട്ടോ ഉണ്ടാകുന്ന ചില സംഭവങ്ങൾ പില്ക്കാലത്തെ ഭിന്നപരിതഃസ്ഥിതികളനുസരിച്ചു മാറുന്നില്ലെങ്കിൽ, യുക്തിവാദികളുടെ ആക്രമണത്തെപ്പററി ആശ്ചര്യപ്പെടാനെന്തുള്ളൂ? ഇന്നത്തെ പല ആചാരങ്ങളും, ഭേദങ്ങളും, യുക്തിവാദശക്തിയാൽ വ്യത്യാസപ്പെടാതെ രാഷ്ട്രശരീരത്തിലെ ദോഷങ്ങൾ മാറുമെന്നു തോന്നുന്നില്ല. യുക്തിവാദികളുടെ സകല യുക്തികൾക്കും പൂർണ്ണസാധുത്വംതന്നെ കല്പിക്കുന്നപക്ഷവും സാധാരണന്മാരെ വിഷമിപ്പിക്കുന്ന മഹാപ്രശ്നങ്ങൾ ഭീമങ്ങളായിത്തന്നെ അവശേഷിക്കുന്നു. ഒരുവശത്തു യുക്തിവാദികൾ വാദിക്കുമ്പോൾ വേറൊരുവശത്തു തീക്ഷ്ണചിന്തകന്മാർ അനാത്മവാദവും ഭൗതികചിന്തയുംആണു ഇന്നത്തെ സകല കുഴപ്പങ്ങൾക്കും കാരണമെന്നു ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. ആദ്ധ്യാത്മികചിന്തമൂലവും ആത്മീയാഭിവൃദ്ധികൊണ്ടും മാത്രമേ ഇന്നത്തെ കഷ്ടതകളിൽനിന്നു രക്ഷ നേടാൻ സാധിക്കയുള്ളു എന്നും അതിനെതിരായുള്ള സംസ്കാര പരിഷ്കാരങ്ങൾ മിഥ്യയാണെന്നും അക്കൂട്ടർ സിദ്ധാന്തിക്കുന്നു. എന്നുവേണ്ട, സൂക്ഷ്മമായി പരിശോധിച്ചാൽ പരസ്പര വിരുദ്ധങ്ങളായിമാത്രം സാധാരണക്കാരനു തോന്നുന്ന വിവിധ പ്രസ്ഥാനങ്ങളാണു ഇന്നു ചുററും കാണുന്നതു്. ഇവയെല്ലാം വിവേചനംചെയ്തും ഏകീകരിച്ചും പ്രായോഗികവും പ്രയോജനപ്രദവും ആക്കിത്തീർക്കുവാനുള്ള വൈഷമ്യം സുസമ്മതരായ ബുദ്ധിസമ്പന്നന്മാരെപ്പോലും കുഴക്കാതിരിക്കയില്ല.

* * *



**കളിർമയേറിയ ഒരു വിശ്രമരംഗം: ഡാൻസിഗ് കടൽതീര (ജർമ്മനി) ത്തിലെ ഒരു മനോഹരമായ കാഴ്ച.** N. I. A.



**സ്ഫടികഹർമ്മ്യം: ബവേറിയാ (ജർമ്മനി)യിലെ 'ഹേറെൻഖ്യെംസീ' മഹാസൗധത്തിൻെറ അന്തർഭാഗം.** N. I. A.



ഫലസംഭരണം: ക്വീൻസ്‌ലണ്ടിലെ (ആസ്ത്രേലിയാ) ഒരു പൈനാപ്പിൾതോട്ടത്തിൽ ഒരു കുമാരി ഫലങ്ങൾ സംഭരിക്കുന്നു.

N. I. A.



ഉദ്യാനത്തിൽ: 'നീലാ' എന്ന ചലനചിത്രകഥയിലെ ഒരു പ്രണയരംഗം.

(ഇരുപത്തെട്ടാംപേജിൽനിന്നും തുടർച്ച)

ണു്. രാജാവേ, അവരെ രാജധാനിയിൽനിന്നും എന്റെകൂടി അയക്കുമോ. അന്യരുടെ കുടുംബം അപഹരിക്കരുതെന്നു പുത്രനോടു പറയുമോ.

(ചന്ദ്രഗുപ്തൻ എഴുന്നേൽക്കുന്നു

ചന്ദ്ര വിഷ്ണുഗുപ്താ! നിങ്ങളും പ്രണയത്തിനു കീഴടങ്ങി. മനുഷ്യസഹജമായ ചാപല്യത്തിനു വശംവദനായി നിങ്ങളുടെ ശാസ്ത്രവും നീതിയും പ്രായോഗികമല്ലെന്നു നിങ്ങൾതന്നെ തെളിയിച്ചു.

ചാണ - ഒരിക്കലുമില്ല അതിലെ രഹസ്യം വേറെ.

ചന്ദ്ര—അവൾ ഇപ്പോൾ പറയുന്നു ബിന്ദുസാരനിൽ അനുരക്തയാണെന്നു്. ഇതാ രാജകുമാരനും മന്ത്രിയുംതമ്മിൽ ഒരു മത്സരം. ഞാൻ ചിരിച്ചു ചിരിച്ചു മരിച്ചുപോകും നിങ്ങളല്ലെ ആദ്യാവകാശി. ഞാൻ അന്വേഷിച്ചു തീർച്ചചെയ്യാം

[രാജകുമാരനും ഇന്ദുലേഖയും പ്രവേശിക്കുന്നു. ഇന്ദുലേഖ താഴെവീണു രാജാവിനെ നമസ്കരിക്കുന്നു രാജകുമാരൻ ചാണക്യനെനോക്കി മന്ദസ്മിതംതൂകുന്നു ]

ഇന്ദുലേഖ—അവിടത്തെ പാദപത്മങ്ങളിൽ നമിക്കുന്ന ഈ സാധുവിന്റെ സങ്കടത്തിനു ശാന്തിയുണ്ടാക്കണേ. ആശ്രിതജനരക്ഷക- ഞാൻഎന്റെ ഭർത്താവിനെ സ്നേഹിക്കുന്നു. എന്റെ പുത്രനെ മാതൃസഹജമായ വാത്സല്യത്തോടെ വളർത്തുന്നു എപ്പിക്കു ശരിയേതു തെറേറതെന്നു നിശ്ചയമില്ല. അവിടത്തെ കരുണയല്ലാതെ മററൊരു ശരണവും ഗതിയുമില്ല എന്നെ രക്ഷിക്കണം അവിടത്തെ തീർച്ചയാണു എനിക്കു നിയമം.

ചന്ദ്ര—മകളേ! നിന്റെ കഥയെനിക്കറിയാം നീവരുമ്പോൾതന്നെ ഞാൻ നിന്റെ കഥ ചർച്ചചെയ്യുകയായിരുന്നു നിനക്കു ആരിലാണു സ്നേഹം. എന്റെ പുത്രനിലോ, വിഷ്ണുഗുപ്തനിലോ, നിന്റെ ബാലനിലോ.

ഇന്ദു—ഞാൻ ഒരു മാതാവാണു്; എന്റെ പുത്രനെ സ്നേഹിക്കുന്നു. ഒരു രാജകുമാരന്റെ പ്രേമഭാജനമാണു്, അദ്ദേഹത്തെ ആരാധിക്കുന്നു. ഞാൻ ഇവിടംവിട്ടുപോകണമെന്നാണു സ്വാമിയുടെ നിയോഗമെങ്കിൽ രാജാജ്ഞയെ ഞാൻ ആദരപൂർവം അനുസരിപ്പാനും സന്നദ്ധയാണു്.

(കുതികുത്തുന്ന വളരെ ആളുകൾ ഉച്ചത്തിൽ സംസാരിക്കുന്നു ഒരു വൃദ്ധനായ വൈദികനെ പിടിച്ചുകൊണ്ടു രണ്ടു ശിപായിമാർ അകത്തുപ്രവേശിക്കുന്നു. വൈദികവര്യൻ തന്റെകയ്യിൽ വഹിച്ചിരിക്കുന്ന ഒരു ബാലശവവുംകൊണ്ടു രാജാവിന്റെ മുൻപിൽചെന്നു താഴെ ഇരിക്കുന്നു വൈദികന്റെ വസ്ത്രം മുഴുവൻ രക്തം )

വൈദികവര്യൻ — കഷ്ടം! മരിച്ചുപോയി. അതിമോഹനരൂപം. ഞാൻ അവനെ എടുത്തുകൊണ്ടു ഓടി; എന്നാൽ താമസിച്ചുപോയി. മരിച്ചുപോയല്ലൊ വിധിബലം

(ഇന്ദുലേഖ ഓടി വൈദികവര്യന്റെ കയ്യിൽനിന്നും ബാലനെ വാങ്ങിട്ടു്,

ഈശ്വരാ! ഇതോവിധി. എന്റെ ഓമനക്കുഞ്ഞേ എന്റെ ഭാഗ്യസർവസ്വമേ.

(ബിന്ദുസാരൻ അടുത്തുചെന്നു നോക്കുന്നു ചാണക്യൻ ഇരുവരെയും സൂക്ഷിച്ചു പരിശോധിക്കുന്നു)

ചന്ദ്ര—ഇതെന്തു ? ഇതെങ്ങനെ സംഭവിച്ചു. ബിന്ദുസാരന്റെ ബാലനോ ഇതു്.

വൈദി—ഞാൻ നാളിവനത്തിലേക്കു വരികയായിരുന്നു. സൈന്യത്തിലെ ഭടന്മാർ ഓടിച്ചുകൊണ്ടുവന്ന ഒരു കുതിരവണ്ടി തെരുവിൽ കളിച്ചുകൊണ്ടിരുന്ന കുട്ടിയുടെമേൽ കയറി കുതിരകളെ തടയുവാനോ നിറുത്തുവാനോ കഴിഞ്ഞില്ല എല്ലാം ഒരുനിമിഷത്തിൽ കഴിഞ്ഞു. കുതിരകൾ കുട്ടിയുടെമേൽ ചവുട്ടി. ഞാൻ ഓടിഎത്തി അവനെ എടുത്തു- പ്രയോജനമുണ്ടായില്ല. രഥചക്രവും അവന്റെമേൽ കയറി. ബാലൻ മൃതിയടഞ്ഞു. കഷ്ടം! ഇത്ര സുകുമാരകളേബരനായ ഒരുബാലൻ-അതു ഇന്ദുലേഖയുടെ കുട്ടിയോ-

ബിന്ദുസാരൻ കൌടില്യാ!

ഇന്ദുലേഖ ബിന്ദുസാരന്റെകൈകളിൽ മോഹാലസ്യപ്പെട്ടുവീഴുന്നു,

കൌടില്യാ! കൌടില്യാ! നിങ്ങൾക്കു ഇവിടെനിന്നും പോകാം ഇനി നില്ക്കരുതു്.

ചാണ ഞാൻ പോകയാണു്.

ചന്ദ്ര കൌടില്യാ വിഷ്ണുഗുപ്താ കേൾക്കു.

(ചാണക്യൻ തിരിഞ്ഞുനോക്കാതെ മുറിവിട്ടു പോകുന്നു)

---

# അഷ്ടാംഗഹൃദയം.

“അരുണോദയം” എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

വ്യാഖാതാ, പി. എം. ഗോവിന്ദൻവൈദ്യൻ.

മൂലശ്ലോകങ്ങളോടും, അന്വയക്രമത്തിനുള്ള അർത്ഥത്തോടും, വിസ്തരിച്ച വ്യാഖ്യാനത്തോടും കൂടിയതു്. വിദ്യാർത്ഥികൾക്കും വൈദ്യന്മാർക്കും ഒന്നുപോലെ ഉപയോഗപ്രദമായ രീതിയിൽ ആണു് പണ്ഡിതനായ വ്യാഖ്യാതാ ഈ ദുർഗ്രഹ ഗ്രന്ഥത്തെ സാരള്യത്തോടുകൂടി പ്രതിപാദിച്ചിരിക്കുന്നതു്.

| | ക. | ണ. | | ക. | ണ. |
|---|---|---|---|---|---|
| സൂത്രസ്ഥാനം ൧-ാംഭാഗം | 1 | 4 | സൂത്രസ്ഥാനം ൨-ാംഭാഗം | 1 | 4 |
| ശാരീരസ്ഥാനം | 1 | 4 | നിദാനസ്ഥാനം | 1 | 4 |
| ചികിത്സിതസ്ഥാനം 1-ാംഭാഗം | 1 | 8 | ബാക്കി ഭാഗങ്ങൾ തയാറായിവരുന്നു. | | |

മാനേജർ, ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.

## വിഷയവിവരം


പേജ്

1. ഗദ്യകവിത 4
എസ്. ശങ്കരവാര്യർ ബി. എ. ബി. എൽ.
2. ഭാവിസമാധാനത്തിന്റെ അടിസ്ഥാനം 6
കെ. രാമകൃഷ്ണൻനായർ ബി. എ.
3. നിയമവും ശിക്ഷയും 8
കെ. എൻ. ബാലകൃഷ്ണപിള്ള ബി. എ.
4. ഏകാന്തലക്ഷ്മി (കവിത)
തൈക്കൂട്ടു ചന്ദ്രശേഖരൻനായർ
5. നവൃതിരിമാരും ഫലിതവും 10
യൂ. ഈ. പണ്ടാരത്തിൽ ബി. എ.
6 പൂനിലാവു് (ചെറുകഥ) 11
എസ്. കൃഷ്ണൻനായർ ആലുവാ
7. ലോകചക്രം 13
8. സിംപ്ലൻതുരങ്കം 14
വി. ഗോപാലപിള്ള ബി. എ, എൽ. റി.
9. വിമർശനം 15
10. ഭാരതം 19
11. പരിഷ്കാരപ്രണയം 21
ജി. പി.
12. മഹാനായ ഒരു ഇന്ത്യൻ പത്രാധിപർ 23
പി. വി. കുഞ്ഞിക്കുട്ടൻനെടുങ്ങാടി
13. സന്ധ്യാസൌന്ദര്യം (കവിത) 24
പി. വി കെ. നമ്പ്യാർ.
14 ബന്ധുമതി അഥവാ 38-65 25
ആയാംകുടി പി, ആർ. ശങ്കരപ്പിള്ള.
15. ചാണക്യാസ്തമനം 27
ഡി. ശങ്കരയ്യർ ബി. എ. ബി. എൽ.
16. പാചകകല 29
എസ്. എ. പിള്ള ചടയമംഗലം




സൈൻറിഫിക്ക് സ്വർണ്ണാഭരണങ്ങൾ

— * —

(തനി സ്വർണ്ണത്തിനു പകരമുള്ളതു്)

ഹൈക്കോടതിജഡ്ജിമാർ, ഗവമെൻറിന്റെ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്.




പുതിയ ക്യാററലാഗ് ഇനാം

**The Scientific Gold Bangles Co., Ltd,**

Head Office:- 43, Byragimatam Street,

Psot Box No. 203. MADRAS


# നാളികേരമാർക്ക

(കോക്കൊനട്ട്ബ്രാൻഡ്.)

“ലോട്ടസ്ഹണി.” കഴിഞ്ഞ കാൺപൂർ കാൺഗ്രസ്സ്പ്രദർശനത്തിൽ മെഡലുകളും സർട്ടിഫിക്കററുകളും ലഭിച്ചതു് ഇതു ഒരു പ്രകൃതിലബ്ധമായ ഔഷധമാണു്. സകല നയനരോഗങ്ങളേയും ശമിപ്പിക്കുന്നു. തിമിരം, ഗ്ലാക്കോമാ മുതലായവപോലും ശസ്ത്രക്രിയകൂടാതെ ഭേദമാകുന്നു. ഡ്രാമിനു 2 രൂ. വിലകൂടാതെ കിട്ടുന്ന പുസ്തകത്തിനു അപേക്ഷിക്കുക.

**New Formula Co Kandi, Bengal.**

എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ ആയിരിക്കണം.



ഭാരത .

മോട്ടോർബസ്സുടമസ്ഥന്മാരുടെ മത്സരം കൂടിക്കൊണ്ടുതന്നെയിരിക്കുന്നതിനാൽ തിരുനൽവേലി-തിരുച്ചന്തൂർ, തിരുനൽവേലി-തൂത്തുക്കുടി എന്നീ ലൈനുകളിൽ ഇനിയും കൂലികുറക്കുവാൻ തെന്നിന്ത്യാ റയിൽവേ കമ്പനി ആലോചിച്ചുവരുന്നു.

* * *

ആന്ധ്രാദേശത്തെ പല പ്രധാന നടീനടന്മാരാൽ അഭിനയിക്കപ്പെട്ട "ലവാകുശാ" എന്ന തെലുംകുടാക്കി അസൂയാജനകമായവിധം വിജയകരമായിരിക്കുന്നു എന്നു വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു.

* * *

ദിഗംബര (നഗ്ന) ജേയിനുകളുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനായി ബൈൽഷാ എന്ന സ്ഥലത്തെ ഒരു ബാങ്കറായ സെത്ത് ലക്ഷ്മിചന്ദ് 63000 രൂപാ സംഭാവനചെയ്തിരിക്കുന്നു.

* * *

ആലിഗാർ മുസ്ലീംസർവ്വകലാശാലയിലെ ഒരു വിദ്യാർത്ഥിയായ നാഫർ വധിന്ഖാൻ അഞ്ചേകാൽമണിക്കൂറുകൊണ്ടു 84 മയിലോളം സൈക്കിളിൽ യാത്രചെയ്തിരിക്കുന്നു.

* * *

മദ്യപിക്കരുതെന്നു അച്ഛൻ ഗുണദോഷിച്ചപ്പോൾ സഹിക്കവയ്യാത്ത കോപംഉണ്ടായി പുത്രനായ ചാജു എന്ന ഡൽഹിക്കാരൻ തന്നത്താൻ കുത്തിമുറിവേല്പിച്ചിരിക്കുന്നു.

* * *

അഖിലേന്ത്യാ വാണിജ്യസംഘം ജനുവരി 21-ാംനു "ലെനിൻദിനവും", മാർച്ചു നാലാംതീയതി "തൊഴിലില്ലാത്ത തൊഴിലാളികളുടെ ദിനവും" കൊണ്ടാടുവാൻ തീരുമാനിച്ചിരിക്കുന്നു.

* * *

ജയിലിൽനിന്നു മോചനംലഭിച്ചശേഷം വിശപ്പടക്കുവാൻവഹിയാതെ ഒരാൾ ഡൽഹിയിലെ ഡാക്ടർ സെയ്ദ്അഹമ്മദലിയോടു മുന്നുദിവസം തുടരെയായി ഭിക്ഷ യാചിച്ചു എന്നും, യാതൊന്നും കിട്ടാതെവരികയാൽ ഡാക്ടരുടെ കയ്യിൽനിന്നും ഒരു പുസ്തകവും ഒരു കുടയും തട്ടിപ്പറിച്ചുകൊണ്ടു ഇയാൾ കടന്നുകളഞ്ഞതായും അറിയുന്നു.

* * *

നാലുലക്ഷംരൂപാ ചിലവാക്കി ഒരു ക്ഷയരോഗാസ്പത്രി പണിയുന്നതിനാവശ്യമുള്ള സ്ഥലം കിട്ടണമെന്നഭ്യർത്ഥിച്ചുകൊണ്ടു കറാച്ചിമേയറിന്റെ അടുക്കൽ സമർപ്പിച്ച ഒരു മെമ്മോറിയലിൽ കറാച്ചിയിൽ ഇരുപതിനായിരം ആളുകൾക്കു ഇപ്പോൾ ക്ഷയരോഗമുണ്ടെന്നു പ്രസ്താവിച്ചിരിക്കുന്നു.

* * *

ജർമ്മൻകൈസർ; റഷ്യൻസാർ എന്നീ സ്വേച്ഛാപ്രഭുക്കളുടെ സ്ഥാനഭ്രംശം യുദ്ധത്തിന്റെ അനന്തരഫലങ്ങളായി ഉണ്ടായിയെങ്കിലും, സമീപസ്ഥരെ ചൂഷണംചെയ്യുക എന്നപതിവു് യൂറോപ്യൻ രാഷ്ട്രീയനേതാക്കന്മാർ ഇനിയും നിർത്തിക്കാണുന്നില്ലെന്നു "ഇന്ത്യയുംലോകവും" എന്ന പത്രത്തിൽ മി. കാളിദാസു് നാഗ് പ്രസ്താവിക്കുന്നു.

* * *

ബാംബെയിൽവച്ചുനടന്ന കാൺഗ്രസ്സു സമ്മേളനത്തിനു രണ്ടരലക്ഷംരൂപാ ചിലവായിട്ടുണ്ടു്. കാൺഗ്രസ്സ് ചലനചിത്രത്തിൽ ലാഭമായികിട്ടിയ 5000 രൂപായുൾപ്പെടെ ബഡ്ജററു ശരിപ്പെടുത്താമെന്ന സ്വീകരണക്കമ്മററിയുടെ ആശ ഫലിച്ചതായി കാണുന്നു.

* * *

മുസാഫർപൂർ ഡിസ്ട്രിക്ടിൽ കന്നുകാലിവസന്ത ഭയങ്കരമായി ഉണ്ടായിരിക്കുന്നു. കഴിഞ്ഞ ബീഹാർഭൂകമ്പത്തിനുശേഷം കണ്ടുതുടങ്ങിയ മണ്ണിൽ കിളുത്ത പുല്ലു ഭക്ഷിച്ചതാണു ഇതിനു കാരണമെന്നു പറയപ്പെടുന്നു.

* * *

റയിൽവേപോലീസുകാരുടെ അക്രമപ്രവൃത്തികളെ തെളിയിക്കുന്ന മറെറാരു കേസ്സുണ്ടായിരിക്കുന്നു. പഞ്ചാബിലെ ഗുറിയാലായിൽവച്ചു തീവണ്ടിയിലുണ്ടായിരുന്ന ഒരു മുസ്ലീംസ്ത്രീയെ അപമാനിക്കുവാൻ ഒരുമ്പെട്ട ഒരു പോലീസുകാരന്റെപേരിൽ കേസ്സെടുത്തിരിക്കുന്നു.

* * *

മോട്ടാർവാഹനങ്ങളുടെ നികുതി വർദ്ധിപ്പിക്കുവാനുള്ള ഗവർമ്മെന്റു സംരംഭത്തെ ബാംബേ കാൺഗ്രസ്സു സോഷ്യലിസ്റ്റുപാർട്ടിയുടെ ഇക്കഴിഞ്ഞ യോഗം പ്രതിഷേധിക്കുന്നു.

* * *

അടുത്ത ഡിസംബറിൽനടക്കുന്ന വനിതാകാൺഫറൻസു കഴിഞ്ഞ ഉടൻതന്നെ അഖിലേന്ത്യാ ജനനനിയന്ത്രണകാൺഫറൻസു തിരുവിതാംകൂറിൽവച്ചു നടത്തപ്പെടുന്നതാണു്. ചക്രവർത്തിയുടെ ഫിസിഷ്യനായ ഹോർഡർപ്രഭു അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

* * *

കൽക്കത്തായിലെ ഒരു പൊതുനിരത്തിൽവച്ചു ഒരു പുരുഷൻ രണ്ടുസ്ത്രീകളുടെപക്കൽനിന്നും ചെരുപ്പുകൊണ്ടുള്ള പ്രഹരംവാങ്ങുന്നതു കാണുവാനായി ധാരാളം ആളുകൾകൂടി. ഒരു പ്രദർശനംകാണുവാൻപോയ ഈ സ്ത്രീകൾ മടങ്ങിവരവെ ഏതോ അസഭ്യം ഈ പുരുഷൻ പറയുകയാലാണത്രെ ഈ ശിക്ഷ ഏൽക്കേണ്ടതായിവന്നതു്. കാഴ്ചകാണുവാൻ കൂടിയവർ ഇയ്യാളെക്കൊണ്ടു ക്ഷമാപണംചെയ്യിപ്പിച്ചു വിട്ടയച്ചു

* * *

ബാംബെയിലെ ബന്ദറാ എന്ന സ്ഥലത്തെ ആളുകളിൽനിന്നു ശക്തിമത്തായ പ്രതിഷേധം പുറപ്പെട്ടിട്ടും, ബാലന്മാരുടെ പ്രോത്സാഹനത്തോടുകൂടി ഒരു കള്ളുഷാപ്പ് അവിടെ തുറന്നിരിക്കുന്നു. കുറെദിവസത്തേക്കു ഷാപ്പുടമസ്ഥന്മാർ കുറെ കുട്ടികൾക്കു വിലകൂടാതെ കള്ളു "സപ്ലൈ" ചെയ്യുകയും, ഇങ്ങനെ ഇതിനായുള്ളആഗ്രഹം ഇവരിൽ ജനിപ്പിക്കയുംചെയ്തു ഈ ബാധയെ ഏതുവിധമെങ്കിലും ഒഴിക്കുവാൻ സാമുദായികപ്രവർത്തകന്മാർ അധികൃതന്മാരോടപേക്ഷിച്ചിട്ടുണ്ടു്.

* * *

ഡൽഹി സ്വദേശിയായ ഒരു മുഹമ്മദ് ഹുസ്സയിൻ ഒരു സ്വർണ്ണവ്യാപാരിയുടെകടയിൽ പ്രവേശിച്ചു ചില ആഭരണങ്ങൾ കാണണമെന്നാവശ്യപ്പെട്ടു. ഉടമസ്ഥൻ പല ആകൃതിയിലുള്ള പല ഉരുപ്പടികൾ ഇയാളെകാണിച്ചു ഇവയെല്ലാം തിരിച്ചും മറിച്ചുംനോക്കിയിട്ടും, തൃപ്തിയാകാത്തഭാവംകാട്ടി ഹുസ്സയിൻ കടവിട്ടു വെളിയിൽ ഇറങ്ങുവാൻ ഭാവിച്ചു. ആഭരണങ്ങൾ യഥാസ്ഥാനത്തു വെക്കുമ്പോൾ വ്യാപാരി ആരംഭിച്ചപ്പോൾ രണ്ടു സ്വർണ്ണമോതിരങ്ങൾ കാണാനുണ്ടായിരുന്നില്ല. ആൾക്കൂടി ഹുസ്സയിനെ പരിശോധിച്ചപ്പോൾ മോതിരങ്ങൾരണ്ടും ഇയാളുടെ വായിൽ ഉണ്ടായിരുന്നു. തസ്കരൻ ഇപ്പോൾ പോലീസ്സ്ബന്തവസ്സിലാണു്.

കേരളം.

തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സുകൊണ്ടു സപരിവാരം ന്യൂഡൽഹിയിൽ എഴുന്നള്ളി അവിടെയുള്ള തിരുവിതാംകൂർഹൌസിൽ താമസിക്കുന്നു. തിരുമനസ്സുകൊണ്ടു അവിടെ രണ്ടാഴ്ച താമസിക്കുന്നതാണു്. ജനുവരി 16-ാംതീയതി ഡാക്ടർ ആൻസാരി തിരുമനസ്സിലെ ആരോഗ്യപരിശോധന നടത്തിയതായി അസോസ്യേറ്റഡ്പ്രസ്സ് ആഫ് ഇൻഡ്യാ ഗവർമ്മെന്റിലേക്കു റിപ്പോർട്ടുചെയ്തിരിക്കുന്നു. തിരുമനസ്സുകൊണ്ടു് നരേന്ദ്രമണ്ഡലയോഗത്തിൽ പങ്കുകൊള്ളുന്നതല്ലെന്നും താൽക്കാലികമായി നരേന്ദ്രമണ്ഡലത്തിൽനിന്നു പിന്മാറുന്നതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

* * *

എറണാകുളം മഹാരാജാസ് കാളേജിന്റെ വജ്രജൂബിലി സർ കെ. രാമുണ്ണിമേനാന്റെ അദ്ധ്യക്ഷതയിൽ കഴിഞ്ഞയാഴ്ച വളരെ കേമമായി ആഘോഷിച്ചിരിക്കുന്നു. സഹവിദ്യാഭ്യാസം ആശാസ്യമാണെന്നും, കേരളസർവ്വകലാശാല അടുത്ത ഭാവിയിൽ നടപ്പില്ലെന്നും അദ്ദേഹം പ്രതിപാദിക്കുകയുണ്ടായി. കാളേജിലെ പൂർവ്വവിദ്യാർത്ഥികളിൽ കൊച്ചിയിലെ ദിവാൻസ്ഥാനം അലങ്കരിക്കുവാൻ ഭാഗമുണ്ടായ റാവുബഹദൂർ നാരായണമേനവൻ അവർകളുടെ ഒരുഎണ്ണച്ഛായാപടം അദ്ധ്യക്ഷസ്ഥാനത്തുനിന്നും കാളേജ്ഹാളിൽ അനാച്ഛാദനംചെയ്യുകയുംഉണ്ടായി.

* * *



പരവൂർ സംഗീത സഭയുടെ ആഭിമുഖ്യത്തിൽ കോട്ടപ്പുറം ഇംഗ്ലീഷ് ഹൈസ്കൂളിൽ വെച്ചു നടന്ന സംഗീതകച്ചേരിയിൽ പങ്കുകൊണ്ടവരുടെ ഫോട്ടോ

## ൧൯൩൪-ൽ മൃതിയടഞ്ഞ അഖിലരാജ്യപ്രശസ്തരായ പ്രമാണികൾ



മുകളിൽ (1) ജർമ്മൻ പ്രസിഡൻറായിരുന്ന വാൺ ഹിൻഡൻബർഗ്ഗ്. (2) യൂഗോസ്ലേവിയായിലെ അലക്സാണ്ഡർ രാജാവ് (മാർസയിൽസിൽവച്ചു ഘാതകന്മാരാൽ കൊല്ലപ്പെട്ടു) (3) ഡാക്ടർ എൻജൽബർട്ട് ഡോൾഫസ്സ്, ആസ്ത്രിയായിലെ ചാൻസലർ (ഘാതകന്മാരാൽ കൊല്ലപ്പെട്ടു. (4) ബെൽജിയത്തിലെ ആൽബർട്ട്രാജാവ് (ഒരു പർവ്വതാരോഹണത്തിനിടയിൽ അപകടത്തിൽപെട്ടു മരിച്ചു.)

അടിയിൽ (1) എം ലൂയി ബാർതോ ഫ്രാൻസിലെ വിദേശകാര്യമന്ത്രി (മാർസയിൽസിൽവച്ചു വധിക്കപ്പെട്ടു.) (2) നെതർലൻഡ്സിലെ പ്രിൻസ് ഹെൻഡ്രിക്ക്. (3) ജനറൽ അലക്സാണ്ടർ വോൺക്ലൂക്ക്, പശ്ചിമരംഗത്തിൽ ജർമ്മൻസേനയെ നയിച്ച യോദ്ധാവ്. (4) എം. ആർ- പോയിൻകെയാർ (ഫ്രാൻസിൽ മുമ്പു പ്രസിഡണ്ടായിരുന്നു)

ലോകപ്രസിദ്ധനായ ഒരു ഭൂലോകസഞ്ചാരിയും പ്രാസംഗികനും ഗ്രന്ഥകാരനുമായ ഡാക്ടർ ഫ്റഞ്ചുഒളിവർ തിരുവനന്തപുരത്തെ യുവജനസമാജത്തിൻെറ ആഭിമുഖ്യത്തിലും ജസ്ററിസ് ഗോപാലമേനവൻെറ അദ്ധ്യക്ഷതയിലും ജൂബിലി ടൗൺഹാളിൽക്കൂടിയ ഒരു പൊതുയോഗത്തിൽ വച്ചു പരിഷ്കാരത്തിൻെറ നാശം എന്ന വിഷയത്തെ അധികരിച്ചു പ്രൗഢമായ ഒരു പ്രസംഗംചെയ്യുകയുണ്ടായി. പരിഷ്കാരത്തിൻെറപേരിൽ ഇന്നറിയുന്നതെല്ലാം കേവലം മിഥ്യയാണെന്നും അനാത്മവാദവും ഭൗതികചിന്തയുമാണു ഇന്നത്തെ ഈ കുഴപ്പങ്ങൾക്കെല്ലാം നിദാനമെന്നുംആത്മീയചിന്തമൂലവും ആത്മീയാഭിവൃദ്ധികൊണ്ടും മാത്രമെ ഇതിൽനിന്നു രക്ഷനേടാൻ സാധിക്കൂ എന്നും അദ്ദേഹം സമർത്ഥിച്ചിരിക്കുന്നു.

* * *

കൽക്കത്തായിലെ സുപ്രസിദ്ധ ആയുർവേദകലാലയമായ വിശ്വനാഥ ആയുർവേദമഹാവിദ്യാലയക്കാർ തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലേക്കു സ്വാഗതമരുളിക്കൊണ്ടു ജനുവരി 7-ാംതീയതി ഒരു മംഗളപത്രം സമർപ്പിച്ചിരിക്കുന്നു. ആയുർവേദചികിത്സയുടെ മാഹാത്മ്യത്തെയും ആ പദ്ധതിയോടു തിരുമനസ്സിലേക്കുള്ള ബഹുമാനത്തെയും തിരുമനസ്സുകൊണ്ടു തൻെറ മറുപടിയിൽ ചൂണ്ടിക്കാണിക്കുകയും, നമ്മുടെ പുരാതന ചികിത്സാപദ്ധതിയെ പുനരുദ്ധരിക്കയും, കൂടുതൽ പ്രയോജനപ്രദമാക്കുകയും ചെയ്യണമെന്നു തിരുമനസ്സുകൊണ്ടു കല്പിച്ചു അഭിപ്രായപ്പെടുകയുംഉണ്ടായി.

* * *

കൊച്ചിയിലെ ഒരു സാമുദായികപ്രവർത്തകയായ മിസ്സസ് കുട്ടൻനായരും മഹാത്മജിയുമായി ഈയിടെനടന്ന ഒരു സംഭാഷണത്തിൽ സഹവിദ്യാഭ്യാസത്തെപ്പററി മഹാത്മജി അനുകൂലമല്ലാത്ത അഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നു. സഹവിദ്യാഭ്യാസം ഇന്നും പരീക്ഷണഘട്ടത്തിൽ ഇരിക്കുന്നതെ ഉള്ളു എന്നും പാശ്ചാത്യരാജ്യങ്ങളിൽ അതു വിജയപ്രദമായി കാണുന്നില്ലെന്നും മഹാത്മജി നടത്തിയ ഏതൽസംബന്ധമായ പരീക്ഷണത്തിൻെറ ഫലവും അനഭിലഷണീയമായിരുന്നു എന്നുംആണു് അദ്ദേഹം പറഞ്ഞതു്. ജനനനിയന്ത്രണത്തിനായുള്ള ഗർഭനിരോധനരീതികളെയും, നിവാരണശ്രമങ്ങളെയും മഹാത്മജി വെറുക്കുന്നതായും പ്രതിപാദിക്കുകയുണ്ടായി. ധാരാളം സന്താനങ്ങളുള്ള മാതാപിതാക്കൾക്കു ഇററലിയിൽ മുസോലിനി വേതനങ്ങൾ നൽകുന്നകഥ മിസ്സസ്സ് കുട്ടൻനായരെ മഹാത്മജി അനുസ്മരിപ്പിക്കുകയുംചെയ്തു.

* * *



കോട്ടയത്തു നടത്തിവരുന്ന പി ജോൺമെമ്മോറിയൽ ടൂർണ്ണമെൻറിൻെറ സെമിഫയനൽ ഫുട്ട്ബോൾമത്സരത്തിനു് വിജയം നേടിയ "വെല്ലിംഗ്ടൻടിം."

## തൂലികാ ചിത്രവാൎത്ത

# പരിഷ്കാരപ്രണയം.

(ജി പി.)

അടുത്തുള്ള എല്ലൂരിലൂടെ ഡാക്ടർ പോകുംവഴി തന്റെ ഭവനം സന്ദർശിക്കണമെന്നു താനും തന്റെ പത്നിയും ഏററവും വിനീതരായി അപേക്ഷിക്കുന്നുവെന്നും മററും കാണിച്ചു അവിടത്തെ ഒരു മലയാളം ഹൈസ്ക്കൂൾഹെഡ്മാസ്ററും ഡാക്ടർ ഗോമയുടെ ഒരു പഴയ കാളേജുസുഹൃത്തുമായ രാജശ്രീ എൽ- ഏ. മനോഹരൻപിള്ള അവർകൾ എം. ഏ ഡാക്ടൎക്കു ഒരു കത്തയച്ചിരുന്നു. ആ എഴുത്തു ഇലഞ്ഞിപ്പൂരയ്ക്കൂൽവച്ചു കിട്ടുകയാൽ ഡാക്ടർ ഗോമ തന്റെ സഞ്ചാരകാൎയ്യപരിപാടിയിൽ എല്ലൂരെന്ന അല്പനഗരത്തിനു ഒരുദിവസത്തെ താമസവും ഉൾപ്പെടുത്തി.

അതിരാവിലെ വെയിൽ പരക്കുന്നതിൻ മുൻപു ഡാക്ടരെ യാത്രയയയ്ക്കുവാൻ ഇലഞ്ഞിപ്പൂരയ്ക്കൂലെ ഒരു സംഘം പുരുഷന്മാർ കാരണവരുടെ നേതൃത്വത്തിൽ സ്നേഹഭക്തിബഹുമാനങ്ങളോടെ മുററത്തിറങ്ങി പതുക്കെപ്പതുക്കെ മുന്നോട്ടുനടന്നുതുടങ്ങി. ഡാക്ടർ അവൎക്കു അഭിമുഖനായി തിരിഞ്ഞുനിന്നു യാത്രചോദിച്ചുകൊണ്ടു പുറകോട്ടും ക്രമേണ നടന്നു. ഇന്നു പോകേണ്ടായെന്നും ഇന്നു പോകണമെന്നും ഉള്ള ഒരു വലുതായ ശണ്ഠ ഇലഞ്ഞിപ്പൂരയ്ക്കൂലെ കാരണവരും ഡാക്ടർ ഗോമയുംതമ്മിൽ കടയ്ക്കൂൽവച്ചും ഉണ്ടായി. അചിരേണ ദൃഢസ്നേഹത്താൽ ഗാഢബദ്ധരായിത്തീൎന്ന അവർതമ്മിൽ പിരിയുന്നതിനു പരമാൎത്ഥത്തിൽ വലിയ വൈമനസ്യം പ്രദർശിപ്പിച്ചു. ഡാക്ടരുടെ മുഖം ചൊവന്നു; തൊണ്ടയിടറി. ഇലഞ്ഞിപ്പൂരയ്ക്കൂലെ കാരണവരുടെ കണ്ണുകളിലൂടെ കണ്ണീർ വന്നതിനെ അദ്ദേഹം വളരെവളരെ ശ്രമിച്ചാണു നിയന്ത്രിച്ചതു്. ദുസ്സഹമായ ഈ വേർപാടിനെ സൂക്ഷിച്ചുനോക്കിക്കൊണ്ടു അടുക്കളയുടെ വടക്കുവശത്തുനിന്ന മദ്ധ്യവയസ്കയും ദുർബലഹൃദയയുമായ അടുക്കളക്കാരി 'ളാച്ചി' ഡാക്ടർ തിരിഞ്ഞുനടന്നപ്പോൾ പൊട്ടിക്കരഞ്ഞുപോയി. 'ളാച്ചി' കരഞ്ഞുകൊണ്ടു അതുവഴി ഓടി, വണ്ണംപെരുത്തു അനങ്ങാതെയും മിണ്ടാതെയും തളത്തിൽ ഇരിക്കുന്ന ഗൃഹനായികയുടെ മുൻപിൽ ചെന്നു. ളാച്ചിയുടെ ആഗമനം കണ്ടു പരിഭ്രമിച്ച ഗൃഹനായിക അങ്ങോട്ടുമിങ്ങോട്ടും കൈയിട്ടാഞ്ഞുപോയി. ളാച്ചി മൂക്കുപിഴിഞ്ഞുകൊണ്ടു മന്ദഭേദകമായ സ്വരത്തിൽപറഞ്ഞു:-

"ഇത്തറ ഒരു പൊന്നുംകൊടത്താളു എലഞ്ഞിപ്പെരയ്ക്കൂൽ വന്നിട്ടില്ല. ഇവിടെ ക്രുട്ടാനുംചോറുംഎടുത്തു് ഏറല്ല്യോ, അമ്മോ! എന്നാ ഉപ്പൊണ്ടോ, പുളിയൊണ്ടോ, എരിയൊണ്ടോ എന്താ എന്നു ഡാക്കിട്ടരച്ച്യോ കമാന്നു മിണ്ടീട്ടില്ല. കൊണ്ടുചെല്ലുന്നതെല്ലാം അമൃതിനു പഞ്ചാമൃതം അയ്യോ...യ്യോ എന്തൊരു ജോഷ്യൻ!"

വയലുകളും വള്ളപ്പുകളും പച്ചനിറവും സ്വച്ഛാകാശവും പ്രശാന്തതയും നയനമോഹനതയുമെല്ലാം പിന്നിൽ വിട്ടിട്ടു ഡാക്ടർ ഗോമ നടന്നുതുടങ്ങി. കെട്ടിടങ്ങളുടെ ചെടിക്കുന്ന കാഴ്ചയും പൊടിനിറഞ്ഞ ആകാശവും പരിഭ്രാന്തരെപ്പോലെ കരംകലക്കിതരിക്കുന്ന ആളുകളും ഉള്ള എല്ലൂരെന്ന അല്പനഗരത്തോടു ഡാക്ടർ ക്രമേണ സമീപിച്ചു. കാറേററുലയുന്ന വൃക്ഷങ്ങളിലെ 'കലകല' ശബ്ദത്തിനുപകരം നിരത്തിലൂടെ പൊടിപൊങ്ങിച്ചുപോകുന്ന സാമാനവണ്ടികളുടെ 'കടകട'രടിതം കേട്ടുതുടങ്ങി. കടന്നൽക്കൂട്ടിലെ ഇരപ്പുപോലെ ആളുകളുടെ ഒരു ആരവമല്ലാതെ മറെറാന്നും കേൾക്കാനില്ല. പാടത്തു കാളപൂട്ടുന്ന കൊഴുവപ്പയ്യന്റെ അലസമായ ചൂളംവിളിയും ബഹുവിധവിഹംഗങ്ങളുടെ ശ്രോത്രാഭിരാമങ്ങളായ നിനദങ്ങളുമെല്ലാം ചക്രവാളത്തിൽ ലയിച്ചിരുന്നു.

ഡാക്ടർ പ്രവേശിച്ച നഗരഭാഗത്തു അല്പം അകലെയായി എല്ലൂരിലെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പുസ്തകം വായിക്കുവാൻ പ്രത്യേകം ഉണ്ടാക്കിയിരുന്ന മലയാളം ഹൈസ്കൂളുകളുടെ മുതുകുകൾ ഉയൎന്നുകാണാമായിരുന്നു. ഡാക്ടർ നേരെ അവിടം ലക്ഷ്യമാക്കിനടന്നു വഴിയിൽകണ്ട ചിലരോടു ചോദിച്ചു ബായിസ്‌വണ്ണാകുലർഹൈസ്ക്കൂളിലെ ഹെഡ്മാസ്റ്ററായ രാജശ്രീ എൽ. ഏ മനോഹരൻപിള്ള അവർകൾ എം, ഏ-യും അദ്ദേഹത്തിന്റെ പത്നി ഗേൾസ വണ്ണാക്യുലർഹൈസ്ക്കൂളിലെ ഹെഡ്മിസ്റ്ററസ്സായ ശ്രീമതി കോമളാംഗിഅമ്മ എം ഏ-യും താമസിക്കുന്ന തെരുവ് ടെയെന്നു മനസ്സിലാക്കി. അവരുടെ വാസഭവനം അടുത്തുതന്നെ ആയിരുന്നു. വീടുകളുടെമേൽക്കൂരകളും മുററങ്ങളും നിരത്തുകളുമെല്ലാം വെയിലേററു ചുട്ടുതുടങ്ങാറായപ്പോഴേക്കും ഡാക്ടരും ഞാനും പുറകെ പെട്ടിയുമേന്തി പരപ്പിനും സാമാന്യം ഭേദപ്പെട്ട ഒരു ഓടിട്ടകെട്ടിടത്തിന്റെ പടിക്കലെത്തി. ഡാക്ടർ പടിവാതലിൽ രണ്ടു മൂന്നു മുട്ടിയപ്പോൾ മാംസളശരീരനായ ഒരു ഭൃത്യൻ ഓടിവന്നു കതകുതുറന്നു നിശ്ചയമായും ഒരു അപരിചിതൻതന്നെയെങ്കിലും ഞങ്ങളോടു ചിരിച്ചു അതിപരിചയഭാവം അഭിനയിച്ചുകൊണ്ടു അയാൻ അവിടെനിന്നു തലകുണുക്കുകയും കൈകൾതമ്മിൽ പിനയ്ക്കുകയുംചെയ്തു.

അപ്പോഴേക്കും ചരടുപോലെ പടച്ചു സാമാന്യം നീണ്ട ഒരു മനുഷ്യൻ വരാന്തയിൽ പ്രത്യക്ഷീഭവിച്ചു. അസ്ഥിമാത്രകായനായ ആ മനുഷ്യന്റെ കൈകാലുകൾ ഈൎക്കിൽപോലെ കനംകുറഞ്ഞവയായിരുന്നു. കണ്ണുകളുംകവിളുകളുംകുഴിഞ്ഞു ചെന്നികൾ ഒട്ടിയ അദ്ദേഹത്തിന്റെ ഉളികത്തല ക്രമാധികം നീണ്ട കഴുത്തിന്റെ മുകളിൽഇരുന്നുസന്തോഷാധിക്യത്താൽ സഞ്ചലിച്ചു. എൽ. ഏ. മനോഹരൻപിള്ള തന്റെ ഈൎക്കിൽകൈകൾനീട്ടി വിനയഭക്തിബഹുമാനങ്ങളോടെ സ്വാഗതം നൽകി. മുഖവും അധരവുംഎല്ലാം രക്തശൂന്യമായിരുന്നതിനാൽ അദ്ദേഹത്തിന്റെ ചിരിയും രക്തശൂന്യമായിരുന്നു. ഒരു അടഞ്ഞ നിശിതസ്വരത്തിൽ കുശലങ്ങൾ ചോദിച്ചും പെട്ടിയുംമററുംവാങ്ങി സൂക്ഷിക്കുവാൻ ഭൃത്യനോടാജ്ഞാപിച്ചും ഡാക്ടരെയുംപിടിച്ചുകൊണ്ടു മനോഹരൻപിള്ള ഭവനത്തിലെ വിശാലമായ ശാലയിൽകയറി. അവിടെഒരു കസാലയിൽ ഡാക്ടരെ ഇരുത്തിയിട്ടു ആതിഥേയനും ഇരുന്നു. എന്നിട്ടു മനോഹരൻപിള്ള ഒരു ആനന്ദമത്തോടുകൂടി തല കിളത്തി ഇങ്ങിനെ വിളിച്ചുപറഞ്ഞു:—

"കോമളം! കോമളം! വരൂ വരൂ, ഡാക്ടർ ഇതാവന്നിരിക്കുന്നു. വേഗം വരൂ," ഡാക്ടർ ചവ്വരിപ്പല്ലുകൾ കാണത്തക്കവണ്ണം വായ്‌വിടൎത്തി എല്ലാവാതലുകളിലും മാറിമാറിനോക്കി. എല്ലുകൾതമ്മിൽ ഉരഞ്ഞു ശബ്ദംപുറപ്പെടുന്നുണ്ടോ എന്നു സംശയിക്കത്തക്കവണ്ണം അത്ര അസ്ഥിമാത്രശരീരയായ ഒരാൾ വാതല്ക്കൽപ്രത്യക്ഷപ്പെട്ടു. അതു് ഒരു മഞ്ഞച്ചസ്ത്രീയായിരുന്നു. അവരുടെ അധരം വിളറിയും വറണ്ടും കുറേശ്ശ വിറയലോടുകൂടിയുമിരുന്നു. കുറെ നേത്തെ എല്ലുകളും മഞ്ഞളച്ചതൊലിയും പലതരം രോഗങ്ങളും ഒരു ബിരുദവും വിലപിടിച്ചപട്ടുവസ്ത്രങ്ങളിൽപൊതിഞ്ഞു രത്നാഭരണങ്ങൾചാൎത്തിവയ്ക്കുന്നതായാൽ അതിനെ ഒരു സ്ത്രീയായി സങ്കല്പിക്കാമെങ്കിൽ അതായിരുന്നു ഹെഡ്മിസ്റ്ററസ്സ് കോമളാംഗിയമ്മ എം. എ. ശ്രീമാൻ മനോഹരൻപിള്ളയും ശ്രീമതി കോമളാംഗിയമ്മയും കാളേജിലെ അദ്ധ്യാപനപ്രദീപ്തിക്കുതക്ക യോഗ്യതയുള്ള ഇംഗ്ലീഷുഭാഷാപാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളവരായിരുന്നു ഏകദേശം മൂന്നുവയസ്സുമുതൽ അടങ്ങിയൊതുങ്ങിയിരുന്നു പുസ്തകങ്ങളിൽനോക്കാൻതുടങ്ങിയഅവർ ഇതുവരെ അവയിൽനിന്നും കണ്ണെടുക്കുകയാകട്ടെ മററുലോകവസ്തുക്കളെ കാണുകയാകട്ടെ ചെയ്തിട്ടില്ല ഇൻഡ്യയുടെ പിടലിക്കുവച്ചു കെട്ടിയ ഉൽകൃഷ്ടവിദ്യാഭ്യാസത്തിൽ അകപ്പെട്ട അവൎക്കു കുറെ ഗ്രന്ഥകൎത്താക്കന്മാരുടെപേരുകളും അവരുടെ കുറെ ഗ്രന്ഥങ്ങളും അവയിലെ അച്ചടിയക്ഷരങ്ങളും അതിൽ ഉദ്ദേശിച്ചിരുന്ന അവ്യക്തങ്ങളായ കുറെ വൈദേശികാശയങ്ങളുമല്ലാതെ ഈ ലോകത്തിൽ മറെറാന്നും പരിചിതങ്ങളല്ലായിരുന്നു. യഥാൎത്ഥത്തിൽ അവർ രണ്ടാളും ഇന്നത്തെ വിദ്യാഭ്യാസത്തിന്റെയും പാണ്ഡിത്യത്തിന്റെയും മൂൎത്തിഭാവങ്ങളാണെന്നു ഒററനോട്ടത്തിൽ മനസ്സിലാക്കാം. ശ്രീമതി കോമളാംഗിയമ്മ പതിയെ അനുസരിച്ചു രക്തശൂന്യമായി ഒന്നുചിരിച്ചു ഡാക്ടരെ നോക്കി ഭൎത്താവിനോടുചോദിച്ചു.

"എല്ലേ! (അങ്ങിനെ ആയിരുന്നു അവർ മനോഹരൻപിള്ളയെവിളിച്ചുവന്നതു്) ഇതല്ലേ, നമ്മുടെ ഡാക്ടർ ഞാൻകണ്ടിട്ടില്ലെങ്കിലും ഈ രൂപംതന്നെയാണു് സങ്കല്പിച്ചതു്. വളരെ സന്തോഷം."

കോമളാംഗിയമ്മ ഒരു കസേരയിൽ ഇരുന്നു. ഡാക്ടർ വായ്‌പിളൎന്നു് അവിച്ഛിന്നമായി മന്ദസ്മിതംതൂകി.

മനോഹ:—"ഡാക്ടരെ! എനിക്കു രണ്ടുദിവസങ്ങളായി ഒരു ജലദോഷം. ഈ

ടൗൺ വലിയ അനാരോഗ്യകേന്ദ്രമാണ്. ഡാക്ടർക്കറിയാമോ നിറയെ രോഗാണുക്കൾ. ഇവിടെ വന്നതിൽപിന്നെ ഞങ്ങൾക്ക് തീരെ സുഖമില്ല. കോമളത്തിനു മൂന്നുനാലുദിവസങ്ങളായി വയററിനു ദീപനമില്ലായ്മ. ഇയ്യിടെയാണ് കോമളം ഒരു പനിവന്നു കുളിച്ചത്. രണ്ടാണ്ടുകളായി ഒരു ചുമ എന്നെ ബാധിച്ചിട്ട്. ഈയ്യിടെ കുറച്ചു സുഖമുണ്ട്—എങ്കിലും കോമളത്തേക്കാൾ ആരോഗ്യം എനിക്കുണ്ട്."

കോമളം:—"അതുപറയണ്ടാ—എല്ലേയേക്കാൾ ആരോഗ്യം എനിക്കാണുള്ളത്. അല്ലെങ്കിൽ ഡാക്ടർ പറയട്ടെ. ഡാക്ടരെ, ഞങ്ങളെ രണ്ടുപേരെയും കണ്ടാൽ ആർക്കാണ് കൂടുതൽ ആരോഗ്യമുണ്ടെന്നു തോന്നുക. മുഖത്തുനോക്കാതെ പറയണം.

ഈ ചോദ്യത്തിനു മറുപടിപറയുവാൻ ഡാക്ടർ ഗോമ വളരെ വിഷമിച്ചു. ഇങ്ങിനെയൊരു ചോദ്യം ഉണ്ടാകുമെന്നു ഡാക്ടർ ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. രണ്ടുപേരെയും മാറിമാറി നോക്കി ഡാക്ടർ വിഷമിച്ചു തലയാട്ടിക്കൊണ്ടിരുന്നു. ഈ സമയം ഗൃഹത്തിന്റെ പിൻഭാഗത്തുനിന്നു ഒരു നേർത്ത മൂഷികസ്വനം കേൾക്കയാൽ "ബേബി കരയുന്നു. ഞാൻ പോയിവരട്ടെ" എന്നു പറഞ്ഞു കോമളാംഗിയമ്മ എണീററു മെല്ലെ നടന്നുപോയി "കോമളം ഒരു ദീനക്കാരിയാണ്. കേട്ടോ ഡാക്ടർ. ഇവിടെ അവൾക്കു പ്രത്യേകം ഒരു ലേഡീ ഡാക്ടരുണ്ട്. എനിക്കു ആശുപത്രിയിൽതന്നെയാണു ചികിത്സ ബേബിക്കു ഹോമിയോപ്പതി നല്ലതാണെന്നു കണ്ടതുകൊണ്ടു അതാണ്. എണ്ണയ്ക്കും മുക്കുട്ടിനും മററുമായി ഒരു വൈദ്യനുമുണ്ട്. എന്തുചെയ്യാം. പത്തുനൂറു രൂപാ മാസം ഉണ്ടെങ്കിലും ഈ തുച്ഛമായ ശമ്പളംകൊണ്ടു മരുന്നിനു തികയുകയില്ല. ഡിഗ്രിനോക്കുമ്പോൾ ഞങ്ങൾക്കു രണ്ടാൾക്കുംകൂടി ഇന്നു കുറഞ്ഞപക്ഷം 300 രൂപാ മാസം കിട്ടേണ്ടതാണ്." ഡാക്ടർ വേവുകൊണ്ടു ഇരിപ്പിടത്തിൽനിന്നു ഉലാത്താനായി എണീററു. മനോഹരൻപിള്ളയും ഡാക്ടരെ അനുകരിച്ചു ഹാളിന്റെ അടുത്തു ഒഴിഞ്ഞുകിടന്ന ഒരു മുറിയിലേക്കു ഡാക്ടർ എത്തിനോക്കുവാൻ ഭാവിക്കുന്നുവെന്നുകണ്ടു മനോഹരൻപിള്ള തടുത്തു. "ഡാക്ടരേ, നില്ക്കണേ! നില്ക്കണേ. ആ മുറിനിറയെ രോഗാണുക്കളാണ്. കോമളം അതിലാണു പനിയായട്ടു കിടന്നത്. ലോഷൻ ഒഴിച്ചു നല്ലപോലെ ഒന്നു കഴുകിയിട്ടേ അതുപയോഗിക്കുവാൻ കൊള്ളാവൂ. എനിക്കു രോഗാണുക്കളെ വലിയ ഭയമാണ്. ഇവിടെവലിയകരുതലാണു ഞാൻചെയ്യുന്നത്"

ഊണിനു മുൻപു ആതിഥേയർക്കു വലിയ പരിചയമൊന്നുമില്ലായിരുന്ന മറെറാരു അതിഥികൂടി ആ ഭവനത്തിൽ ആഗതനായി. ആ വഴി യാത്രചെയ്തിരുന്ന കണ്ടാകണ്ണൻപിള്ള ഡാക്ടർ ഗോമ അവിടെ ഉണ്ടെന്നറിഞ്ഞു അങ്ങോട്ടു കയറി. എന്നാൽ ഒ മിനിട്ടിനുള്ളിൽ മനോഹരൻപിള്ളയ്ക്കും കോമളാംഗിഅമ്മയ്ക്കും കണ്ടാകണ്ണൻപിള്ള പരിചിതനായിത്തീർന്നു അയാളുടെ ചുവന്ന ഭീമമായ രൂപംമാത്രം അവരുടെ അന്തരംഗത്തിനു അസ്പഷ്ടമായ ചില കമ്പനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു.

ഊണുകഴിഞ്ഞതിന്റെശേഷം ഡാക്ടർ, കണ്ടാകണ്ണൻപിള്ള, മനോഹരൻപിള്ള, കോമളാംഗിയമ്മ, എന്നിവർ മുൻവശത്തുള്ള വലിയ മുറിയിൽവന്ന് കസേരകളിൽ വെടിപറയുവാനിരുന്നു കണ്ടാകണ്ണൻപിള്ളയ്ക്കു വലിയ സംഭാഷണമൊന്നുമുണ്ടായിരുന്നില്ല കോമളാംഗിയമ്മയ്ക്കു കണ്ടാകണ്ണൻപിള്ളയുടെ മുഖത്തു നോക്കുവാൻ പേടിയായിരുന്നതിനാൽ ഡാക്ടരുടെ സൌമ്യവദനത്തിൽ നോക്കിക്കൊണ്ടാണിരുന്നത്. സംഭാഷണം തിരിഞ്ഞുതിരിഞ്ഞു് പ്രണയത്തിൽ വന്നുചേർന്നു. സന്ദർഭവശാൽ എൽ. ഏ—മനോഹരൻപിള്ള എം. ഏ. ഇങ്ങിനെ ആരംഭിച്ചു:—"കേട്ടോ മി. കണ്ടാകണ്ണൻപിള്ളേ, ഞങ്ങളുടെ രണ്ടാളുടെയും വിവാഹം, ഒരു പ്രേമവിവാഹമായിരുന്നു. (കോമളാംഗിയമ്മ അല്പം ലജ്ജിച്ചു) അതറിയാമോ? കവികൾ—പ്രത്യേകിച്ച് പാശ്ചാത്യകവികൾ കീർത്തിക്കുന്ന ആ ദിവ്യമായ പ്രേമത്തിന്റെ പരിശുദ്ധമായ വശത്തെ ഞങ്ങൾ എത്രകണ്ടു പരിപാലിച്ചുവെന്നുള്ളതു് ചില സുഹൃത്തുക്കൾക്കറിയാം. കാളേജിൽവച്ചാണു ഞങ്ങൾ പരസ്പരം കണ്ടതു്. പ്രഥമദർശനത്തിൽതന്നെ ഞങ്ങളുടെ ഹൃദയങ്ങൾ ആ പ്രേമത്തിന്റെ സ്പർശനം അറിഞ്ഞു എന്നാൽ ഞങ്ങൾ അന്യോന്യം പിന്നെയും രണ്ടാണ്ടത്തേക്കു ഉരിയാടിയിട്ടില്ല. പ്രേമത്തിന് നിശ്ശബ്ദമായ സംഭാഷണംനിശ്ചയമായുമുണ്ട്. എം ഏ-യുടെ പരീക്ഷകഴിഞ്ഞതിൽപിന്നെയാണ് ഞാൻ കോമളത്തോട് എന്റെ പ്രണയത്തെപ്പററി തുറന്നുപറഞ്ഞതു്. കോമളം അന്നു യാതൊന്നും പറഞ്ഞില്ല. എന്തിനു? പല പ്രതിബന്ധങ്ങളുമുണ്ടായി ആദ്യം വിവാഹം നിശ്ചയിച്ചു. അപ്പോൾ കോമളത്തിന് മലേറിയപിടിച്ചു. അതുകഴിഞ്ഞു് ഒരു തീയതി നിശ്ചയിച്ചു. അപ്പോൾഎനിക്കു ടൈഫോയിഡ്പിടിപെട്ടു കോമളത്തിന്റെ ഉദരരോഗംമൂലം പിന്നെയും ആണ്ടുകൾ രണ്ടുകഴിഞ്ഞു. എനിക്കൊരു ചുമ പിന്നീടു പിടിപെട്ടു എന്തിന് അഞ്ചെട്ടുവർഷക്കാലമാണ് സമാധാനത്തോടും സാവകാശത്തോടും ഞങ്ങൾ ഞങ്ങളുടെ പ്രണയദീപത്തെ കെടാതെ സൂക്ഷിച്ചതു്. ഹാ! ആ യഥാർത്ഥപ്രണയം! അതിന് തമ്മിൽ കാണണമെന്നോ അടുത്തിരിക്കണമെന്നോ ഇല്ല. അതു നിശ്ശബ്ദമായി പാടും അരൂപിയായിത്തിളങ്ങും. അചഞ്ചലമായി ഗമിക്കും. യൂമസ്റഗോട്ട വെസ്റ്റേൺപോയററ്സ് (നിങ്ങൾ പാശ്ചാത്യകവികളെ ആശ്രയിക്കണം) ഇന്നും കോമളവും ഞാനും വളരെ അകന്നുതന്നെയാണിരിക്കുന്നതു്. പരസ്പരം അകന്ന മുറികളിൽആണ് ഞങ്ങളുടെ ശയനംകൂടി എങ്ങിനെയായാലും ഞങ്ങളുടെ പ്രേമഫലമായി ഒരു അങ്കുരമുണ്ടായി. ഡാക്ടരുംമററും കണ്ടില്ലല്ലോ (ഭാര്യയോടു) കോമളംപോയി നമ്മുടെ ബേബിയെ ഇങ്ങുകൊണ്ടുവരണം." കോമളാംഗിഅമ്മ സാവധാനത്തിൽ എണീററുപോയി. ഏറെ താമസിയാതെ കൈകൾക്കുള്ളിൽ ഒരു ചുരുട്ടു വസ്ത്രങ്ങളുമായി ആ വനിതാരത്നം തിരികെവന്നു. അതിനെ കോമളാംഗിയമ്മ ഭർത്താവിന്റെ കൈകളിൽ നിക്ഷേപിച്ചു. ഒരു കണ്ണാടിപ്പാത്രം വാങ്ങുംപോലെ മനോഹരൻപിള്ള അതിനെ അരുമയോടെവാങ്ങി ഡാക്ടരുടെ അടുത്തു കൊണ്ടുചെന്നു. ഡാക്ടർ വസ്ത്രച്ചുരുളിനുള്ളിൽ ചികഞ്ഞുനോക്കി. അതിൽ നെഞ്ഞുതുടിക്കുന്ന ഗവ്ളി(പല്ലി)യേപ്പോലുള്ള ഒരു ശിശുരൂപം ചുരുണ്ടുകിടക്കുന്നുണ്ടായിരുന്നു. അതിന്റെ കണ്ണുകൾ അടഞ്ഞും കൈകാലുകൾ തളർന്നും കിടന്നു ഡാക്ടർ തൊടുകയും ചൂളംവിളിക്കയുംമററും ചെയ്തുനോക്കി. ഒരു ഫലവുമുണ്ടായില്ല. ശിശു അന്തരത്തിൽതന്നെ കണ്ണുമടച്ചുകിടന്നു. മനോഹരൻപിള്ള അനന്തരം കണ്ടാകണ്ണൻപിള്ളയുടെ മുമ്പിലെത്തി. തുണിച്ചുരുളിൽ ഒരു ശിശുവാണുള്ളതെന്നു കേട്ടപ്പോൾ കണ്ടാകണ്ണൻപിള്ള അത്ഭുതപ്പെട്ടു. മനോഹരൻപിള്ളയുടേയും കോമളാംഗിഅമ്മയുടേയും പ്രണയഫലം ആദ്ദേഹത്തെ വല്ലാതെ അസ്ഥാളിപ്പിച്ചു ശിശുവിനെ കണ്ടിട്ടു കണ്ടാകണ്ണൻപിള്ള അധരം മുറുക്കി നെടുതായി ഒന്നു നിശ്വസിച്ചു.

മനോഹരൻപിള്ള ശിശുവിനെ കോമളാംഗിയമ്മയുടെകയ്യിൽ ഏല്പിച്ചതിന്റെ ശേഷം സ്വസ്ഥാനത്തെ അവലംബിച്ചു. കോമളാംഗിയമ്മ അതിനെ അടുത്തുണ്ടായിരുന്ന മേശയുടെ പുറത്തു അരുമയോടെവച്ചു. മനോഹരൻപിള്ള കണ്ടാകണ്ണൻപിള്ളയെനോക്കിപ്പറഞ്ഞു:—'കേട്ടോ മി. പിള്ളേ! ഇയ്യിടെ ഒരു യുവകവി പ്രസിദ്ധപ്പെടുത്തിയ ഒരു മലയാളകവിതയിൽ ഈ പ്രണയത്തെ എത്രകണ്ടു നിഴലിപ്പിച്ചിട്ടുണ്ടെന്നു നോക്കുക

വാനത്തെമിന്നലിൻചാറിൽസ്ഫുരിക്കുന്ന
തേനൊത്തശോഭയിൽബിംബിക്കയും.
നാനാവിഹംഗമശ്രേണിതൻഗാനത്തി-
ലൂനമില്ലാതെനിഴലിക്കയും
വാർമഴവില്ലുപിഴിഞ്ഞുള്ളസത്തിങ്ക-
ലാതങ്കംവിട്ടുകലരുകയും
സാമോദംചെയ്യുംപ്രണയമേനിന്നെഞാ-
നോമലേയെന്നുകണ്ടിടുന്നു!

ഡാക്ടർ മേലോട്ടുനോക്കി കസേരയുടെ കയ്യിന്മേൽ താളംപിടിച്ചു. ആ തികഞ്ഞ ഭൌതികവാദിയായ കണ്ടാകണ്ണൻപിള്ളയ്ക്കു വികാരം അടക്കുവാൻ തീരെ നിവൃത്തിയില്ലാതായി. അദ്ദേഹം എണീററുനിന്നുപറഞ്ഞു: 'രക്തശൂന്യമായ ഈ പരിഷ്കാരപ്രണയത്തെ ഞാൻ കഠിനമായി പ്രതിഷേധിക്കുന്നു. പ്രേമവും പ്രണയവുമെല്ലാം കാണുന്നതിലൊക്കെ നിഴലിച്ചിരിക്കുമെന്നു പറയുന്നതു വെറും ഭ്രാന്താണ്. നിങ്ങൾചൊല്ലിയ കവിത ഒരുമാതിരി മനോരോഗത്തിന്റെ പ്രത്യക്ഷലക്ഷണം. കുറച്ചു രക്തം തിളയ്ക്കുന്ന പ്രണയമാണു എനിക്കു ആവശ്യമായുള്ളതു് പ്രണയം സ്ത്രീപുരുഷബന്ധംതന്നെയാകുന്നു അതു സ്ത്രീയുടെയും പുരുഷന്റേയും ഒരു ആവശ്യംതന്നെ വർഗ്ഗവർദ്ധനയ്ക്കുള്ള പ്രകൃതിനിയമം. ആരോഗ്യമുള്ള കുട്ടികളും ആരോഗ്യമുള്ള കുടുംബവുമാണ് അതിന്റെ ലക്ഷണം. ശ്ലായ്-ജീവിക്കാനാവശ്യമുള്ളതിനെ അറിയുന്നതാണു വിദ്യാഭ്യാസം. ജീവിതത്തെ നേരാംവണ്ണമറിയുകയും ജീവിതത്തിൽ നേരാംവണ്ണം പ്രവർത്തിക്കുകയും ചെയ്യുന്നതാണ്", അല്ലാതെ ശ്വാസംവിടാതെയിരുന്നു വായിച്ചുനശിക്കുന്നതല്ല വിദ്യാഭ്യാസം. കഷ്ടം! നമ്മുടെ വിദ്യാഭ്യാസം നിറയെ രോഗാണുക്കളാണ്. ഞാൻപോകുന്നു. (ദയനീയമായി കൈചൂണ്ടിക്കൊണ്ടു്) അതാ ആ ശിശു ശ്വാസം വലിക്കയാണ്. ഇതറിഞ്ഞിരുന്നെങ്കിൽ ഞാനിങ്ങോട്ടു കയറുകയില്ലായിരുന്നു."

ജീവചരിത്രം.

# മഹാനായ ഒരു ഇന്ത്യൻപത്രാധിപർ.

## "പരിശ്രമംകൊണ്ടു ശ്രീമാനായ മി. സി. വൈ. ചിന്താമണി"

പി. വി. കുഞ്ഞുക്കുട്ടൻ നെടുങ്ങാടി.

സ്വാശ്രയമായി വളരുവാനും ഉന്നതസ്ഥാനത്തെത്തുവാനും യാതൊരു ചവിട്ടുപടിയുമില്ലാത്ത ഭാരതീയ ജനസമുദായത്തിന്നു കലാശാലാബിരുദങ്ങളുടെ സഹായംകൂടാതെയോ ഉദ്യോഗസ്ഥലോകത്തെ ആശ്രയിക്കാതെയോ ഒരു ഔന്നത്യപദവി സിദ്ധിക്കുക എന്നുള്ളതു കേവലം അസാദ്ധ്യമല്ലെങ്കിലും അത്യധികം ക്ലേശകരമാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. യാതൊരുബിരുദങ്ങളുമില്ലാത്ത ഇവിൻപ്രഭു ഇന്ത്യാവൈസ്രോയിയായതുപോലെയോ മി. ലായിഡ് ജാർജ്ജും മി. മാക്ക്ഡൊനാൾഡും ഇംഗ്ലണ്ടിൽ പ്രധാനമന്ത്രിമാരായതുപോലെയോ ഉള്ള ഒരു നില നിർഭാഗ്യയായ ഭാരതഭൂമിയിൽ അടുത്തകാലത്തെല്ലാം കേവലം അസംഭാവ്യംതന്നെയാണ്. എങ്കിലും സ്വന്തപരിശ്രമവും, സ്വാശ്രയശീലവും ദൃഢനിഷ്ഠയുംകൊണ്ടു മാത്രം ഉന്നതി പ്രാപിച്ചിട്ടുള്ള അപൂർവ്വം ചിലർ ഇക്കാലത്തും ഇന്ത്യയിൽ ഉണ്ടാവാതിരിക്കുന്നില്ല. അങ്ങിനെയുള്ള ചുരുക്കം ചില മഹാന്മാരിൽ ഒരു പ്രധാനസ്ഥാനത്തെ അർഹിക്കുന്ന ഒരു മാന്യനാണ് പ്രസിദ്ധപ്പെട്ട "ലീഡറിന്റെ" പത്രാധിപരായ മി. സി. വൈ. ചിന്താമണി.

കേവലം എലിമെണ്ടറിസ്കൂളിൽനിന്നു വെറും നാലാംതരംമാത്രം പാസ്സായി നിരാധാരനും നിസ്സഹായനുമായി ലോകജീവിതത്തിലേപ്പെട്ട അദ്ദേഹം ഇന്നു ഐക്യസംസ്ഥാനനിയമസഭയിലെ എതിർകക്ഷിനേതാവും ആ സംസ്ഥാനത്തിലെ ലിബറൽകക്ഷി പ്രസിഡണ്ടും ഒരു തികഞ്ഞ രാജ്യതന്ത്രജ്ഞനുമാണെന്നറിയുമ്പോൾ പരിശ്രമശീലന്മാരായ ആർക്കുംതന്നെ തങ്ങളുടെ ഭാവിയെക്കുറിച്ചു എന്തെന്നില്ലാതെയൊരുധൈര്യവും ശുഭപ്രതീക്ഷയും ഉളവാകുന്നതാണ്.

ഒരുകാലത്തു നിരക്ഷരകുക്ഷിയായി ഉപജീവനമാർഗ്ഗമന്വേഷിച്ചു അലഞ്ഞുതിരിഞ്ഞിരുന്ന അദ്ദേഹം പിന്നീടു ഐക്യസംസ്ഥാനനിയമസഭയിലെ ഒരു മെമ്പറും 1914 മുതൽ 1927 വരെ അവിടുത്തെ വിദ്യാഭ്യാസമന്ത്രിയുമായിരുന്നുവെന്നറിയുമ്പോൾ അദ്ദേഹത്തിന്റെ പരിശ്രമശീലവും സ്വാശ്രയശക്തിയും എത്രയും അഭിനന്ദനീയമാണെന്ന ആർക്കും ബോദ്ധ്യപ്പെടുന്നതാണ്. അതുപോലെതന്നെ മിതവാദികളിൽവെച്ചു അമിതവാദിയായ അദ്ദേഹം ഇന്ത്യയിലെ രാഷ്ട്രീയനഭോമണ്ഡലത്തിലും ധാരാളം പ്രകാശമുള്ള ഒരു ഉജ്ജ്വലനക്ഷത്രമായിട്ടുതന്നെ വിളങ്ങുന്നു.

ശ്രീമാൻ ചിന്താമണിക്കു ഇപ്പോൾ ഏകദേശം 65 വയസ്സായിരിക്കുന്നു 1870-ൽ അദ്ദേഹം തഞ്ചാവൂരിൽ ജനിച്ചു. ആദ്യകാലത്തു "ചിന്താമണിപ്പിള്ള" എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നതു്. അദ്ദേഹത്തിന്റെ മാതാപിതാക്കന്മാരുടെ നിസ്സഹായസ്ഥിതിയും ദാരിദ്ര്യവും കലാശാലകളിലേക്കോ കോളേജുകളിലേക്കോ കടക്കുന്നതിന്നു അദ്ദേഹത്തിന്നു പ്രതിബന്ധമായിരുന്നു. അതിനാൽ 4-ാംക്ലാസ്സിൽവെച്ചുതന്നെ അദ്ദേഹം തന്റെ വിദ്യാഭ്യാസം അവസാനിപ്പിച്ചു ജീവിതസമരത്തിൽ ഇറങ്ങേണ്ടിവന്നു. സ്വദേശത്തുംമററുമായി കുറേക്കാലം ചുററിത്തിരിഞ്ഞതിന്നുശേഷം അദ്ദേഹം മദിരാശിയിൽ എത്തിച്ചേരുകയും അധികം താമസിയാതെ "ഹിന്ദു" പത്രത്തിന്റെ ആഫീസ്സിൽ ഒരു "ചൊക്രാ"യായി നിയമിക്കപ്പെടുകയും ചെയ്തു. അക്കാലത്തു ഇന്ത്യയിലെ പത്രാധിപന്മാരിൽ പ്രധാനസ്ഥാനമർഹിച്ചിരുന്ന ശ്രീമാൻ കോഴിശ്ശേരി കരുണാകരമേനോനവർകളായിരുന്നു ഹിന്ദുവിന്റെ പത്രാധിപത്യം വഹിച്ചിരുന്നതു്. വായിച്ച പ്രൂഫുകൾ കമ്പോസിററർമാൎക്കു കൊണ്ടുപോയി കൊടുക്കുക, പ്രൂഫുകൾ വായിക്കുന്നതിന്നു അവരുടെ പക്കൽനിന്നു വാങ്ങിക്കൊണ്ടുവന്നു കൊടുക്കുക മുതലായ ചില്ലറ പ്രവൃത്തികളായിരുന്നു അന്നു മി. ചിന്താമണിക്കു നൽകിയിരുന്നതു്.

"ഹിന്ദു"ആഫീസ്സിൽ കടന്നുകൂടിയതോടുകൂടി അദ്ദേഹത്തിൽ മങ്ങിക്കിടന്നിരുന്ന ഉത്സാഹവും ബുദ്ധിശക്തിയും പ്രത്യക്ഷപ്പെട്ടുതുടങ്ങി. മററുള്ളവരുടെ സഹായത്തോടുകൂടി അല്പാല്പം ഇംഗ്ലീഷുഭാഷ പഠിക്കുവാൻ അദ്ദേഹം പരിശ്രമിച്ചുവന്നു. ശ്രീമാൻ കരുണാകരമേനോൻ ഉത്സാഹിയായിരുന്ന ഈ ചെറുപ്പക്കാരനെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്തുവന്നു. മൂന്നുനാലുകൊല്ലത്തിനുള്ളിൽ ഇദ്ദേഹം സ്വപരിശ്രമത്താൽ ഇംഗ്ലീഷിൽ സാമാന്യ പരിചയം സമ്പാദിച്ചു. അതിനെ പരിശീലനംകൊണ്ടു കഴിയുന്നത്ര വർദ്ധിപ്പിക്കുകയും ചെയ്തു.

ശ്രീമാൻ കരുണാകരമേനോൻ "ഹിന്ദു"വിൽനിന്നുപിരിഞ്ഞതിന്നുശേഷം 1904-ൽ "ഇന്ത്യൻപേട്രിയററ്" എന്ന പത്രം മദിരാശിയിൽനിന്നുതന്നെ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയപ്പോൾ ശ്രീമാൻ ചിന്താമണിയെ അദ്ദേഹം അതിൽ പ്രൂഫ്റീഡറായി നിശ്ചയിച്ചു. ഇപ്പോൾ പ്രസിദ്ധനായിട്ടുള്ള മി. സി. എസ്സ്. രംഗയ്യരും അന്നു അതിൽ ഒരു പ്രൂഫ്റീഡരായിരുന്നു. ഏതാനുംകാലം പ്രൂഫ്റീഡരുടെ നിലയിൽ "ഇന്ത്യൻപേട്രിയററിൽ" പ്രവൃത്തിയെടുത്ത ശേഷം ശ്രീമാൻ ചിന്താമണി അലഹബാദിലേക്കു പോയി. ഇതു ഏകദേശം 1910നു മുമ്പായിരുന്നു. അലഹബാദിൽചെന്നു അധികം കഴിയുന്നതിനു മുമ്പായി അന്നു ക്ഷയോന്മുഖമായിക്കൊണ്ടിരുന്ന "ലീഡർ" പത്രത്തിന്റെ സഹപത്രാധിപരായി ഇദ്ദേഹം നിയമിതനായി. ഇതു ശ്രീമാൻ ചിന്താമണിയുടെ ജീവിതത്തിലെ ഒരു പ്രധാന പരിവൎത്തനദശയാകുന്നു. പത്രപ്രവൎത്തനത്തിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന ഉത്സാഹവും വാസനയും അതോടുകൂടി പൂൎണ്ണമായിത്തീൎന്നു. അന്നുമുതൽ അദ്ദേഹം ക്രമേണ രാഷ്ട്രീയനേതാക്കന്മാരുടെ ചിന്തയെ ആകർഷിക്കുവാൻതുടങ്ങി.

ലോകമഹായുദ്ധംവന്നതോടുകൂടി കടലാസ്സിന്റേയും വില അമിതമായി വൎദ്ധിച്ചതിനാലുംമററും "ലീഡർ"പത്രത്തിന്റെ ഉടമസ്ഥൻ പത്രം നടത്തിക്കൊണ്ടുപോകുന്ന ഭാരം 1915-ൽ മി. ചിന്താമണിക്കു ഒഴിഞ്ഞുകൊടുത്തു. പറയത്തക്ക മൂലധനമൊന്നുംകൂടാതെയും പ്രധാന സഹായികളില്ലാതെയും സ്വന്തംഉത്സാഹശക്തിയേയുംഅഭ്യുദയകാംക്ഷയേയുംമാത്രം അടിസ്ഥാനമാക്കീട്ടായിരുന്നു അദ്ദേഹം പത്രം ഏററുവാങ്ങിയതു്. അധികംതാമസിയാതെതന്നെ ലീഡർ പത്രത്തെ ഒരു യഥാൎത്ഥ "ലീഡറാക്കുന്നതിനു" ശ്രീമാൻ ചിന്താമണി ശ്രമം തുടങ്ങുകയും അതു അചിരേണ സഫലമാവുകയും ചെയ്തു. ഇന്നു അലഹബാദിലെ ഏററവും പ്രധാനതെരുവിനു "ലീഡർ സ്റ്റ്റീററ്" എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത തെരുവിലാണു ലിഡർ പത്രമാപ്പീസ്സ് സ്ഥിതിചെയ്യുന്നതു് ഇന്ത്യയിൽ മററു യാതൊരുപത്രത്തിന്നും ഇങ്ങിനെയൊരു ബഹുമതി സിദ്ധിച്ചിട്ടില്ലെന്നുള്ളതു പ്രസ്താവയോഗ്യമാണു.

192. വരെയും അദ്ദേഹം "ലീഡർ"പത്രം സ്വന്തം ഉടമസ്ഥതയിൽതന്നെ നടത്തി. 1924-ൽ അദ്ദേഹത്തെ ഐക്യസംസ്ഥാനനിയമസഭയിലേക്കു തിരഞ്ഞെടുക്കുകയും ഐക്യസംസ്ഥാനഗവൎമ്മെണ്ടിൽ വിദ്യാഭ്യാസമന്ത്രിയായി നിയമിക്കുകയും ചെയ്തപ്പോൾ പത്രത്തെ ഒരു ലിമിററഡ് കമ്പനിക്കു ഏല്പിച്ചുകൊടുക്കണമെന്നു നിശ്ചയിക്കുകയും അതുപ്രകാരം പണ്ഡിതമാളവ്യ, മോട്ടിലാൽനെഹ്റു, പണ്ഡിതഹൃദയനാഥ കൺസ്രു എന്നീ മാന്യന്മാരുൾപ്പെടെയുള്ളവരെ ഡയറക്ടർമാരായിചേൎത്തു ഒരു കമ്പനി റജിസ്റ്റർചെയ്യുകയും പത്രവും പ്രസ്സും കമ്പനിയിലേക്കു ഏല്പിക്കുകയുംചെയ്തു. എങ്കിലും ഇപ്പോഴും ശ്രീമാൻ ചിന്താമണിയുടെ ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും തന്നെയാണു പത്രം നടന്നുവരുന്നതു്. ലീഡർപത്രത്തിന്റെ സർവ്വവിധമായ അഭിവൃദ്ധികൾക്കും ഏകകാരണം അദ്ദേഹത്തിന്റെ സ്വന്തപരിശ്രമവും നേതൃത്വവുംതന്നെയാകുന്നു.

ഒരു പത്രാധിപരുടെ നിലയിൽ ഇന്ത്യയിൽ അദ്വിതീയസ്ഥാനമാണ് ശ്രീമാൻ ചിന്താമണിക്കുള്ളതു്. മനസ്സാക്ഷിക്കെതിരായൊ ധനലോഭത്താലൊ അദ്ദേഹം ഒരിക്കലും തന്റെ സ്വാതന്ത്ര്യവും ധൎമ്മവും വിട്ടുകൊടുക്കുകയില്ല. 1928-29-ൽ ബോംബെയിൽ ഏററവും ഉന്നതസ്ഥിതിയിൽ നടന്നിരുന്ന "ഡെയിലിമെയിൽ" പത്രത്തിന്റെ ആധിപത്യവുംകൂടി തല്ക്കാലം ഇദ്ദേഹത്തെ ഏല്പിക്കുകയുണ്ടായി. ബോമാഞ്ചി പെററിററ് എന്ന ഒരു പ്രസിദ്ധ ധനിക

# സന്ധ്യാസൌന്ദര്യം.

വി. വി. കെ. നമ്പ്യാർ.

നവവിവിധവിമലതരഭാവനാലോലമാം
കവിഹൃദയമതിനുടയ സാവർണ്ണ്യമാന്നിതാ
അഴകിനുടെയവികലത യേന്തുന്നദപ്പണം;–
മിഴികളുടെ മികവുടയൊരാനന്ദതപ്പണം; –

വരകനകലിപികളൊട്ടസന്ധ്യാഭ്രസന്തതി,
വരുണദിശയൊരുകവിതയാക്കുന്നുസമ്പ്രതി
മമഹൃദയ മധുരതര സങ്കല്പരൂപയാം
പ്രണയവതി മൃദുലമതു പാടുന്നമാതിരി

പറയുവതിനൊരുവിധവുമാകാത്ത നിർവൃതി
ചെറുപവനനരുളി;—യതൊരാനന്ദവിസ്മൃതി.
മദിരയുടെ മദമഴകിലേകമാവേളതൻ
മടിയിലിവനുപൊഴുതു വീണുരുണ്ടീടവേ,

വിധുരതയൊടനിശമിഹ ലോകം തിരഞ്ഞിട്ടും
വിവശതമഖിലമൊരു പുൽക്കൊടിപ്രായമായ്.

---

നായിരുന്നു ഇതിൻെറ ഉടമസ്ഥൻ. പത്രത്തിൻെറ നയത്തെ സംബന്ധിച്ചു യാതൊന്നും തന്നോടു പറയുകയില്ലെന്ന നിശ്ചയത്തിന്മേൽ അദ്ദേഹം അതിൻെറ ആധിപത്യം കയ്യേററു. 1500 ക. ആയിരുന്നു ഇതിനു പ്രതിഫലം നിശ്ചയിച്ചിരുന്നതു്. അന്നും മി. ചിന്താമണി അലഹബാദിൽത്തന്നെയാണു താമസിച്ചിരുന്നതു്. ആഴ്ചയിൽ ഒരുതവണമാത്രം അദ്ദേഹം ബോംബെയിൽ വന്നിരുന്നു. പത്രത്തിലേക്കുള്ള ലീഡർ അദ്ദേഹം പറഞ്ഞുകൊടുക്കുകയും അതു ചുരുക്കെഴുത്തിൽ മററൊരാൾ എഴുതിഎടുക്കുകയും ചെയ്യുകയായിരുന്നു പതിവു്. ഒരുദിവസം പത്രത്തിൽ ഏതൊ ഒരു പ്രത്യേകകാര്യത്തെപ്പററി ഒരു ലീഡർ എഴുതണമെന്നു ഉടമസ്ഥൻ ടെലിഫോൺ മുഖാന്തരം ആവശ്യപ്പെട്ടു. താൻ അതിനൊരുക്കമില്ലെന്നു ചിന്താമണി മറുപടി പറഞ്ഞു. കൂടാതെ കഴികയില്ലെന്നായി ഉടമസ്ഥൻ. എന്തിനധികം? അദ്ദേഹം അപ്പോൾതന്നെ തൻെറ പത്രാധിപത്യം രാജിവെക്കുകയാണു ചെയ്തതു്. അത്രമാത്രം അഭിപ്രായസ്ഥൈര്യമുള്ള ഒരാളാകുന്നു ശ്രീമാൻ ചിന്താമണി.

രാഷ്ട്രീയകാര്യങ്ങളിൽഅദ്ദേഹം ഒരു മിതവാദികക്ഷിക്കാരനാണെങ്കിലും കേവലം ആശ്രയബുദ്ധിയല്ല അദ്ദേഹത്തിനുള്ളതെന്നു ഈയിടെക്കൂടിയ പൂനാലിബറൽസമ്മേളനത്തിൽവെച്ചു ഭരണപരിഷ്കാരത്തെപ്പററി ചെയ്തപ്രസംഗവും, ഐക്യസംഘാനനിയമസഭയിൽ പാർലിമെണ്ടറിക്കമ്മിററിറിപ്പോർട്ടിനെ എതിർത്തുകൊണ്ടുചെയ്ത പ്രസംഗവും വ്യക്തമാക്കുന്നുണ്ടല്ലോ. നിയമലംഘനമൊഴികെ മററെല്ലാസംഗതികളിലും അദ്ദേഹം കോൺഗ്രസ്സിനോടു വളരെ യോജിച്ച അഭിപ്രായക്കാരനാണു്. 19 9-ൽ മൊണ്ടേഗുചെംസ്ഫോർഡ് ഭരണപരിഷ്കാരത്തിൽ അന്നത്തെ പാർലമെണ്ടറിക്കമ്മിററിമുമ്പാകെ തെളിവുകൊടുക്കുവാൻ ഇദ്ദേഹം ലണ്ടനിലേക്കു ക്ഷണിക്കപ്പെടുകയുണ്ടായിട്ടുണ്ടു്. ഒന്നാമത്തെ ലണ്ടൻസമ്മേളനത്തിലും ഇദ്ദേഹം ഒരു പ്രതിനിധിയായിരുന്നു. 1931-ൽ ബോംബെയിൽവെച്ചുകൂടിയ സർവേന്ത്യാലിബറൽസമ്മേളനത്തിൽ ഇദ്ദേഹമായിരുന്നു ആദ്ധ്യക്ഷം വഹിച്ചതു്. "കോൺഗ്രസ്സുമായി സഹകരിക്കാതെ കാര്യങ്ങൾ തീരുന്നതല്ലെന്നു അന്നു അദ്ദേഹം പ്രസംഗിക്കയുണ്ടായിട്ടുണ്ടു്.

ഇത്രയും പൊതുക്കാര്യങ്ങളിൽ പ്രാധാന്യം നേടീട്ടുള്ള ശ്രീമാൻ ചിന്താമണി കേവലം ബധിരനാണെന്നുള്ളതുകൂടിഅറിഞ്ഞിരിക്കേണ്ടതാണു്. എങ്കിലും നാം സംസാരിക്കുന്നതുനോക്കി അദ്ദേഹം സംഗതികൾ മനസ്സിലാക്കുന്നു. ദക്ഷിണേന്ത്യയിൽ ജനിച്ചുവളൎന്നു് ഉത്തരേന്ത്യയിലെ നേതാവായിത്തീൎന്നിട്ടുള്ള ഇദ്ദേഹം അലഹബാദിൽനിന്നുതന്നെയാണു വിവാഹം കഴിച്ചിട്ടുള്ളതു്. സാമാന്യം തടിച്ചു കറുതായശരീരവും തീക്ഷ്ണതയുള്ള നേത്രങ്ങളും ഉല്ലാസവദനവും അദ്ദേഹത്തിൻെറ പ്രത്യേകതകളാകുന്നു.

ശ്രീമാൻ ചിന്താമണിയുടെ പരിശ്രമശീലം സർവ്വഥാ അഭിനന്ദനീയവും അനുകരണീയവുമാണെന്നുള്ളതിനു സംശയമില്ല

---


## അഭിജ്ഞാനശാകുന്തളം.

സവ്യാഖ്യാനം.

കാളിദാസൻെറ അഭിജ്ഞാനശാകുന്തളത്തിൻെറ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം. എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിൻെറ വ്യാഖ്യാനവും അടങ്ങിയതാണു്.

വില 1 രൂ.


ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം





ചിലവു ചുരുക്കണൊ?

501 സോപ്പ് ഉപയോഗിപ്പിൻ.




ടി ടാററാ ഓയിൽമിൽസ് കമ്പനി (Ltd.)

ടോംകോ സെയിൽസ് ഡിപ്പാർട്ടുമെൻറ്

19 എ. വാണിയർസ്ട്രീററ്;

ജി. ടി. മദ്രാസ്.

# ദണ്ഡം മതി അഥവാ 38-65.

ആയാംകുടി പി. ആർ. ശങ്കരപ്പിള്ള.

പഞ്ചേന്ദ്രിയങ്ങളിൽ നേത്രശ്രോത്രങ്ങൾ, രാജാവും രാജ്ഞിയുമാണെന്നു ചിലർ പറയാറുണ്ട്. അതുകൊണ്ടുതന്നെ അവയ്ക്കുള്ള പ്രാധാന്യം വ്യക്തമാകുന്നു. വിഷയഗ്രഹണത്തിനും ധാരണയ്ക്കും അധികം ഉപകരിക്കുന്നതു് ഈ രണ്ടവയവങ്ങളുമാണ്. അവയിൽ പ്രാമാണ്യം നേത്രത്തിനു മത്രെ. അവയവങ്ങളിൽ ഏതെങ്കിലുമൊന്നിനു മുടക്കംവരുന്നുവെങ്കിൽ അതിൽ ഭേദം കണ്ണാലൊന്നു മുടങ്ങുക എന്നുള്ളതാണ്. "നാലാലൊന്നിൽഭേദം കണ്ണാലൊന്ന്" എന്നചൊല്ല് ഈ അഭിപ്രായത്തിൽനിന്നും ഉണ്ടായതായിരിക്കണം.

കണ്ണ് ഒന്നോ രണ്ടോ എന്നുള്ളതക്കംതന്നെ തീർന്നിട്ടുള്ളതല്ല. പക്ഷെ പരമേശ്വരനെ മുക്കണ്ണനാക്കി കല്പിച്ചിരിക്കുന്നതു വിചാരിക്കുമ്പോൾ കണ്ണു രണ്ടുതന്നെ എന്നു പറയേണ്ടിയിരിക്കുന്നു. ഒരു നദിയിൽ കുറുകെ ഒരണകെട്ടുമ്പോൾ നദി രണ്ടായിത്തിരിയുന്നതുപോലെ മൂക്ക് കണ്ണിനെ രണ്ടായി വിഭജിക്കുകയാണുചെയ്തിട്ടുള്ളതെന്നു ചിലർവാദിച്ചിട്ടുണ്ട്. കണ്ണു രണ്ടാണെങ്കിൽ കാഴ്ചയ്ക്കു വിഷയമാകുന്ന വസ്തുക്കൾ യുഗ്മകങ്ങളായി തോന്നേണ്ടതല്ലേ എന്നയുക്തിയേയും അവർ ഉപേക്ഷിച്ചിട്ടില്ല. ഒരേഘടനയോടും ഗുണത്തോടുംകൂടിയ രണ്ടുഗോളങ്ങളെ ഒരു സിരാതന്തുവിൽ ഘടിപ്പിച്ച് നാസികയുടെ പാർശ്വദ്വയത്തിലുള്ള കുഴികളിൽ നിക്ഷേപിച്ചിരിക്കുന്നതിനെയാണല്ലോ നാം കണ്ണുകളെന്നുപറയുന്നതു്. ഒരേഗുണത്തോടുകൂടിയ ഗോളദ്വയത്തെ ഒരേ തന്തുവിൽ ബന്ധിച്ചിരിക്കുന്നതുകൊണ്ടായിരിക്കാം ഒന്നാണെന്നു വാദിക്കാൻ ചിലരെപ്രേരിപ്പിച്ചിട്ടുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. കാണന്മാക്കും നമുക്കും വസ്തുക്കളെക്കുറിച്ചുണ്ടാകുന്ന പ്രതീതിക്കു ഭേദമില്ല ഒറ്റക്കണ്ണന്മാക്കു ഒരുവസ്തുവിന്റെ അൎദ്ധഭാഗമല്ല നേത്രത്തിനു വിഷയമാകുന്നതെന്നുള്ളതു നിശ്ചയമാണ്. നേത്രം ഒന്നോ രണ്ടോ എന്നുള്ളവാദം എങ്ങനേയുമിരിക്കട്ടെ, അതിനെ ഇവിടെ പിൻതുടരണമെന്നു വിചാരിക്കുന്നില്ല.

കാഴ്ച എന്നാലെന്താണ്? അതു് എങ്ങനെ സിദ്ധിക്കുന്നു. കാഴ്ച എല്ലാവക്കും ഒരേവിധമാണോ? ഇവിടേയും ഒരുകുഴപ്പമുണ്ട്. അഭിപ്രായഭേദം ഏതിനുമുണ്ടല്ലൊ. കാഴ്ചതന്നെ പലവിധമാണ്. ദിവാന്ധങ്ങളും നിശാന്ധങ്ങളുമായ ജീവികൾ ലോകത്തിലുണ്ട്. ദിവാരാത്രം ഒരുപോലെ കാഴ്ചയുള്ള ജീവികളും അപൂർവ്വമല്ല. മൂങ്ങാ, വവ്വാൽമുതലായ ചില ജീവികൾ ദിവാന്ധങ്ങളും മനുഷ്യർ തുടങ്ങിയ ചിലജീവികൾ നിശാന്ധങ്ങളുമാണ്. ശതപദി ഉഭയാന്ധവർഗ്ഗത്തിൽപെട്ട ഒരു ജന്തുവാണെന്നു ചിലർ പറയാറുണ്ട്. പക്ഷെ നമ്മുടെ ചക്കിയമ്മയും കണ്ടച്ചാരും എപ്പോഴും കാഴ്ചയുള്ള കൂട്ടരാണ്. തദ്വർഗ്ഗത്തിൽ—മാർജ്ജാരവർഗ്ഗത്തിൽ—പെട്ട വ്യാഘ്രം, സിംഹം മുതലായവയുടെ സ്ഥിതിയും അങ്ങനെയായിരിക്കണം. നേത്രം തൈജസമായ ഒരു വസ്തുവാണ്. അതിനിങ്ങനെ വൈവിധ്യംവരാൻ ഹേതുവെന്തായിരിക്കാം. കൃഷ്ണമണിയിലുള്ള തൈജസഗോളത്തിന്റെ രചനയിൽ ലോകശില്പിവരുത്തിയിരിക്കുന്ന മാററമായിരിക്കാം അതിനുള്ള ഹേതുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മാർജ്ജാരവർഗ്ഗത്തിന്റെകൃഷ്ണമണിയിലുള്ള തൈജസഭാഗത്തിനു രാവുംപകലും മാററം സംഭവിക്കുന്നുണ്ടെന്നു സൂക്ഷിച്ചുനോക്കിയാൽ അറിയാവുന്നതാണ്.

അട്ടയ്ക്കു കണ്ണില്ലെന്നു ചിലർ പറയുന്നു. പക്ഷേ എട്ടുകാലിക്കു് എട്ടുകണ്ണുണ്ടെന്നുസമ്മതിക്കാതെ നിവൃത്തിയില്ല. അവ തലയുടെ ഉപരിഭാഗത്തു രണ്ടു വരിയായി നിരത്തിവെച്ചിരിക്കയാണ്. കണ്ണിന്റെ ചാപല്യംമൂലം അബദ്ധത്തിൽചാടി അപകടംവരിച്ച വലാരിയാണു കൂടുതൽ കണ്ണുള്ള ആളെന്നു തോന്നുന്നു. പക്ഷേഅവയ്ക്കെല്ലാം കാഴ്ചയുണ്ടോ എന്നു ആക്കറിയാം. കാക്കക്കു രണ്ടുകണ്ണുണ്ടെങ്കിലും ഒരേസമയത്തു രണ്ടിനും കാഴ്ചയില്ലത്രെ. കണ്ണിലെ തൈജസഭാഗം ആവശ്യപ്പെടുന്ന സമയത്തു് ഒരു വശത്തുനിന്നു മറേറവശത്തേക്കു അയക്കേണ്ടിവരുന്നതുകൊണ്ടാണത്രെ കാക്കക്കണ്ണിനു പ്രസിദ്ധി സിദ്ധിച്ചതു്. അതിനു പൗരാണികന്മാർ ജയന്തനെ വെറുതെ പഴിപറയുന്നു. ചക്ഷുശ്രവണത്തിന്റെ കഥയും ഇവിടെ വിസ്തരിക്കത്തക്കതല്ല. പൗരസ്ത്യക്കു പൂച്ചക്കണ്ണു പത്ഥ്യമല്ലായിരിക്കാം. നന്ത്യാരാശാൻ അതൊരു ദോഷമായി വർണ്ണിച്ചിട്ടുമുണ്ട്. പക്ഷേ പാശ്ചാത്യരുടെസ്ഥിതി അങ്ങനെയല്ല. അവർ മാർജ്ജാരനേത്രം സൗന്ദര്യത്തിന്റെ മാനദണ്ഡമായി കരുതുന്നു. നാമാകട്ടെ മൃഗനേത്രത്തിനും മത്സ്യനയനത്തിനുമാണു പ്രാമാണ്യം നൽകിയിരിക്കുന്നതു്. ആയതവിലോചനം ആഹ്ളാദകരമത്രെ. വട്ടക്കണ്ണു രാക്ഷസീയമെന്നു നാം പുച്ഛിക്കുന്നു. അതു സൗന്ദര്യത്തിനു പററിയതുമല്ലതന്നെ. രാക്ഷസനേത്രത്തിനു രൂക്ഷത്വം ഏറുമെന്നാണു പൊതുവെയുള്ള ധാരണ.

ബഹിഃപ്രകാശത്തോടു കണ്ണിലെ തൈജസാംശം സമ്മേളിക്കുമ്പോഴാണു രൂപഗ്രഹണമുണ്ടാകുന്നതെന്നു ചിലർ വാദിക്കുന്നു. ഈ വാദം യഥാർത്ഥമെന്നു സമ്മതിക്കണമെങ്കിൽ പ്രകാശമുള്ള ഏതുഭാഗത്തും എത്രദൂരെ ഇരിക്കുന്ന വസ്തുവും അക്ഷിയ്ക്കു ലക്ഷീഭവിക്കേണ്ടതാണെന്നു വന്നുകൂടുന്നു. രാമനെ അടുത്തുകണ്ടു. മത്തായിയെ അകലെ വച്ചുകണ്ടു എന്നിങ്ങനെയുള്ള വ്യത്യസ്തപ്രസംഗത്തിന് അപ്പോൾ സാംഗത്യം സിദ്ധിക്കാതെപോകുന്നു. തന്മൂലം ഈ അഭിപ്രായം ശരിയാണെന്നു സമ്മതിക്കാൻ നിവൃത്തിയില്ലെന്നാണു മറെറാരു കൂട്ടർ പറയുന്നതു്.

നേത്രം ദർപ്പണംപോലെ പ്രതിഫലനശക്തിയുള്ള ഒരു വസ്തുവാണ്. പദാർത്ഥങ്ങളുടെ രൂപം നേത്രത്തിൽ പ്രതിഫലിക്കുമ്പോഴാണു നമുക്കു വസ്തുഗ്രഹണബോധമുണ്ടാകുന്നതു്. വേറൊരുകൂട്ടരുടെ വാദഗതി ഈവിധമാണ്. ഒരു പ്രകാരത്തിൽ ഈ വാദവും ശരിയല്ലെന്നു സമർത്ഥിക്കാൻ സാധിക്കും. കണ്ണാടിയിൽ വസ്തുക്കൾ പ്രതിഫലിയ്ക്കുന്നതു വിപരീതഭാവത്തിലാണ്. വാമഭാഗം ദക്ഷിണഭാഗമായും ദക്ഷിണഭാഗം വാമഭാഗമായും നമുക്കു തോന്നിപ്പോകുന്നു. "കണ്ണുകൊണ്ടുള്ള നോട്ടത്തിലെ" അനുഭവം തദ്വിപരീതമാകയാൽ ഈ അഭിപ്രായത്തിനും സാധുത്വം കുറവാണെന്നു ചിലർ വാദിക്കുന്നുണ്ട്.

നേത്രം തൈജസമാണ് അതു ദർപ്പണംപോലെ പ്രതിഫലനശക്തിയുള്ളതാണ് എന്നൊക്കെ ശാസ്ത്രകാരന്മാർ വാദിക്കുന്നുണ്ടെങ്കിലും ഒരു മൃതനേത്രത്തിനു ഈവക ശക്തികൾ ഇല്ലെന്നുള്ളതുസ്പഷ്ടമാണ്. ദേഹദേഹികൾ പരസ്പരം വേർപെടുന്നതോടുകൂടി അതിന്റെ സകല ശക്തികളും ക്ഷയിക്കുന്നു. അപ്പോൾ ചൈതന്യംകൂടി അതിന്റെ വിഷയസ്ഫുരണത്തിനു സഹായിക്കുന്നുണ്ടെന്നുള്ളതു സ്പഷ്ടമത്രെ. അന്തഃകരണം നേത്രദ്വാരാ പദാർത്ഥം സ്ഥിതിചെയ്യുന്ന സ്ഥലത്തുചെന്നിട്ടു തദാകാരമായി പരിണമിച്ചെങ്കിലേ-താദാത്മ്യ ഭാവമുണ്ടായെങ്കിലേ-രൂപഗ്രഹണം സാദ്ധ്യമാവുകയുള്ളു എന്ന മതമാണു കുറച്ചുകൂടി ആദരണീയമായിട്ടുള്ളതെന്നു തോന്നുന്നു.

നമ്മൾ എല്ലാവരും രണ്ടുകണ്ണന്മാരാണെന്നാണു പൊതുവേയുള്ള ധാരണ. എന്നാൽ വാസ്തവത്തിൽ അതു ശരിയല്ല. നമ്മളെല്ലാം മുക്കണ്ണന്മാരാണ്. പുറമെ കാണുന്ന മാംസചക്ഷുസ്സിന്റെ എണ്ണം രണ്ടാണെന്നു ഗണിക്കുന്നപക്ഷം അന്തർന്നേത്രംകൂടി ഉൾപ്പെടുത്തി മൂന്നു എണ്ണന്നാവുന്നതാണ്. അന്തർനേത്രം ഉണർന്നിരുന്നാൽ മാത്രമേ ബാഹ്യനേത്രത്തിനു വിഷയഗ്രഹണപടുത്വം ഉണ്ടാവുകയുള്ളു. കണ്ണുതുറന്നിരുന്നാലും ചിലപ്പോൾ നാം വിഷയഗ്രഹണത്തിനു പ്രാപ്തരായി ഭവിക്കുന്നില്ല.

കാരണം അപ്പോൾ അന്തർനേത്രം അടഞ്ഞിരുന്നതുതന്നെ. ബാഹ്യനയനങ്ങൾ അടഞ്ഞിരുന്നാലും മനോനേത്രംകൊണ്ടു വസ്തുക്കളുടെ രൂപധാരണത്തിനു നാം പാത്രരായിഭവിക്കുന്നുണ്ട്. നമുക്കു കണ്ടു പരിചയമുള്ള ഒരു വസ്തു തൽക്കാലം നമ്മുടെ കൺമുമ്പിലില്ലെങ്കിലും അതിന്റെ ആകൃതി ഇന്നവിധമാണെന്നു രൂപപ്പെടുത്തുന്നതിനു നമുക്കു യാതൊരുകുഴപ്പവും നേരിടുന്നില്ല. ഇതു് അന്തർനേത്രത്തിന്റെ സഹായംമൂലമാണു സാധിക്കുന്നതു്. കണ്ണടച്ചു നിദ്രയിൽ ലയിച്ചിരിക്കുന്ന ചില സന്ദർഭങ്ങളിൽ നമ്മുടെ അന്തർനേത്രം വ്യാപരിക്കുന്നതിനാലത്രെ നമുക്കു സ്വപ്നാവസ്ഥയിൽ രൂപദർശനം സാദ്ധ്യമാകുന്നതു്. പരിശുദ്ധമായ അന്തർനേത്രംകൊണ്ടുള്ള പരിചയാധിക്യത്താൽ മനോമാലിന്യമില്ലാത്തവക്കു തത്സഹായംമൂലം ഭൂതഭാവികളെക്കുറ

ടി ദശിക്കുന്നതിനു സാധിക്കുന്നു. ഇതിനെയാണു നാം മഹഷിമാരുടെ ദിവ്യചക്ഷുസ്സെന്നു പറയുന്നതു്.

മൂക്കിൻെറ രണ്ടുവശങ്ങളിലും സ്ഥിതിചെയ്യുന്ന ഈ ഗോളകങ്ങൾ മിക്കപേക്കും ഒരുപോലെയാണെങ്കിലും അവയുടെ വിഷയഗ്രഹണപടുത്വത്തിൽ വൈവിധ്യം കാണുന്നുണ്ടു്. ചിലർ ജനനാൽതന്നെ അദീർഘദർശിത്വം (Short sight) ഉള്ളവരാണു്. അവക്കു പുസ്തകങ്ങളുംമററും വായിക്കണമെങ്കിൽ മുഖത്തോടു ഏററവും അടുപ്പിച്ചുനോക്കണം. സാധാരണക്കാരെപ്പോലെ ദൂരെവെച്ചുതന്നെ ആളറിവാൻ അവക്കു സാധിക്കുന്നില്ല. മററുചിലക്കു അടുത്തും അകന്നും ഒരുപോലെ കാഴ്ച സിദ്ധിക്കുന്നു- സൂക്ഷ്മദർശിത്വം ഏറുന്നു. പൂനിലാവത്തു പുസ്തകം വായിക്കുകയും എഴുതുകയും ചെയ്യുന്നവർ ധാരാളമുണ്ടു്- ചിലക്കതു സാധ്യമല്ല. നൈസർഗ്ഗികമായുള്ളതൊഴിച്ചാൽ ശേഷമെല്ലാം ശരീരസ്ഥിതിയെ അവലംബിച്ചാണിരിക്കുന്നതെന്നു പറഞ്ഞാൽ വലിയ അബദ്ധമില്ല. അതിദീർഘദർശിത്വവുംമററും കണ്ണാടിയുടെ സഹായത്താൽ ഏറെക്കുറെ പരിഹരിക്കാവുന്നതാണു്.

കാഴ്ചക്കുറവുള്ളവരും ഇല്ലാത്തവരും ഒരുപോലെ കണ്ണാടിവെക്കുന്ന ഒരു കാലമാണല്ലോ ഇതു്. പണ്ടൊക്കെ സന്താനോല്പാദനശക്തി ക്ഷയിച്ചു കണ്ണിനു കാഴ്ചകുറയുന്ന കാലത്തുമാത്രമേ ജനങ്ങൾ സാധാരണ കണ്ണാടിവെക്കാറുള്ളു. ഇപ്പോൾ അങ്ങനെയൊന്നുമല്ല. പ്രായഭേദമൊ സ്ത്രീപുരുഷവ്യത്യാസമൊ ഗണിക്കാതെ ആവശ്യത്തിനും ആഡംബരത്തിനുംവേണ്ടി കണ്ണാടി ഉപയോഗിച്ചുവരുന്നതിനാൽ ഭാവിസന്താനങ്ങൾക്കെല്ലാം മൂക്കിൽ ഒരു "വട്ടക്" ഉണ്ടായിരിക്കുമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കന്മാരുടെ ആകൃതിസാമ്യം സന്തതികൾക്കു സംഭവിക്കാവുന്നതും ആണല്ലൊ.

മാജ്ജാരനേത്രത്തിനു എത്രയും സൂക്ഷ്മമായ ഒരു വസ്തുപോലും ദർശിക്കുന്നതിനു പ്രാപ്തിയുള്ളതുപോലെ പക്ഷികളുടെ അക്ഷികൾക്കു ദൂരദർശനശക്തി ഏറുമെന്നാണു പറയുന്നതു് പൂച്ചയുടെ സൂക്ഷ്മദർശനശക്തിയെ തെളിയിക്കുന്നതിനു് ഒരു മൂഷികൻെറ രോമംപൊഴിഞ്ഞതു തട്ടിൻപുറത്തുകിടന്ന ഒരു മാജ്ജാരവീരൻ കണ്ടുഎന്നുള്ള കഥയാണു ലക്ഷ്യം. ഈ കഥയുടെ സാംഗത്യവും യാഥാർത്ഥ്യവും എങ്ങനെ ഇരുന്നാലും പൂച്ചക്കു ഇതരജീവികളെ അപേക്ഷിച്ചു സൂക്ഷ്മദർശനശക്തി ഏറുമെന്നുള്ളതിനു വാദമില്ല.

ആകാശദേശത്തു വളരെ ഉയരത്തിൽപറക്കുന്ന പരുന്തു്, കഴുകൻ മുതലായ പക്ഷികളുടെ നേത്രങ്ങൾക്കുള്ള ദൂരദർശനചണത്വംമൂലമാണത്രെ അവ വളരെദൂരത്തിൽ സ്ഥിതിചെയ്യുന്ന ആഹാരസാധനങ്ങളെ തേടിപ്പിടിക്കുന്നതു. ഗൃദ്ധ്റനേത്രങ്ങൾ കവികൾക്കും പഥ്യമാണു്. അവ ദൂരദർശനശക്തങ്ങളാണെന്നു സാഹിത്യകാരന്മാരും സമ്മതിക്കുന്നു. മനുഷ്യനയനങ്ങൾക്കു് ദൂരദർശനശക്തി വളരെ വിരളമാണു്. പക്ഷെ അവരുടെ അന്തർനേത്രം ഇതരജീവികളുടേതിൽനിന്നു തുലോം ഭിന്നവും വികസ്വരവുമാകയാൽ ആ കുറവിനെ പരിഹരിക്കാൻവേണ്ടി അവർ ദൂരദർശിനികൾ കണ്ടുപിടിച്ചിരിക്കുന്നു. ദൂരദർശിനിയുടെ സഹായംമൂലം അവർ എന്തെല്ലാം സാധിച്ചിട്ടുണ്ടെന്നു വർണ്ണിക്കാൻ വിഷമമമാണു്.

പൂർണ്ണാന്ധ്യം വാസ്തവത്തിൽ ഭാഗ്യഹീനതയുടെ ഒരു ലക്ഷ്യമാണു്. എന്നാൽ അന്ധന്മാരുടെ അന്തർനേത്രം അത്യന്തം വികസ്വരമായിരിക്കും ചിരപരിചയംകൊണ്ടു ബാഹ്യനേത്രത്തിൻെറആവശ്യം മററുചില അവയവങ്ങൾ നിർവ്വഹിക്കുന്നു. സ്പർശം, ഘ്രാണം മുതലായവയാൽ അവർ ആ കുറവിനെ പരിഹരിക്കുന്നുണ്ടു്. അവക്കു മരത്തിൽകയറുന്നതിനൊ ചന്തയിൽ പോയി വ്യാപാരംചെയ്യുന്നതിനൊ ദുർഘടസരണികളെ തരണംചെയ്യുന്നതിനോ യാതൊരു വിഷമവുമുണ്ടാകുന്നില്ല അവർ മററുള്ളവരെക്കാൾ കൃത്യമായും ശ്രദ്ധയായും ആവക സംഗതികൾ നിർവഹിക്കുന്നു. യഥാർത്ഥം ഈവിധമൊക്കെയാണെങ്കിലും അവരുടെസ്ഥിതി പൊതുവെ ശോചനീയമാണെന്നുപറയാതെ നിവൃത്തിയില്ല.

അന്ധതയുടെ മറെറാരു വകഭേദമാണു വെള്ളെഴുത്തു്. കുറേപ്രായമാകുമ്പോൾ സാധാരണ മിക്ക ആളുകളെയും ബാധിക്കുന്ന ഇതിൻെറ പ്രധാനലക്ഷണം വർണ്ണാന്ധ്യമാണു്. പ്രാരംഭകാലത്തു രാത്രിയിൽ ചെറിയ അക്ഷരങ്ങൾ വായിക്കുവാൻ വിഷമംനേരിടുന്നു. ക്രമേണ ആ ഉപദ്രവം പകലും സംഭവിക്കുന്നതാണു്. ആരംഭകാലത്തു അക്ഷരങ്ങൾ ഒന്നാകെ ഇളകുന്നതുപോലെയോ പാളുന്നതുപോലെയോ ഒരു പ്രതീതിയാണുണ്ടാവുക. അതിനെ ഗണ്യമാക്കാതെ ക്ലേശിച്ചുപരിചയിക്കുന്നപക്ഷം കണ്ണാടിയുടെ ഉപയോഗംകൂടാതെ കഴിക്കാം. എന്നാൽ കണ്ണിനെ കഴിയുന്നിടത്തോളം ക്ലേശിപ്പിക്കാതിരിക്കണമെന്നാണു വൈദ്യന്മാരുടെപക്ഷം. ഇതു എങ്ങനെയുണ്ടാകുന്നു എന്നു ഖണ്ഡിതമായി പറയുന്നതിനു വൈദ്യശാസ്ത്രജ്ഞാനം ആവശ്യമാണു്. വെള്ളെഴുത്തിനെ തിമിരത്തിൻെറ ഒരു വകഭേദമായി ചിലർ ഗണിക്കാറുണ്ടു്. പുസ്തകങ്ങൾ അകററിപ്പിടിച്ചാൽ വായിക്കാൻ കഴിയുന്ന വെള്ളെഴുത്തിൻെറ ലക്ഷണം തിമിരത്തിനുമുള്ളതായി വൈദ്യശാസ്ത്രം പറയുന്നുണ്ടു്. തിമിരത്തിൻെറ ചില ലക്ഷണങ്ങൾ വെള്ളെഴുത്തിനുകൂടിയുള്ളതുകൊണ്ടായിരിക്കണം ചിലർ അതിനെ തിമിരത്തിൻെറ വകഭേദമായി ഗണിച്ചിരിക്കുന്നതു്.

മനുഷ്യശരീരം ത്രിദോഷസംയുതമാണു്. അവയിൽ ഏതെങ്കിലും ഒന്നോ അധികമോ കോപിയ്ക്കുമ്പോഴാണു നാം രോഗികളായിത്തീരുന്നതു്. രക്തക്കൊഴുപ്പുള്ളപ്പോൾ ഒരുത്തരേയും ഒരു രോഗവും ബാധിക്കാറില്ല. ശരീരത്തിൽ രക്തം കുറയുകയും ദുഷിക്കുകയും ചെയ്തുതുടങ്ങുമ്പോൾ രോഗങ്ങളും ഒന്നൊന്നായി നമ്മെ സമീപിക്കുന്നു. ശരീരായാസംമൂലമൊ മനഃക്ലേശംകൊണ്ടോ രക്തം ഉഷ്ണിച്ചു തലച്ചോറിനു ചൂടുപിടിക്കുന്നതുകൊണ്ടു വെള്ളെഴുത്തുണ്ടാകുന്നുഎന്നും ചിലക്കഭിപ്രായമുണ്ടു്. വെള്ളെഴുത്തിൻെറ കണക്കു "ദണ്ഡംമതി"എന്നാണു അതായതു ദണ്ഡത്തിൽ 38 വയസ്സിൽ—തുടങ്ങി മതിയിൽ —65 വയസ്സിൽ-അവസാനിക്കുമെന്നു സാരം. ഇതു സാമാന്യമായ ഒരു തത്വമെന്നേ പറവാൻ നിവൃത്തിയുള്ളൂ.

ആയുഷ്കാലത്തെ മൂന്നു ഘട്ടങ്ങളായി ഗണിക്കുന്നപക്ഷം അവയെ കഫം, പിത്തം, വാതം എന്നു മൂന്നായി വിഭജിക്കാവുന്നതാണു്. "വയോഹോരാത്രിഭുക്താം നാന്തേന്തമദ്ധ്യാദിഗക്രമാൽ" ഈ ന്യായപ്രകാരം ഏകദേശം "ദണ്ഡ"മെന്നുള്ള പ്രായംമുതൽ പിത്തദശയായി ഗണിക്കാവുന്നതും അതു് "മതി"എന്ന പ്രായത്തിൽ അവസാനിക്കുന്നുഎന്നു വിചാരിക്കാവുന്നതുമാകുന്നു പിത്തം തൈജസപ്രധാനമാണു്. തേജസ്സും വദ്ധകങ്ങളായ പദാർത്ഥങ്ങൾ പിത്തത്തെ സഹായിക്കുന്നു.

"അശ്മനോജനലോഹസ്യ
തതഏവ ചതീക്ഷ്ണതാ
ഉപഘാതോപിതേനൈവ
തഥാ നേത്രസ്യതേജസഃ."

തൈജസപ്രധാനമായ നേത്രത്തിനു് അതേഗുണത്തോടുകൂടിയ പിത്തദശയിൽ തേജസ്സ വർദ്ധിക്കുന്നു. തേജസ്സുവർദ്ധിച്ചാലുള്ള അനുഭവം കാഴ്ചക്കുറവാണു്. മിന്നൽപിണരുണ്ടാകുമ്പോൾ നമ്മുടെ കണ്ണു് "മഞ്ചുന്നു" കാരണം അതിരുകടന്ന പ്രകാശസ്ഫുരണംതന്നെ വെള്ളെഴുത്തുള്ളവക്കു അക്ഷരങ്ങൾ പാളുന്നു –ഇളകുന്നു– എന്നു തോന്നുന്നതു വാസ്തവത്തിൽ മഞ്ചുകതന്നെയാണു്. സ്വതേതൈജസമായുള്ള വസ്തുവിനു തേജസ്സ് വർദ്ധിക്കുന്നതുതന്നെയാണു് അതിനുള്ള കാരണവും. പിത്തദശ അവസാനിക്കുമ്പോൾ വെള്ളെഴുത്തിൻെറ ശക്തിയും കുറയുന്നു. പിത്തസ്വഭാവമുള്ളവക്കാണു വെള്ളെഴുത്തു വേഗം വ്യാപിക്കുന്നതു്. നമുക്കു കുറെ പ്രായമാകുന്നതോടുകൂടി മനോവ്യാപാരവും വിചാരമല്ല—ശരീരായാസവും കുറയുന്നതിനാൽ രക്തത്തിൻെറസ്ഥിതിക്കു മാററംവരുന്നതുകൊണ്ടോ തലച്ചോറിൽ വ്യാപിച്ചിരുന്ന ഉഷ്ണാവിൻ ലോപം ഭവിക്കുന്നതുകൊണ്ടോ ഉണ്ടാകുന്ന വ്യതിയാനവുംകൂടി മുമ്പറഞ്ഞതിനു പുറമെ ഒരു കാരണമായി ഗണിക്കാമെന്നു തോന്നുന്നു.

---


ഈ സ്റ്റോറിലേക്കുമാത്രം
രണ്ടു സ്വർണ്ണമെഡലുകൾകിട്ടിയിട്ടുള്ള

**ഒന്നാന്തരം കസവുവസ്ത്രങ്ങൾ.**

എല്ലാജനങ്ങൾക്കും പ്രത്യേകിച്ചു കച്ചവടക്കാക്കും അപേക്ഷാനുസരണം സകലവിധ നാടൻവസ്ത്രങ്ങളും മേൽത്തരം കസവിലും പഞ്ഞിയിലും പരിഷ്കൃതനിലയിൽ പ്രത്യേകം നെയ്തു വി. പി. അയയ്ക്കുന്നതുമാകുന്നു. സാധാരണ നടപ്പുള്ള എല്ലാനേര്യതുകൾ, ഉടുപ്പുമുണ്ടുകൾ, പലതരം തോർത്തുകൾ, ഷാലുകൾ മുതലായവ എപ്പോഴും തയാറുണ്ടു്. കസവു പരിശോധിച്ചു വാങ്ങുവിൻ.

ഇ. എസ്സ്. മാധവൻപിള്ള,
സ്വദേശിക്ലാത്തുസ്റ്റോർ, ഇരണിയൽ
നെയ്യൂർ P. O.
(തിരുവിതാംകൂർ)

# ചാണക്യാസ്തമനം.

ഡി. ശങ്കരയ്യർ ബി. എ. ബി. എൽ

(തുടർച്ച)

ബിന്ദു—നിങ്ങൾ അധികം താമസിയാതെ സ്നേഹത്തിൻെറ നിയമാധികാരത്തിന്ന തലവണങ്ങും. ഈ രാജ്യം വളരെ വിസ്തൃതമാക്കി മനുഷ്യനായിരുന്നുകൊണ്ടു നിങ്ങളുടെ തത്വമോ പ്രസംഗമോ കൂടാതെ ഞാൻ രാജ്യംഭരിക്കുന്നതു നിങ്ങൾക്കുതന്നെ കാണാം. അതു കണ്ടു സ്നേഹിക്കയോ പ്രലപിക്കുകയോ ആഹ്ളാദിക്കുകയോ ചെയ്തുകൊള്ളുക. നിങ്ങൾ പറയുന്നതെല്ലാം മിഥ്യാഭ്രുതമാണെന്നും നിങ്ങൾക്കു ബോദ്ധ്യമാകും.

(ചാണക്യൻ രാജകുമാരൻെറ അടുത്തു ചെന്നിരിക്കുന്നു)

ചാ—നിങ്ങൾ പറയുന്നതു്—

ബിന്ദു—നിങ്ങളുടെ തന്ത്രങ്ങൾ പഠിക്കാതെ വെറും മനുഷ്യനായിരുന്നു മനുഷ്യസഹജമായ രീതിയിൽ ഞാൻ രാജ്യഭാരംചെയ്യും. രാജ്യതന്ത്രമെന്നുപറഞ്ഞു വേശ്യയാക്കിത്തള്ളിയ ഇന്ദുലേഖ എൻെറ പട്ടമഹിഷയായിരിക്കയുംചെയ്യും. സത്യം വിജയിക്കും. എൻെറ ഓമനപ്പുത്രൻ ഒട്ടും കളങ്കമില്ലാത്ത എൻെറ സിംഹാസനം പ്രാപിക്കുന്നതും നിങ്ങൾ അത്രയുംനാൾ ജീവിച്ചിരുന്നാൽ കാണാം. ആ പുത്രനാണു് എൻെറ അനുരാഗത്തിൽനിന്നും ജനിച്ച പുഷ്പം.

ചാണക്യ—നിൻെറ അനുരാഗത്തിലെ പുഷ്പമോ! നിൻെറ മകൻ!! അവളുടെ രാജ്ഞീപദം. എന്നാൽ ഞാൻ പറയുന്നതു കേട്ടുകൊള്ളുക. വിരോധംകൊണ്ടോ വെറുപ്പുകൊണ്ടോ ആത്മാഭിമാനംകൊണ്ടോ ഞാൻ പറയുന്നതല്ല. നിന്നെ ബന്ധിക്കുന്ന സ്വാതന്ത്ര്യതയകററുവാൻ വേണ്ടി ഞാൻ പറയുന്നതാണിതു്. നിൻെറ മകനെപ്രസവിച്ച ഈ സ്ത്രീയെ നീ ആദ്യമായി കണ്ട സന്ദർഭം നീ ഓക്കുന്നുവോ.

ബിന്ദു—ഓക്കുന്നു. അവൾ അവിടെ വന്നുചേരാൻ കാരണഭൂതൻ ആരെന്നും എനിക്കറിയാം.

ചാ—ഞാൻ. അല്ലെ.

ബിന്ദു—അതെ. അതിന്ന നീ വ്യസനിക്കേണ്ടിവരും

ചാ—ഇപ്പോൾ നാം ശണ്ഠകൂടേണ്ടതില്ല. അതിന്ന സമയമുണ്ടു്. ഞാൻ അവളെ അവിടെ കൊണ്ടുവന്നതു എങ്ങനെയെന്നു നിനക്കറിയാമോ?

ബിന്ദു ഞാനറിയുന്നതെങ്ങനെ. അവൾ അതു പറയുകയില്ല. അതു ഊഹിപ്പാൻ എൻെറ ക്ഷുബ്ധമായ മനസ്സിന്ന ശക്തിയുമില്ല.

ചാ—അവൾ പറയാതിരിക്കുവാൻ കാരണമുണ്ടു്.

ബി—ഇനി ആ ദോഷാരോപണം എന്താണു്. കേൾക്കട്ടെ.

ചാ—ഞാൻ ആരെയും ദോഷാരോപണം ചെയ്യുന്നില്ല. അവൾ അന്നു ഇന്നത്തേക്കാൾ എത്രയോ കൂടുതൽ സൌന്ദര്യസമ്പത്തുള്ളവളായിരുന്നു. ഞങ്ങളുടെ സ്ത്രീകളിൽ ഏററവും ബുദ്ധിമതിയും അവളായിരുന്നു. അവളുടെ ഗാനമധുരിമ നൃത്തവൈദഗ്ദ്ധ്യം—അന്യാദൃശമായിരുന്നു. ഞങ്ങൾക്കു ചില രഹസ്യങ്ങൾ അറിയേണ്ടതുണ്ടായിരുന്നു. അവ അറിഞ്ഞിരുന്ന ഒരുവനെ കബളിപ്പിക്കുവാനായി ഞാൻ ഇവളെ വശത്താക്കി.

ബി—മതി, മതി നിങ്ങളുടെ പൈശാചികവൃത്തിയിൽനിന്നു ലഭിച്ച വിജയത്തിൽ അധികം ആഹ്ളാദിക്കണ്ട. ഇതെല്ലാം ഞാൻ അറിഞ്ഞു. സാധു, അവളെ വഴിതെററിച്ചു.

ചാ—നിങ്ങളുടെ ഊഹം ശരിയല്ല അവൾ സാധുവല്ലായിരുന്നു. അവൾക്കു വേണ്ടുവോളം പണമുണ്ടായിരുന്നു. ഞാൻ അവൾക്കു പണംകൊടുത്തു വശീകരിച്ചില്ല. എൻെറ ബ്രഹ്മചര്യം പണയപ്പെടുത്തി. അവൾക്കു എന്നിൽ ഉണ്ടായിരുന്ന ദൃഢാനുരാഗംനിമിത്തം അവൾ ആരാധിച്ചിരുന്ന എൻെറ ഭാര്യാപദമാണു് അവൾ ആവശ്യപ്പെട്ടതു്. നീ പറയുന്ന ഓമനസന്താനം എൻെറ ശിശുവാണു്. ഞാൻ ചെയ്തതു ശരിയല്ലായിരിക്കാം. എന്നാൽ അന്നു വേറെ ഗതിയില്ലായിരുന്നു.

(ബിന്ദുസാരൻ എഴുന്നേററു ചാണക്യൻെറ ഭുജങ്ങളെ ബന്ധിക്കുന്നു.)

ബി—ഈപറഞ്ഞതെല്ലാം കളവാണെന്നു നീ അഗ്നിസാക്ഷിയായി സത്യംചെയ്തുപറയണം. എൻെറ വാളിന്ന നിന്നെ ഭയമില്ല

ചാ—(ശാന്തനായി) രാജകുമാരാ! എന്നെ കൊല്ലാൻ സാധിക്കുകയില്ല. ഞാൻ പറഞ്ഞില്ലേ ഞാൻ ഒരു മനുഷ്യനല്ല. ഒരു തത്വമാണെന്നു. ഞാൻ പൊളിപറയുകയില്ല. എൻെറ ശത്രുവിനോടു പൊളിപറയും നിങ്ങൾ ശത്രുവുമല്ല ആ കുട്ടി എൻെറ മകനാണെന്നു ഞാൻ ധൈര്യമായി പറയുന്നു. ആലോചിച്ചുനോക്കൂ.

(ബിന്ദുസാരൻ തൻെറ സ്ഥാനത്തു വന്നു നിശ്ചഞ്ചലനായിരിക്കുന്നു.)

ചാ—രാജകുമാരാ! നേരം അധികമായി. സന്ധ്യയാകുന്നു. നിങ്ങളുടെ തീർച്ചയെന്തു്? ആ വൈദികൻ വരുംമുമ്പു എനിക്കു ഒന്നുകൂടി രാജാവിനെ കാണ്മാനുണ്ടു്.

[ഉത്തരമില്ല. നിശ്ശബ്ദം. ദൂരെനിന്നും ബാലികാബാലന്മാരുടെ ഒരുഗീതം കേൾക്കുന്നു.]

ചാ—ആ- അവിടെയും പ്രണയംതന്നെ യാഥാർത്ഥ്യമില്ലാത്തതിലാണു ജനങ്ങൾക്കു ഭ്രമം. ഈ മനുഷ്യൻ വിജ്ഞാനം തത്വം ഇവയെപ്പററി എന്നു പാടും. ഒരിക്കലുമില്ല. അങ്ങനെയാണു് അവൻെറ ബുദ്ധി ഭ്രമിച്ചുപോയിട്ടുള്ളതു്.

ബി—അതേ. സ്നേഹമാണു ഗീതത്തിന്ന ഏററവും അനുയോജ്യമായ വിഷയം. അങ്ങയുടെ 'തത്വം' മററാരുവനും രസിക്കുകയില്ല.

ചാണ—നിങ്ങൾ നിശ്ചയിച്ചുകഴിഞ്ഞുവോ?

ബി—കഴിഞ്ഞു.

ചാ—എന്താണു തീരുമാനം. മനസ്സിൻെറ വ്യഥാമോഹം തീൎന്നുവോ. അങ്ങു രാജപദത്തിന്ന യോഗ്യനായിത്തീൎന്നുവോ?

ബി—സ്വാത്ഥമായ ഒരു അസൂയയുണ്ടല്ലൊ. അതു നിശ്ശേഷം മാറിക്കഴിഞ്ഞു. രാജപദത്തിന്ന ഞാൻ വേണ്ട യോഗ്യതയുള്ളവനാണു്. എൻെറ മകനെപ്പററിയും അവളെപ്പററിയും എനിക്കുള്ള സ്നേഹത്തിന്ന അളവില്ല. അവൾക്കു സൌഖ്യം നൽകുന്നതിനും ഈ രാജ്യത്തിന്ന സത്യം ധൎമ്മം ഇവ നൽകുന്നതിനും സ്നേഹത്തിനെപ്പററി ചിന്തിപ്പാൻ ജനങ്ങൾക്കു സൌകര്യം നൽകുന്നതിനുമാണു എൻെറ തീരുമാനം വസ്തുസ്ഥിതികളെ എന്നെപ്പോലെ വീക്ഷണം ചെയ്വാൻ നിങ്ങൾക്കു സാദ്ധ്യമല്ലെങ്കിൽ നിങ്ങൾ ഇവിടെ നിൽക്കണമെന്നില്ല.

ചാ—അങ്ങനെയോ. അതുകേട്ടു പോകുന്നവനല്ലാ ഞാൻ. രാജകുമാരാ! ആ സ്ത്രീയെ കണ്ടു നിങ്ങളിൽനിന്നും അവളെ അകററുന്നതിന്ന ഞാൻ ശ്രമിക്കും എൻെറ ബാലനെ ഞാൻ ഏററുവാങ്ങും. ഇതെല്ലാം നിങ്ങളോടു പകവീട്ടുവാനോ എൻെറ സന്തോഷത്തിനോ അല്ല. ഈലോകത്തിൽഉള്ള എല്ലാത്തിനുംമീതെ ഞാൻ സ്നേഹിക്കുന്ന ഈ സാമ്രാജ്യത്തിന്നുവേണ്ടിയാണതു

ബി—നിങ്ങൾക്കു അതു സാധിച്ചില്ലെങ്കിലോ.

ചാ—ഒരു തത്വം ദുസ്സാധമെന്നുവന്നാൽ പിന്നെ അതു ലോകരംഗത്തിൽനിന്നു അസ്തമിക്കുന്നു.

ബി—ഈശ്വരാ! അങ്ങനെ സംഭവിക്കട്ടെ

ചാ—ഈശ്വരൻ! ഈ ത്ര്യക്ഷരിനിസ്സഹായികളുടെ നാക്കിൽ താനെ കടന്നുകൂടുന്നു ഈശ്വരൻ, സ്നേഹം, ധൎമ്മം, സത്യം ഈ വാക്കുകളോടു എനിക്കു വളരെ സഹതാപംതോന്നുന്നു- അവ യുക്തിയില്ലാത്ത മനുഷ്യമൃഗങ്ങളുടെ കഷ്ടതകൾക്കു പരിഹാരമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഒരു വ്യാജമൂൎത്തിമാത്രമാണു്. നിങ്ങൾക്കു ദുസ്സാധമായ കാര്യം "ഈശ്വരാ! നടക്കട്ടെ" എന്നു പറഞ്ഞതുകൊണ്ടു നിങ്ങളുടെ ശക്തിഹീനതയല്ലാതെ മറെറാന്നും തെളിയുന്നില്ല. എൻെറ രാജാവായിരിപ്പാൻ നിങ്ങൾക്കു യോഗ്യതയില്ല. ഇപ്പോൾ കഷണ്ടിത്തലയരായ വൈദികരെ തേടിഅലയുന്ന നിങ്ങളുടെ അച്ഛൻപോലും ഈശ്വരനെ വിളിച്ചു തൻെറ ദീനത്വം വിശദമാക്കിട്ടില്ല.

ബി—ഹേ സാധോ! നിങ്ങൾ വളരെ വഴിപിഴച്ചുപോയി. ഞാൻ എന്തുചെയ്യും.

ചാ—പിഴച്ചുപോയ വഴിയായാലും നിങ്ങൾ നിർദ്ദേശിക്കുന്നവഴിയല്ലല്ലൊ. ഞാൻ ഇന്ദുലേഖയെ കാണട്ടെ. എൻെറ പുത്രൻെറ മാതാവല്ലെ അവൾ. (പോകുന്നു.)

## V

[ഇന്ദുലേഖയുടെ മുറി. ചാണക്യൻ കസാലയിൽ കിടക്കുന്നു.. സന്ധ്യ. അവർ പരസ്പരം നോക്കിക്കൊണ്ടിരിക്കുന്നു ]

ചാ - അവനെ നീ സ്നേഹിക്കുന്നു. നിനക്കു അവനിൽ അനുരാഗമുണ്ട്. അല്ലെ.

ഇ— അതേ. എന്നു തീർത്തു പറയാം.

ചാ—എന്റെ ചുംബനങ്ങൾ കൊതിച്ചുകൊണ്ടിരുന്ന നീ എന്നിലും അനുരാഗമുണ്ടെന്നു അന്നു പറഞ്ഞിരുന്നുവല്ലൊ.

ഇ—അങ്ങേയ്ക്കു മനുഷ്യഹൃദയമുണ്ടെങ്കിൽ ആ കഥകൾ എന്നെ അനുസ്മരിപ്പിക്കരുത്.

ചാ—ഞാൻ പൌരുഷമുള്ള ഒരു മനുഷ്യനാണ്. എനിക്കു നിന്നോടു അനുരാഗമാണ്. അതിനാൽ നീ എന്നെ വിട്ടു പോകരുത്.

ഇ—ഈ അനുരാഗം എന്ന സാധുപദത്തിനെ അനൎത്ഥകുണ്ടിൽ ചാടിക്കരുത്. നിങ്ങളുടെ ഹൃദയത്തിൽ അതിനു സ്ഥാനമില്ല തല്ക്കാലം ഉണ്ടെങ്കിൽ അതു ഏതോ സാധുവിനെ വഞ്ചിപ്പാൻ മാത്രമാണ്.

ചാ— നീ വിശ്വസിക്കണം. ആ കഥകൾ പോകട്ടെ. നിന്നെയും മകനെയും അന്യത്ര കൊണ്ടുപോയി താമസിപ്പിക്കണമെന്നാണു എന്റെ ഉദ്ദേശം. ഇവിടെ അവനു സ്വൈരം ഉണ്ടാകയില്ല. നമ്മുടെ കുട്ടിയുടെ ക്ഷേമം പുലൎത്തുന്നതു നമ്മുടെ ചുമതലയല്ലെ

ഇ— നമ്മുടെ കുട്ടിയോ?

ചാ - വേണ്ട. എന്റെ കുട്ടി. എനിക്കു ഈ വയസ്സുകാലത്തു വിശ്രമംവേണം. രാജാവും നാടുവിട്ടുപോകുന്നു. എന്റെകൂടെ വരിക. നിനക്കു ദയവില്ലെ.

ഇ—ഈ രാജധാനി വിടുവാൻ നിങ്ങൾക്കു സാധിക്കുമോ.

ചാ—എനിക്കു സ്വൈരമായി ജീവിക്കണം. രാജാവു ആവശ്യപ്പെട്ടാൽ ഞാൻ വന്നുകൊള്ളാമല്ലൊ. നിനക്കു എന്നോടു കൂടി വരുവാൻ സമ്മതംതന്നെയോ!

ഇ—ഞാൻ സമ്മതിക്കുന്നതെങ്ങനെ? എനിക്കും രാജകുമാരനും പരസ്പരം ദിവ്യപ്രേമമാണുണ്ടായിട്ടുള്ളതു്. പ്രേമമാധുരിയാണു എനിക്കു ഇപ്പോൾ വേണ്ടതു് അങ്ങു വിവക്ഷിക്കുന്നതരത്തിലെ ബന്ധമല്ല. ഞാൻ വരികയില്ല. അങ്ങയെ വിശ്വസിച്ചു എന്റെ കുട്ടിയെ അയയ്ക്കുന്നതിൽപരം നല്ലതാണു അവനെ ഒരു ക്ഷുദ്രസൎപ്പത്തിനു ദാനംചെയ്യുന്നതു്.

ചാ—അവൻ നിന്റെ കുട്ടിയെന്നു പറയുന്നതു ശരിയല്ല. എനിക്കും അവകാശമില്ലെ. ഇതു രാജകുമാരൻ അറിഞ്ഞാൽ അവനോടുള്ള സ്നേഹം അന്നു തീരുകയില്ലെ.

ഇ—ഈശ്വരനറിയാം. ഞാൻ സത്യം രാജകുമാരനെ ധരിപ്പിച്ചാൽ അദ്ദേഹത്തിന്റെ മഹാമനസ്കതനിമിത്തം ബാലനോടുള്ള സ്നേഹത്തിനു ഒരു കുറവും ഉണ്ടാകയില്ല.

ചാ—ആ മഹാമനസ്കതയും ദിവ്യത്വവും എനിക്കുമുണ്ട്.

ഇ—ഇതു നിങ്ങൾ വഞ്ചിക്കുവാൻ നിശ്ചയിച്ചിട്ടുള്ള സാധുക്കളോടു പറയുക. ഒരു പക്ഷെ അവർ വിശ്വസിച്ചു എന്നു വരാം.

ചാ—പ്രിയേ! കേൾക്കുക. ഞാൻ സ്നേഹശൂന്യമായ ഹൃദയത്തോടെ രാജ്യകാൎയ്യനിരതനായിതന്നെ ഇതേവരെ കഴിഞ്ഞുകൂടി എന്നതു വാസ്തവം. നീ എന്നിൽ അന്നു അൎപ്പിച്ച പ്രേമത്തിനു എന്റെ ഹൃദയം വശീകൃതമായില്ലെന്നു നീ വിചാരിക്കരുതു്. നീയാണു എന്റെ പ്രേമസൎവ്വസ്വവും. നീയാണു എന്റെ ജീവൻ. നിന്റെ സൗന്ദൎയ്യവും എന്റെ ബുദ്ധിയുമുള്ള ഈ കുമാരൻ ലോകൈകപൂജ്യനായിത്തീരും.

ഇ-- നിങ്ങൾ മൎക്കടമുഷ്ടിപിടിച്ചാൽ എന്റെ മലിനജീവിതം രാജകുമാരനെ അറിയിച്ചു ഞാൻ സഹായം അഭ്യൎത്ഥിക്കും. അദ്ദേഹം എന്നെ സഹായിക്കുകയും ചെയ്യും. എന്റെ കുട്ടിയെ നിങ്ങൾ കൊണ്ടുപോകും മുൻപു ഞാൻ ഇതു സാധിക്കുമെന്നു ഉറപ്പു പറയുന്നു.

ചാ— നീ രാജകുമാരന്റെ ദയവുകൊണ്ടു വിജയം നേടുവാൻ ശ്രമിക്കുക. കാണട്ടെ. ഞാൻ രാജാവിന്റെ നീതിന്യായപരിപാലനത്തെ ആശ്രയിച്ചു എന്റെ ഉദ്ദേശം സാധിക്കുന്നുണ്ടു്.

ഇ—അതാണോ നീതിന്യായപരിപാലനം. നിങ്ങളുടെ നിയമവും നീതിയും. കഷ്ടം!

ചാ—ഞാൻ പോകുന്നു. സമയമില്ല. വൈദികവൎയ്യൻ വരുംമുമ്പു രാജാവിനെ കാണണമല്ലോ.

## VI

[ചന്ദ്രഗുപ്തന്റെ വിശ്രമഗൃഹം. ചന്ദ്രഗുപ്തനും ചാണക്യനും ഇരിക്കുന്നു.]

ചാ—എന്നാൽ എന്റെ നിബന്ധനകൾ ഇതാണ്. രാജകുമാരൻ സുഖാസക്തി വെടിയണം എന്നെ ഏതുകാൎയ്യത്തിലും അനുസരിക്കണം. അവനു രാജാവാകുവാൻ യോഗ്യതയുണ്ടാകുന്നതുവരെ അവൻ എന്റെ അധീനത്തിലായിരിക്കണം.

ചന്ദ്ര—വിഷ്ണുഗുപ്താ! അനുസരണശീലമാണു അവന്റെ പ്രധാനഗുണം. അതിനെന്താണ്.

ചാ—അതു മനോവികാരങ്ങളുടെ പ്രലോഭനങ്ങൾക്കുമാത്രമാണ്. അവന്റെ അനുസരണശീലം അത്രേയുള്ളു. മനുഷ്യസഹജമായ വികാരങ്ങൾ വിട്ടു അവൻ രാജാവാകണമെന്നാണു ഞാൻ പറഞ്ഞതു്.

ചന്ദ്ര—നാം അങ്ങനെയല്ലെ ഇതേവരെ അവനെ പഠിപ്പിച്ചതു്.

ചാ—ഗുരു പഠിപ്പിച്ചതു ശിഷ്യൻ പഠിച്ചിരിക്കണമെന്നില്ല. അവനു പഠിപ്പാൻ തക്ക മനസ്സില്ലെങ്കിൽ എന്തിനാണു പഠിപ്പിക്കുന്നതു്?

ചന്ദ്ര—നാം അവന്റെ മനോഭിലാഷത്തിനു വിപരീതമായി നിർബന്ധപൂൎവ്വം വിദ്യ അഭ്യസിപ്പിച്ചു എന്നാണോ അവന്റെ വിചാരം.

ചാ—അതേ. നാം നമ്മുടെ നീതിശാസ്ത്രങ്ങൾകൊണ്ടു അവന്റെ ബാല്യകാലം അവനു നഷ്ടപ്പെടുത്തിയെന്നാണു അവന്റെ ഇന്നത്തെ അഭിപ്രായം.

ചന്ദ്ര—കഷ്ടം! നിങ്ങൾ ഇപ്പോൾ ഇതു പറയുവാനുള്ള കാരണമെന്തു്?

ചാണ്യ:—ബിന്ദുസാരൻ ഒരു വേശ്യയിൽ അനുരക്തനാണ്. അവളുടെ പുത്രന്റെ പിതാവാണെന്നു അവൻ അഭിമാനപൂൎവ്വം പറയുന്നുണ്ട്. അവളും കുട്ടിയും കൊട്ടാരത്തിൽ തന്നെ താമസിക്കണമെന്നു രാജകുമാരൻ അഭിപ്രായപ്പെടുന്നു. അവളും സമ്മതിക്കുന്നു. വാസ്തവത്തിൽ ആ വേശ്യയ്ക്കു കുമാരബിന്ദുസാരനിൽ അനുരാഗമുണ്ട് എന്നും ഞാൻ അറിഞ്ഞിരിക്കുന്നു. അവർ അന്യോന്യം പിരിഞ്ഞാൽമാത്രമേ കുമാരൻ ചക്രവൎത്തിപദത്തിനു യോഗ്യനാകയുള്ളു.

ചന്ദ്ര: ഇന്ദുലേഖയോ.

ചാ:— അതേ.

ചന്ദ്ര: അവൾ അവന്റെ ഭാൎയ്യാപദം അർഹിക്കുന്നു. ബാലനേയും അവളെയും എനിക്കു സന്തോഷമാണ് എന്നാണ് പറഞ്ഞതു് ആ കുട്ടി,

ചാ—ബിന്ദുസാരന്റെ പുത്രനല്ല.

ചന്ദ്ര—എന്നാലും കുമാരനു കുട്ടിയെ തന്റെകൂടെ താമസിപ്പിക്കണമെന്നോ.

ചാ—അതേ

ചന്ദ്ര—ഇന്ദുലേഖയ്ക്കും അവനോടു വളരെ സ്നേഹമാണ്. അവരെ ഞാൻ ഒരിക്കൽ കണ്ടു. അവളുടെ നില എനിക്കു വളരെ കൌതുകം ഉളവാക്കി. അവളുടെ നയനശോഭ സായംസൂൎയ്യൻ കാർമേഘങ്ങളിൽ കൂടി നോക്കുന്നതിനെ അനുസ്മരിപ്പിച്ചു.

ചാണ—അവിടുന്നു കവിയായിത്തുടങ്ങിയോ?

ചന്ദ്ര എനിക്കു പ്രായമായി.

ചാ – അതേ. എനിക്കറിയാം.

ചന്ദ്ര— ഇപ്പോൾ എന്താണു വേണ്ടതു്.

ചാ—അവളുടെ കുട്ടിയേയുംകൊണ്ടു ഉടൻ ഇവിടംവിട്ടു പോകുവാൻ അവളെ ആജ്ഞാപിക്കണം.

ചന്ദ്ര - ഞാൻ എന്തുചെയ്യും. എന്റെ വീക്ഷണപഥത്തിൽ സംഗതികൾ അഭിനവരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു ഇതെല്ലാം എനിക്കു എന്തിന്.

ചാണ —എന്നോടു അനുതാപം വേണ്ട. ഭവാനുകഴിവില്ലെങ്കിൽ ഞാൻ നിൎവ്വഹിച്ചുകൊള്ളാം. അതിൽ യാതൊന്നിലും ഇടക്കുവന്നുകയറരുതു്.

ചന്ദ്ര—ഒരിക്കലുംഇല്ല. എന്നെക്കൊണ്ടു ഇനി ഒന്നും കഴിവില്ല.

ചാണ എന്തുകൊണ്ടാണതു്?

ചന്ദ്ര—ആ ശക്തി എന്നിൽനിന്നും അസ്തമിച്ചുപോയി. ഈ ലോകത്തിൽ സ്നേഹത്തിനുള്ള അനതിശയനീയമായ മാഹാത്മ്യം ഞാൻ അറിഞ്ഞുകഴിഞ്ഞു. അതിനോടു മല്ലിടുന്നതു പരാജയത്തിലേ പൎയ്യവസാനിക്കുകയുള്ളു.

ചാണ—ഇവിടെയും പ്രേമംതന്നെ. അതുമായിട്ടോ നിങ്ങളുമായിട്ടോ ഞാൻ തൎക്കിക്കുന്നില്ല സംഗതി വിശദമായി പറയാം. ആ കുട്ടി എന്റെ മകനാണ്.

ചന്ദ്ര —നിങ്ങളുടെ മകൻ!!!

ചാണ—അതേ. ഞാനാണു, ആ അതിമോഹനരൂപംകൊണ്ടു ഭവാനെയും ആകൎഷിച്ചിട്ടുള്ള കുട്ടിയുടെ അച്ഛൻ.

ചന്ദ്ര —എങ്ങനെ.

ചാണ—എന്റെ ദാസിയായിരുന്നു ഇന്ദുലേഖ. അമ്മയും മകനും എന്റേതാ

(ശേഷം പതിനെട്ടാംപേജിൽ )

# പാചകകല.

രണ്ടാംഭാഗം (തുടച്ച്)

എസ്. എ. പിള്ള, ചടയമംഗലം.

ഭാജികൾ. മഹാരാഷ്ട്രഭാഷയിൽ "ഭാജി" എന്ന വാക്കിന് കൂട്ടാൻ എന്നുമാത്രമാണ് അർത്ഥം എല്ലാവിധ സസ്യാദികളെക്കൊണ്ടും ഇതു് ഉണ്ടാക്കാവുന്നതാണ്. ദ്രാവിഡമലയാളരീതികളിൽ തേങ്ങാചേർത്തു വരുന്ന സ്ഥാനത്തു് ഇതിന്റെ യോഗം തുവരൻപരിപ്പാണ്. അതോടുകൂടി തിരുകിയെടുത്ത അല്പം തേങ്ങായും (അരയ്ക്കാതെ) കൂടി ചേർത്തുകൊള്ളണം. ഭാജികളെ അവയുടെ പാകരീതിഅനുസരിച്ചു രണ്ടായി ഭാഗിക്കാം.

(1) കഷണം ശരിയായി വേവിച്ചു് കടുകുവറുത്തു ചേർക്കുക.

(2) കടുകുവറുത്തശേഷം കഷണങ്ങൾ അതിൽഇട്ടു പാകത്തിനു വേവിക്കുക.

ഇങ്ങനെ ഇവയ്ക്കു കടുകുവറുപ്പിൽ ഉള്ള ഭേദഗതിയല്ലാതെ മററുതരത്തിൽ പാകത്തിനു വ്യത്യാസമൊന്നുംതന്നെയില്ല ഭാജികളുടെ പാകത്തിനു ഒന്നാമതായി ചെയ്യേണ്ടതു് തുവരൻപരിപ്പു് ശരിയായി വേവിച്ചിരിക്കണമെന്നതത്രെ. അതിനാൽ മുൻകൂട്ടിത്തന്നെ അതിലേക്കാവശ്യമുള്ള പരിപ്പു് ഒരടുപ്പിൽ പാകത്തിനു വെന്തുകിടക്കണം

(1) ഫോർണിച്സ്ഭാജി. വററൽമുളകു് ഉഴുന്നുപരിപ്പു്, കടുകു്, കരിവേപ്പില, ഇവ വെളിച്ചെണ്ണയിൽ ഇട്ടു കടുകവറുത്തു അതിൽ കഷണത്തിനു ഇതു ഏതെങ്കിലും ഒരു സാധനം മഞ്ഞളും പാകത്തിനു് ഉപ്പും അല്പം ശുദ്ധജലത്തിൽ കലക്കിവീഴ്ത്തി അതു വററി കഷണം വേവുമ്പോൾ വേവിച്ചുവച്ചിരിക്കുന്ന പരിപ്പു് (അതിൽ വെള്ളം ഉണ്ടെന്നു കാണുന്നതായാൽ പിഴിഞ്ഞുകളയേണ്ടതാണ്.) അതിൽതട്ടി തിരുകിയ തേങ്ങായും ചേർത്തു ഇളക്കി വാങ്ങിക്കൊള്ളണം. ഇതു ഏകദേശം ആകൃതിയിൽ തോരൻ, എന്നപോലെയിരിക്കുന്നു ഇതിൽ തുവരപ്പരിപ്പു് ചേർക്കാതെയും പാകംചെയ്യാവുന്നതാണ്. പക്ഷെ അതിനു ഭാജി എന്നു പറയാൻ തീരെ അന്തസ്സു മതിയാകയില്ല. വെറും ഒരുമെഴുക്കുപിരട്ടിയുടെ സ്ഥാനമെ അതിനു കല്പിക്കേണ്ടതുള്ളു. ഭാജിയുടെ ശ്ലാഘ്യത പരിപൂർണ്ണമാകുന്നതിനു തുവരൻപരിപ്പു് കൂടിയേതീരൂ. മിക്കവാറും ഉള്ള കന്ദവർഗ്ഗങ്ങളും നാളവർഗ്ഗങ്ങളും എല്ലാ ശാകവർഗ്ഗങ്ങളും ഇതിനു കഷണമാക്കാമെന്നുള്ള സ്ഥിതിക്കു് പാചകന്റെ യുക്തിക്കനുസരണമായി അനേകവിധം ഭാജികൾ ഉണ്ടാക്കിക്കൊള്ളാവുന്നതാണ്. ചീനിഅമരയ്ക്കാകൊണ്ടുണ്ടാക്കുന്ന ഭാജിക്കു് പരിപ്പു് നിഷിദ്ധമാണ്. പരിപ്പും ചീനിഅമരയ്ക്കയുംകൂടി ഭാജിക്കു് ചേർത്താൽ ശരിയായ സ്വാദുകിട്ടുകയില്ല. ഈ സംഗതി സദാ ഓർത്തിരിക്കാനുള്ളതത്രെ.

(2) ഗോളാഭാജി. ആത്തിക്കീരഒഴികെ ശേഷമുള്ള എല്ലാ കീരകളും ഇതിനു ഉപയോഗിക്കാം. കീരഇല ചെറുതായിഅരിഞ്ഞു് അതോടുകൂടി പുളിയുടെ ക്രമം അറിഞ്ഞു് മാങ്ങാതൊലിചെത്തി ചെറുതായി അരിഞ്ഞിട്ടു് അല്പം ഉലുവായുംചേർത്തു ശുദ്ധജലത്തിൽ വേവിച്ചു് അതിൽ അല്പം ജലം ബാക്കി ഉണ്ടായിരിക്കുമ്പോൾ കീര മത്തുകൊണ്ടു വൃത്തിയായി ഉടച്ചു് വീണ്ടും ജലമയം ഉള്ളതുകൂടി വററിച്ചു് തോരൻപോലെ കട്ടിയാക്കണം. കായംപൊരിച്ചു ചേർക്കുകയും, മുളകു് കടുകു്, ഉഴുന്നുപരിപ്പു്, കറിവേപ്പില ഇവ വെളിച്ചെണ്ണയിൽ മൂപ്പിച്ചു്, (കടുകുവറുത്തു,) ചേർക്കുകയും ചെയ്യണം. വളരെ നന്നായിരിക്കും.

(3) ചെറുപരിപ്പുകൊണ്ടുള്ള ഭാജി. ചെറുപരിപ്പും, കഷണവും (പടവലങ്ങാ, കുമ്പളങ്ങാ, മത്തങ്ങാ, കോഴിഅമരയ്ക്കാ, കീരത്തണ്ടു് — ഇവയിൽ ഏതെങ്കലും ഒന്നുമാത്രം) അല്പം ശുദ്ധജലംഒഴിച്ചു വേവിച്ചു പാകത്തിനു ഉപ്പും മഞ്ഞളുംചേർത്തു വററിച്ചു്-- മുളകും, ഉഴുന്നുപരിപ്പും, കടുകും, കറിവേപ്പിലയും കൂട്ടി വെളിച്ചെണ്ണയിൽ കടുകുവറുത്തു യോജിപ്പിച്ചുകൊള്ളണം. ഇതിനു ആദ്യം കടുകുവറുത്തുകൊണ്ടു കഷണവും പരിപ്പും അതിൽ ഇട്ടും പാകംചെയ്യാം. ഇതിനു തുവരൻപരിപ്പു് ആവശ്യമില്ലെന്നറിഞ്ഞിരിക്കേണ്ടതാകുന്നു.

### ഢാംഗർ.

പച്ച ഉഴുന്നുപരിപ്പു് തൊലിപോക്കി നേർമ്മയായി പൊടിച്ചു് ശുദ്ധവെള്ളനിറമായ പൊടി എടുക്കണം. ഇതു നല്ലതുപോലെ പുളിച്ച തൈരിൽ കുഴമ്പുപ്രായത്തിൽ കലക്കി യോജിപ്പിക്കണം. അതോടുകൂടി, ചെറുനാരങ്ങാനീരു, ഉപ്പു്, ചതയ്ക്കാതെ പച്ചജീരകം, അരിഞ്ഞിട്ടുള്ള പച്ചമുളകു്, പച്ചക്കായം, പച്ചക്കൊത്തമല്ലി, ഇവ യോജിപ്പിച്ചു് ശരിയായി ഇളക്കി, മുളകുവററൽ, കടുകു്, ഉഴുന്നുപരിപ്പു്, കരിവേപ്പില ഇവ വെളിച്ചെണ്ണയിൽകടുകുവറുത്തു് അതിൽവീഴ്ത്തിക്കൊള്ളണം. ഇതിനു് അഗ്നിസംബന്ധം (അടുപ്പിൽവച്ചു് ചൂടുപിടിപ്പിക്കാൻ) പാടില്ലാത്തതിനാൽ കടുകുവറുത്തു് പാകപ്പെടുത്തിവച്ചിരിക്കുന്ന കറിയിലേക്കു ഒഴിച്ചുകൊള്ളുകയേ ആകാവൂ.

ഇതിനു തൈരു് ഉപയോഗിക്കാതെ അതിനുപകരം പച്ചവെള്ളത്തിൽ ചെറുനാരങ്ങാനീരു് പിഴിഞ്ഞുചേർത്തു പാകപ്പെടുത്തിക്കൊള്ളാവുന്നതുമാണ്. രുചിക്കുമാത്രംഅല്പവ്യത്യാസമുണ്ടായിരിക്കും.

### മേത്ത്കൂട്ട്.

ഇതിനു മാവുതയാറാക്കുന്നവിഷയത്തിൽ അല്പം വൈഷമ്യംഉണ്ടു്. ശരിയായ ശ്രദ്ധയും സൂക്ഷ്മതയും വൃത്തിയും ഇക്കാര്യത്തിൽ ഉണ്ടായിരിക്കുകയുംവേണം. മാവിന്റെ പാകം പിഴച്ചാൽ മേത്ത്കൂട്ടിന്റെ സ്വാദുമുഴുവൻ നഷ്ടമായി അരുചിക്കു കാരണമായി ഭവിക്കുന്നുണ്ടു്.

ഇതിലേക്കുള്ള മാവു തയാറാക്കുന്നവിധം പച്ചക്കടലപ്പരിപ്പു്, തൊലികളഞ്ഞ പച്ച ഉഴുന്നുപരിപ്പു്, തോരൻപരിപ്പു്, ചെറുപരിപ്പു്, ഇവ തുല്യമായ അളവിൽ പ്രത്യേകം പ്രത്യേകം വറുത്തുകൊള്ളണം. കൂടാതെ ചുക്കു്, മഞ്ഞൾ, ജീരകം, കൊത്തമല്ലി, ഉലുവാ, കടുകു്, ഇവയും സമഅളവിൽ പ്രത്യേകം പ്രത്യേകം വറുക്കണം. ഇവയ്ക്കൊന്നിനും എണ്ണ പിരട്ടി വറുക്കരുതു്. മഞ്ഞളും ഉപ്പും അല്പം ചതച്ചുകൊണ്ടാൽ മതി. കടുകു ഒഴികെ ശിഷ്ടമുള്ളതെല്ലാം ഒന്നായിചേർത്തു തിരുകല്ലിൽ പൊടിച്ചുകൊള്ളാവുന്നതാണ്. കടുകു വെള്ളംതൊടാതെ വളരെ നേർമ്മയായി പൊടിക്കണം. ഇവ എല്ലാംകൂടി യോജിപ്പിച്ചു ശുദ്ധമായ ഒരു ഭരണിയിലൊ മൺപാത്രത്തിലൊ സൂക്ഷിച്ചാൽ അഞ്ചു്, ആറു്, ആഴ്ചവരെ യാതൊരു കേടും വരാതെ ശുദ്ധമായിരിക്കുന്നതാണ്. മേത്ത്കൂട്ട് ഉണ്ടാക്കണമെന്നു തോന്നുമ്പോഴെല്ലാം ആവശ്യാനുസരണമുള്ള പൊടി എടുത്തു ഉപയോഗിച്ചുകൊള്ളേണ്ടതാകുന്നു. പുളിച്ച തൈരൊ, അധികം പുളിയില്ലാത്ത തൈരൊ രണ്ടുമല്ലെങ്കിൽ ശുദ്ധമായ നല്ല പുളികലക്കി അരിച്ചവെള്ളത്തിലൊ മാവു കൊഴക്കെ കലക്കി പാകത്തിനു ഉപ്പുംചേർത്തു് അതിൽ കടുകും, മുളകും, കരിവേപ്പിലയുംകൂട്ടി വെളിച്ചെണ്ണയിൽ കടുകുവറുത്തു് (ഇതിനു അഗ്നിബന്ധം പാടില്ലാത്തതിനാൽ--കടുകുവറുത്തു് തയാറാക്കിവച്ചിരിക്കുന്ന കറിയിൽ പകുന്നു ഇളക്കി യോജിപ്പിച്ചുകൊള്ളണം) ചേർത്തുകൊള്ളണം. പുളിവെള്ളമാണുപയോഗിക്കുന്നതെങ്കിൽ അതോടുകൂടി അല്പം ശക്കരകൂടി ചേർത്തുകൊള്ളുന്നതു നന്നായിരിക്കും.

മഹാരാഷ്ട്രരീതിയിൽ കറികൾക്കു് ശക്കരചേർക്കുന്നവിധവും പരിമാണവും:—

മഹാരാഷ്ട്ര പാചകന്മാരുടെ അഭിപ്രായം "നെല്ലിക്കയോളം പുളിക്കു് ചുണ്ടയ്ക്കയോള ശക്കര" എന്നാകുന്നു. ഈ പരിമാണം ചില സന്ദർഭങ്ങളിൽ അല്പാല്പം ഭേദപ്പെടുത്തേണ്ടതായുംവരും ശക്കര കണക്കിൽ കൂടുതൽ ചേർക്കുന്നതു ഒരിക്കലും നല്ലതല്ല. ഏതായിരുന്നാലും ഇതിനു മുമ്പു് പ്രസ്താവിച്ചിട്ടുള്ളതുപോലെ ശക്കര ചേർക്കാവുന്ന കറികൾക്കു ചേർക്കുന്ന പുളിയുടെ അരയ്ക്കാൽ അംശം ശക്കര പാകത്തിനു ചേർത്തുകൊണ്ടാൽ അതിൽനിന്നും യാതൊരു ദൂഷ്യവും ഉണ്ടാകായില്ല എന്നറിഞ്ഞുകൊള്ളണം ക്ഷാരസാധനങ്ങളുടെ അതിവീര്യം കുറയ്ക്കുന്നതിനായിട്ടാണു പ്ര

---

## അഭിജ്ഞാനശാകുന്തളം.

സവ്യാഖ്യാനം.

കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിന്റെ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം. എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിന്റെ വ്യാഖ്യാനവും അടങ്ങിയതാണ്.

വില 1 രൂ.

ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം

ധാനമായി ശക്കര ഉപയോഗിക്കുന്നതു്. അതുകൂടാതെ ഒരു പ്രത്യേകരുചി വരുത്തുവാനും സാധിക്കുന്നതാണു്. ശക്കര കൂടിപ്പോയാൽ കൂട്ടാനു വ്യഞ്ജനങ്ങളുടെ ശരിയായ സ്വാദ് ഉണ്ടായിരിക്കയില്ല നല്ല പഴക്കവും കൈനിശ്ചയവുംഉള്ള നല്ല പാചകന്മാരെക്കൊണ്ടുമാത്രമെ കറികളിൽ ക്രമപ്രകാരമുള്ള ശക്കര ന്യായമായിചേത്തു കൂട്ടതൽ സ്വാദുനു-വയാക്കിതീക്കാൻ സാധിക്കയുള്ളൂ.

പൊടികൾ.

(1) ഉരുളക്കിഴങ്ങുപൊടി—ഉരുളക്കിഴങ്ങു് മുഴുവനെ പുഴുങ്ങണം. ആറിക്കഴിയുമ്പോൾ തൊലി ഉരിച്ചുകളഞ്ഞു കൈകൊണ്ടുടച്ചാൽ നല്ലതുപോലെ പൊടിയും. മുളകുവററലും, കടുകും, കായവും, കറിവേപ്പിലയും വെളിച്ചെണ്ണയിൽ വറുത്തു് നല്ല നേമ്മയാകാതെ (ഓരോ ഉഴുന്നുപരിപ്പും എട്ടുപത്തായി നുറുങ്ങിക്കിടക്കത്തക്കവണ്ണംമാത്രം) പൊടിക്കണം. ഈ പൊടിയോടുകൂടി, പൊടിച്ചു പാകമാക്കിവച്ചിരിക്കുന്ന ഉരുളക്കിഴങ്ങും പാകത്തിനു് ഉപ്പുപൊടിയുംചേത്തു കൈകൊണ്ടു ശരിയായി വിരകി യോജിപ്പിച്ചുകൊണ്ടാൽ സ്വാദും ഗുണവും കൂടുതലുള്ള ഉരുളക്കിഴങ്ങുപൊടിയായി. ഇതിനു പുളിരസം ആവശ്യമുണ്ടെങ്കിൽമാത്രം അല്പം ചെറുനാരങ്ങാനീരുകൂടി യോജിപ്പിച്ചുകൊള്ളാവുന്നതാണു്.

(2) വാഴയ്ക്കാപ്പൊടി— ഇതിനു പടററുകായോ, മൊന്തൻകായോ ഉപയോഗിക്കാം. തോലോടുകൂടി ചുട്ടോ, രണ്ടായി മുറിച്ചിട്ടു പുഴുങ്ങിയോ അധികം ആറുന്നതിനുമുമ്പായി തൊലിപോക്കി അരകല്ലിൽവച്ചു പൊടിച്ചുകൊള്ളണം. പിന്നീടു മുളകുവററലും, ഉഴുന്നുപരിപ്പും, കടുകും, കറിവേപ്പിലയും, കായവും വെളിച്ചെണ്ണയിൽ വറുത്തു് അധികം നേർമ്മയാകാതെ പൊടിച്ചു വാഴയ്ക്കാപ്പൊടിയോടുകൂടി ചേത്തു് പാകത്തിനു് ഉപ്പുപൊടിയും ഇട്ടു വിരകിയോജിപ്പിച്ചുകൊള്ളണം. ഇതു സ്വല്പം ജലമയത്തോടുകൂടി സാമാന്യം പൊടിഞ്ഞിരിക്കുകയേയുള്ളൂ. ഇതിനും ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം അല്പം ചെറുനാരങ്ങാനീരുകൂടി യോജിപ്പിച്ചുകൊള്ളേണ്ടതാണു്.

വറൺ.

(1) പരിപ്പുവറൺ—ഇതിനു തുവരപ്പരിപ്പു് കല്ലുപോക്കിയെടുത്തു ശുദ്ധജലത്തിൽ തട്ടി അല്പം മഞ്ഞളുംചേത്തു വേവിച്ചു പാകത്തിനുപ്പുംചേത്തു് ഇഷ്ടംപോലെ വററിച്ചു കട്ടിയാക്കിയൊ, കുഴമ്പുപരുവത്തിലോ വാങ്ങിക്കൊള്ളണം. ഭക്ഷണത്തിനു് ഇതും അല്പം നെയ്യുംചേത്തു പരിപ്പിന്റെ സ്ഥാനത്തു് ഉപയോഗിക്കാവുന്നതാണു്. വററിച്ചു കട്ടിയാക്കിയതാണെങ്കിൽ കാപ്പിക്കു ഒരു പലഹാരവുംകൂടി ആയിരിക്കുന്നതാണു്.

(2) അംബട്ടുവറൺ തുവരൻപരിപ്പു് കല്ലുപോക്കി ശുദ്ധജലത്തിൽ വേവിച്ചു ആറിയതിൽപിന്നീടു ചെറുനാരങ്ങാനീരിൽ ഉപ്പുകലക്കി ചേക്കുകയും, പച്ചമുളകും പച്ചക്കൊത്തമല്ലിയും അരിഞ്ഞുചേക്കുകയും ചെയ്തു ശരിയായി ഇളക്കണം. അതിനുശേഷം മുളകുവററലും, കടുകും, കറിവേപ്പിലയുംകൂടി വെളിച്ചെണ്ണയിൽ ഇട്ടു കടുകുവറുത്തു കായവും പൊരിച്ചുചേക്കണം. ഇതു കുഴമ്പുപരുവത്തിലല്ലാതെ കട്ടിയായിപ്പോകരുതു്.

(3) ചെറുപരിപ്പുകൊണ്ടുള്ള വറൺ—ചെറുപരിപ്പു ശുദ്ധജലത്തിൽ വേവിച്ചു പാകത്തിനു ഉപ്പുകലക്കിച്ചേത്തു പച്ചമുളകും പച്ചക്കൊത്തമല്ലിയും അരിഞ്ഞിട്ടിളക്കി, വററൽമുളകും, കറിവേപ്പിലയും, കടുകും, വെളിച്ചെണ്ണയിൽകൂട്ടി കടുകുവറുത്തു കായവും പൊരിച്ചുചേക്കണം ഇതു അല്പം കട്ടിയായിരിക്കണം ചെറുപരിപ്പെന്നു പറഞ്ഞിരിക്കുന്നതു്—ചെറുപയർ വറുത്തുടച്ചു എടുത്തിട്ടുള്ള പരിപ്പിനെയാകുന്നു. ഇതിൽ ചെറുനാരങ്ങാനീരു ചേക്കാൻപാടില്ല. അല്പം ഇഞ്ചിയും, നല്ലമുളകും ചതച്ചു് പരിപ്പിനോടു ചേത്തിട്ടു വേവിക്കുന്നപക്ഷം നെയ്ചേത്തു് അന്നത്തിന്റെ സ്ഥാനത്തു് ഭക്ഷിക്കുന്നതിനും ഉത്തമമാകുന്നു.

മഹാരാഷ്ട്രപാകപ്രകാരമുള്ള കറികൾ എണ്ണത്തിൽ വളരെയുണ്ടെങ്കിലും അവയെ മുഴുവൻ വിവരിക്കുന്നതിനു വിഷമംതന്നെ ഇവിടെ പ്രസ്താവിച്ചിട്ടുള്ള പാകരീതികളിൽനിന്നും അതുപോലെയുള്ള രീതികളിൽകൂടി പലതരം സസ്യങ്ങളും കിഴങ്ങുകളും ചേ ത്തു രുചിഭേദത്തോടുകൂടിയ അനേകം കൂട്ടുവാൻ നിർമ്മിച്ചു ഭക്ഷണത്തിൽ അത തൃപ്തി വരുത്തുന്നതിനു ഒരു യുക്തിമാനായ പാചകനു് നിഷ്പ്രയാസം സാധിക്കാവുന്നതാണല്ലോ.

(തുടരും)


# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah o Travancore.)

**CHAIRMAN:- K. C. PANDALA B. Sc. (LOND.)**

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 - 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches: Trivandrum, Changanacherry, Cochin and Quilon.**

**Sub-Offices: Ernakulam, Kayamkulam and Kottayam.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

**C. KRISHNA MENON M.A.**
MANAGER ALLEPPEY.

or to the

CHAIRMAN
COLLEGE BUILDINGS
ESPLANADE, MADRAS

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേർന്നതിന് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലൻെറ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവർണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ കുമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവ്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരത്ഥിണി മുഴക്കാലിക്കോബയൻറ് | 1 | 0 | 0 |
| സാധാരണബയൻറ്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണായപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടലാസ്സ്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതികാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാര്യർ. | 0 | 4 | 0 |
| ഗുരുനാനാക്ക്. | 0 | 4 | 0 |
| ലാലാലജപതറായി. | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡ്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡ് അഥവാ സാർവ്വഭൗമനായിത്തീർന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ.

| | ക. | ണ. | സ. |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർപപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കറ്റുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം സാരാർത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---


ശ്രീരാമവിലാസം പ്രസ്സിനോട് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

**ഫൈൻ ആർട്ട്സ് സ്റ്റുഡിയോവിൽ**

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവർണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ പരിഷ്കൃതരീതിയിൽ കൃത്യസമയത്ത് കുറഞ്ഞ റേറ്റിൽ ചെയ്തുകൊടുക്കുന്നതാണ്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

**ബ്ളാക്കുനിർമ്മാണശാല ഇതുമാത്രം.**

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്റ്റുഡിയോ—കൊല്ലം

# THE MALAYALA RAJYAM

21st JAN. 1935. **CHITRAVARIKA.** Vol. VII No 20




## ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

അനവധി സർട്ടിഫിക്കറ്റുകൾ ലഭിച്ച

ആരോഗ്യസുധ എന്ന

## കാമബാണരസായനം



രക്തശുദ്ധിക്കും ശുക്ലവർദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മറ്റെല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചൂടിൽ, അസ്ഥിയുരുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിനു മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലർന്നുപോകുക, ഉഷ്ണപ്പുണ്ണു മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന് ഓജസ്സും തേജസ്സും നൽകി, കോമളസൌകുമാര്യത്തെ പ്രദാനം ചെയ്യുന്നതിന് ഇത്ര ശക്തിയുള്ള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുകുഴിഞ്ഞു, കവിളൊട്ടി, തോൾ ഇടിഞ്ഞുതാണ് കയ്യും കാലും മെലിഞ്ഞു, വിളറിവെളുത്ത് എല്ലുംതോലുമായി, വിളവുകൾക്ക കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിൻെറ ദുർഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിൻെറ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുള്ള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തൻെറ സമപ്രായക്കാരും ഒരിക്കൽ തന്നോടൊപ്പം എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോട് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൧ രൂപാ വിലയുള്ള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുള്ള ടിൻ ഒന്നുക്കു

വില രൂപാ 2.

(അഞ്ചൽകൂലി പുറമെ.)

## പിത്തകുലാന്തകൻ.

പിത്തരോഗികൾക്ക് ഒരു വലിയ

അനുഗ്രഹം.



അതിദാഹം, ശരീരത്തിൻെറ മഞ്ഞളിപ്പ്, ദേഹം എല്ലായ്പോഴും വിയർക്കുക, ശരീരത്തിനു ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽനിന്നും പുളിപ്പും കൈപ്പും ഉള്ള വെള്ളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണ്. കണ്ണിൻെറ മലക്കം, ഹൃദയത്തിൻെറ അസ്വാസ്ഥ്യം, ശരീരത്തിൻെറ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിനു തളച്ച ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക, ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പ്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണ്.

30 നേരം സേവിക്കാനുള്ള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു

വില രൂപാ 2.

## ഗുൽഗുലുതിക്തകഘൃതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചതും മാംസം, ത്വക്ക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുള്ളിലുണ്ടാകുന്നതായ നാളീവ്രണം, അർബുദം ഭഗന്ദരം, ഗണ്ഡമാല, പാദചക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിനു മുകളിലുണ്ടാകുന്ന രക്തദുഷ്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അർശസ്സ്, ശ്വാസംമുട്ട്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശ് (തപാലിൽ ൧ ണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.


Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.